

**അഹമ്മദാബാദിലെ സീറോമലബാർ സഭാംഗങ്ങൾ നടത്തിയ ധീരമായ പ്രതിരോധത്തിന്റെ നാൾവഴി**



കേരളകത്തോലിക്കാ സഭയെ സംബന്ധിച്ചിടത്തോളം നിർണ്ണായകമായ ചരിത്രസംഭവങ്ങളാണ് അഹമ്മദാബാദിൽ അടുത്തകാലത്ത് അരങ്ങേറിയത്. അതിന്റെ പ്രാധാന്യമെന്തെന്നു ചോദിച്ചാൽ സഭയുടെ തുടർന്നുള്ള വളർച്ചയിൽ അഹമ്മദാബാദിലെ പ്രതിരോധം മോഡലായി മാറുമെന്നതാണ്. സീറോമലബാർസഭ സ്വന്തം പിതൃസഭയാണെങ്കിലും മൂല്യച്യുതിയിൽപ്പെട്ടു തരിപ്പണമായ അതിന്റെ കടന്നുകയറ്റം കരിസ്മാറ്റിക്കുകാരാൽ മസ്തിഷ്ക പ്രശ്ചാളനം നടത്തപ്പെട്ട ഭക്തിഭ്രാന്തന്മാർക്കൊഴിച്ച് മറ്റാർക്കും ഇഷ്ടപ്പെടുന്നുണ്ടായിരുന്നില്ല. എന്തും

ചെയ്യാൻ മടിക്കാത്ത, സർവ്വസ്വാധീനവും വേണ്ടതിലേറെ സമ്പത്തുമുള്ള സഭയോടു പൊരുതാൻ ചെറിയ സമൂഹമായിട്ടായിരുന്നാലും എളുപ്പമല്ലെന്ന് എല്ലാവർക്കും അറിയാവുന്നതേയുണ്ടായിരുന്നുള്ളു. എങ്കിലും, സോഷ്യൽ മീഡിയായുടെ വരവ് സഭയുടെ ശക്തിയെ ചോർത്തുന്നത് ആർക്കും കാണാവുന്നതുമെ ഉണ്ടായിരുന്നുള്ളു താനും.

ഇന്നത്തെ കേരള കത്തോലിക്കരുടെ സ്വന്തം സീറോമലബാർ സഭയെന്ന ഭീമന്റെ അവസ്ഥ ദയനീയമാണ്. അറ്റലാന്റിക് സമുദ്രത്തിന്റെ ആഴങ്ങളിലേക്ക് സാവധാനം അമർന്നുപോയ ലോകത്തിലെ ഏറ്റവും വലിയ ഉല്ലാസക്കപ്പലായിരുന്ന ടൈറ്റാനിക്കിന്റ അതെ സ്ഥിതി.  വിശ്വസിച്ചാലും ഇല്ലെങ്കിലും അതു വീഴും - അത്രമേൽ ദൈവകോപത്തിനത് അർഹയായിക്കഴിഞ്ഞു. റോമൻ കത്തോലിക്കാസഭക്ക് കീഴിലുള്ള സ്വയം ഭരണാവകാശമുള്ള സഭയായിരുന്നത്. അടുത്തകാലത്ത് ഉള്ളിൽ നടന്ന പോരിനു പരിഹാരമുണ്ടാവാൻ റോമിനതു തിരിച്ചെടുക്കേണ്ടിവന്നു. അഹങ്കാരത്തോടെ വിദേശങ്ങളിലേക്കതു കടന്നു കയറിയപ്പോൾ തലകുനിക്കാതെ പ്രവാസികൾക്കും സ്വദേശവാസികൾക്കും നിവർത്തിയുണ്ടായിരുന്നില്ല. ചെന്നൈ 30 വർഷം പ്രതിരോധിച്ചു;  മുംബൈയിലും ഡൽഹിയിലുമൊക്കെ നഗരങ്ങൾക്ക് പുറത്ത് രൂപതയുണ്ടാക്കി അവർ നഗരവാസികളെ വിഴുങ്ങി. ഡൽഹിക്കാർക്ക് ഒരു കാര്യം മനസ്സിലായിരുന്നു, കാനോനിൽ പ്രവാസികൾക്ക് ലത്തീൻ റീത്തിൽ തന്നെ തുടരാൻ ഒരു ചെറിയ വ്യവസ്ഥയുണ്ട്. അവരതു പറഞ്ഞു; പക്ഷേ, ഫരീദാബാദ് രൂപത അത്തരമൊരു വ്യവസ്ഥ അറിയുന്നതായി സമ്മതിച്ചില്ല. അവർ ഒന്നടങ്കം വത്തിക്കാനു പരാതി അയച്ചു. അവരുടെ ആവശ്യം അംഗീകരിച്ചു കൊണ്ട് മറുപടിയും വന്നു. ഡൽഹിയിലെ സമരം ശാന്തമായിരുന്നു, അതവസാനിച്ചതും ശാന്തമായിട്ടായിരുന്നു.

സഭയുടെ പ്രവാസീരൂപതകൾക്കു മുഴുവൻ എതിർപ്പുകൾ നേരിടേണ്ടിവന്നുവെങ്കിലും, എല്ലായിടത്തും ഇടിച്ചുകയറാൻ അവർക്കു കഴിഞ്ഞു. ഒരു കാരണം, ആവശ്യത്തിൽ കൂടുതൽ വൈദികർ സഭയിലുണ്ടായിരുന്നുവെന്നതാണ്. വാക്സാമർത്ഥ്യമുള്ളവരെല്ലാം കരിസ്മാറ്റിക്കുകാരായി, അധികാരമോഹികൾ പ്രസ്ഥാനങ്ങളുടെ അമരക്കാരൻമാരായി; ധനമോഹികൾ പള്ളിപണിക്കാരും പേരെടുത്ത പിരിവുകാരുമായി; മിക്കവരും തന്നെ കുമ്പസ്സാരക്കൂടുകളെ ദുരുപയോഗം ചെയ്തുവെന്ന് സംശയിക്കുകയും ചെയ്യുന്നു. നാട്ടിൽ വൈദികർക്കെതിരെ ഉയർന്നുവന്ന മിക്ക ലൈംഗികാതിക്രമക്കേസുകളിലും, ഇരയുമായൊരു കുമ്പസ്സാര

ബന്ധം ശ്രദ്ധിച്ചവർക്കു കാണാവുന്നതേയുണ്ടായിരുന്നുള്ളു. എനിക്കു നീതികിട്ടിയെന്നു പറയുന്ന ഒരൊറ്റ അത്മായനെപ്പോലും കാണാനില്ലാത്ത അവസ്ഥയിലേക്ക് സഭയിലെ കാര്യങ്ങൾ നീങ്ങി - അതാരും പരിഗണിച്ചുമില്ല, ഇനി പരിഗണിച്ചിട്ട് കാര്യവുമില്ല.

സഭ വളർന്നു, ഒപ്പം മിക്ക അഭിഷിക്തരും വളർന്നുകൊണ്ടിരുന്നു. മോഷണം കോടികളിലേക്കു കടന്നു, കൊരട്ടിമുത്തിയുടെ പ്രസിദ്ധമായ തീർത്ഥാടനകേന്ദ്രത്തിൽ നിന്ന് ഒരൊറ്റ വൈദികൻ അടിച്ചു മാറ്റിയത് ആറുകോടിയിലേറെ രൂപായാണെന്നാണ് ഇടവകാംഗങ്ങൾ ആരോപിച്ചത്. ചങ്ങനാശ്ശേരിയിലെ നീതിനിഷ്ടർ പാവപ്പെട്ട കുട്ടനാട്കർഷകരെ രക്ഷിക്കാൻ രൂപീകരിച്ച കുട്ടനാടു വികസനസമിതിയുടെ ചെയർമാൻ അടിച്ചു മാറ്റിയത് 150 കോടിയാണെന്നാണ് ആരോപണം. ഇത്രയും പണം ഒരു ളോഹയുടെ പോക്കറ്റിൽ ഒതുങ്ങുകയില്ലെന്ന് ആർക്കാണറിയാത്തത്?

യേശുവിന്റെ മാർഗ്ഗത്തിൽ ചരിക്കുന്ന വളരെ ചുരുക്കം വൈദികരെ അവശേഷിക്കുന്നുള്ളൂയിപ്പോൾ. സർക്കാർ കഴിഞ്ഞാൽ രണ്ടാമത്തെ വലിയ സാമ്പത്തിക സ്ഥാപനമായി സീറോമലബാർസഭ. എങ്കിലും, മുഴുവൻ സീറോ മലബാർ രൂപതകളും തന്നെ കടത്തിലാണ് അതിനൊരർത്ഥമേയുള്ളൂ - സർവ്വവും നിയന്ത്രിക്കുന്നവരുടെ കെടുകാര്യസ്ഥത! ക്രിയാത്മകമായി എന്തെങ്കിലും ചെയ്യണമെങ്കിൽ അത് ഊർജ്ജസ്വലമായ പ്രായത്തിൽ വേണം. യേശുവും യുവാവായിരുന്നു, ലോകത്ത് മാറ്റം ഉറപ്പുവരുത്തിയ ബഹുഭൂരിപക്ഷവും യുവാക്കളായിരുന്നു. പരിണിതപ്രജ്ഞരായ ഒരു വൃദ്ധനിര ഈ സഭയുടെ ഒരു ശാപമായി ഇന്നും തുടരുന്നു. ഈ സഭയെ രാജ്യത്തെ ഏറ്റവും വലിയ കോർപ്പറേറ്റ് സ്ഥാപനമായി മാറ്റാനെ അവർക്കു കഴിഞ്ഞുള്ളു, കഴിയുകയുമുള്ളൂ.

സഭയിലെ സ്ഥാപനങ്ങളുടെ ആസ്തി മാത്രം 3 ലക്ഷം കോടിക്കു മേലാണിപ്പോൾ; കീഴിലുള്ളത് പതിനൊന്നായിരത്തോളം സ്ഥാപനങ്ങളാണ്. അതിശയോക്തിയെന്ന് തോന്നുന്നെങ്കിൽ ഈ കണക്കു കൂടി കേൾക്കുക: നാലു വിശുദ്ധന്മാർ (തോമ്മാശ്ളീഹാ അടക്കം), ധന്യരും, വാഴ്ത്തപ്പെട്ടവരും ദൈവദാസന്മാരുമായി 17 പേർ, സഹനദാസനായി ഒരാൾ (ഫാ. ബനഡിക്റ്റ് ഓണംകുളം), പിന്നെ 9000 ത്തോളം വൈദികരും, 37000 ത്തോളം സന്യാസിനികളുമടക്കം 50 ലക്ഷം അംഗങ്ങൾ. 35 രൂപതകൾ, 3763 പള്ളികൾ, 71 സെമിനാരികൾ, 4860 വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികളും ആതുരാലയങ്ങളും 2614, സന്യാസ സമൂഹങ്ങൾ 77; മൊത്തം സ്ഥാപനങ്ങളുടെ എണ്ണം 11,000. ഇതിൽ ഒരു പ്രബല

സന്യാസസമൂഹമായ സിഎംഐ സഭയുടെ കീഴിൽ മാത്രമുണ്ട് 1514 സ്ഥാപനങ്ങൾ.

ആഗോള കത്തോലിക്കാ സഭയിൽ സ്ഥാപനങ്ങളുടെ എണ്ണം കൊണ്ടും, ആസ്തി കൊണ്ടും, ലോകരാജ്യങ്ങളിലെ സാന്നിധ്യം കൊണ്ടും മുൻപന്തിയിലാണ് സീറോ മലബാർ സഭ. സഭയുടെ ആസ്തി ഇതുവരെ ഔദ്യോഗികമായി തിട്ടപ്പെടുത്തുകയോ, പ്രസിദ്ധപ്പെടുത്തുകയോ ചെയ്തിട്ടില്ല. അംഗങ്ങൾ മുഴുവൻ മലയാളികൾ; സഭയുടെ ഭരണ നിർവഹണം മുഴുവൻ നടത്തുന്നതും മലയാളികൾ തന്നെ. രാജ്യത്തിനകത്തും പുറത്തും വിവിധ നഗരങ്ങൾ കേന്ദ്രീകരിച്ചുള്ള സഭാവക  ഭൂമിയുടെ വിപണി മൂല്യം പോലും ശതകോടികൾ വരും. എല്ലാം ഓഡിററിംഗിന് പുറത്താണ്. എറണാകുളം അതിരൂപതയിലെ ഭൂമി ഇടപാട് ചർച്ചകളിൽ നിറഞ്ഞ സാഹചര്യത്തിലാണ് സീറോ മലബാർ സഭയുടെ ആസ്തി ചർച്ചയാകുന്നത്. വിശ്വാസം എന്നത് ദൈവവിശ്വാസമോ വിശ്വാസികളുടെ ഉന്നമനമോ അല്ലാതായി; എല്ലാം പുരോഗിത വർഗ്ഗത്തിന്റെ സമാന്തര ഭരണമായി ചുരുങ്ങി. അതിനു ഫലവും കണ്ടു; ക്രിസ്ത്യാനികളുടെ ഇന്ത്യയിലെ എണ്ണം 2. 5 ൽ നിന്നും 2. 3 ആയിട്ട് കുറഞ്ഞു - 2011 ലെ സെൻസസ് പ്രകാരം. അതിപ്പോഴും കുറഞ്ഞുകൊണ്ടുമിരിക്കുന്നു. ഉള്ള 2.3 ലെ സീറോ മലബാർ വിഭാഗക്കണക്കെടുത്താൽ നാലൊന്നുപോലും വിശ്വാസമുള്ളവരായി കാണില്ല.

അഹമ്മദാബാദിലെ മലയാളികൾ അതാത് സ്ഥലങ്ങളിലുള്ള ലത്തീൻ റീത്തിലെ ഇടവകകളിൽ അംഗമായി ശാന്തമായും സമാധാനത്തോടെയും ജീവിച്ചു പോന്നു. അശനിപാതം പോലെയായിരുന്നു ഷംഷാബാദ് രൂപതയുടെ വരവ്. അപകടം മണത്തിരുന്നെങ്കിലും ആദ്യമൊന്നും അഹമ്മദാബാദിലെ വിശ്വാസികൾ പ്രതികരിച്ചില്ല, കാരണം സീറോമലബാർ വിശ്വാസികൾക്കു മാത്രമായി ഒരു സംഘടനയവിടെ ഉണ്ടായിരുന്നില്ല. പക്ഷേ, രൂപത വന്നുവെന്നറിഞ്ഞപ്പോഴെ രൂപതാ പാസ്റ്ററൽ സെക്രട്ടറിയായി ഒരാൾ രംഗത്തിറങ്ങി ഏകപക്ഷിയമായി ചില പദ്ധതികളും ആസൂത്രണം ചെയ്തുവെന്ന് മനസ്സിലാക്കുന്നു. പെട്ടെന്നു കളം ചൂടാകാൻ ഈ ഉപജാപക സംഘത്തിന്റെ ആവിർഭാവം കാരണമായി; മറ്റു പള്ളികളിലും ഏതാനുംപേർ കാര്യങ്ങൾ നിയന്ത്രിച്ചു തുടങ്ങിയിരുന്നു. നഗരത്തിലെ എല്ലാ സ്ഥലങ്ങളിലും ലത്തീൻ പള്ളികൾക്കു സമാന്തരമായി പള്ളികൾ പണിയാനും അതാരുടെയൊക്കെ പേരിൽ വേണമെന്നും ഇവർ നിശ്ചയിച്ചുറച്ചു. വിശ്വാസികളെയിടയിലേക്ക് മാതൃവേദി, വാർഡ് മീറ്റിംഗ് .... ദിവസം മുഴുവനും ചെയ്തുകൊണ്ടിരിക്കാനുള്ള പ്രാർത്ഥനാ സംസ്കാരവുമായി, ഇറക്കുമതി ചെയ്യപ്പെട്ട വൈദികരും കന്യാസ്ത്രികളുമെത്തി (ഏൽപ്പിച്ചു കൊടുക്കുന്നത്ര

കൊന്തചൊല്ലിയാൽ മറ്റൊന്നിനും ആർക്കും സമയം കിട്ടില്ലല്ലോ). ഇതിനോടിടക്കു മാതൃവേദി ചിട്ടിയും തുടങ്ങി - നിയമാവലിപ്രകാരം ഉത്തരവാദിയുമില്ല, ഓഫീസുമില്ല ബന്ധപ്പെടാൻ ആളുമില്ല. ഇത്രയുമൊക്കെയായത് SMC4U വിനു തുടക്കം കുറിക്കാൻ എളുപ്പമായി. SMC4Uവിനെ ഷംഷാബാദ് രൂപത നേരിട്ടത് നിരവധി വൈദികരെ പല രൂപതകളിൽനിന്നായി അഹമ്മദാബാദിൽ ഇറക്കിയാണ്. നഗരത്തിലെ ഓരോ മുക്കും മൂലയും അവർ അരിച്ചു പെറുക്കി മാനസാന്തരം പ്രവർത്തികൾ നടത്തി. പക്ഷേ, SMC4U സഭാ വിരുദ്ധരാണെന്നും കത്തോലിക്കർക്ക് ഒരു സ്വതന്ത്ര സമ്മേളനം കൂടണമെങ്കിൽ മെത്രാന്റെ അനുവാദം വേണമെന്നുമുള്ള തട്ടിൽ മെത്രാന്റെ ഇടയലേഖനവും സിഞ്ചെല്ലൂസച്ചന്റെ വാട്സാപ്പ് ലേഖനവും അക്ഷരാർത്ഥത്തിൽ അഹമ്മദാബാദ് പുശ്ച്ചിച്ചു തള്ളി. അവരൊരിക്കലും ഇതു പ്രതീക്ഷിച്ചില്ല.

സുഹൃത്തായ പാലാ മെത്രാനോടോപ്പം തട്ടിൽപ്പിതാവ് അഹമ്മദാബാദ് മെത്രാനുമായി കൂടിക്കണ്ടെങ്കിലും ചർച്ച പരാജയപ്പെട്ടു. ഇതിനോടകം SMC4U ട്രസ്റ്റായി രജിസ്റ്റർ ചെയ്തു, ആദ്യത്തെ ദേവാലയ ദുരുപയോഗക്കേസ് ശ്രീ അഡ്വ. പി റ്റി ചാക്കൊക്കും, സിഞ്ചെല്ലൂസച്ചനും എതിരായി നടത്തുന്നതിലേക്കുള്ള നടപടി ക്രമങ്ങളും തുടങ്ങി തട്ടിൽപ്പിതാവ് ഒരിക്കൽ സമ്മതിച്ച അനുരഞ്ജനത്തിൽ നിന്നു പിന്മാറിയപ്പോൾ തന്നെ SMC4U വത്തിക്കാനുള്ള പരാതിയും അയച്ചിരുന്നു. അഹമ്മദാബാദിലെ സംഭവ വികാസങ്ങൾ അവർ അപ്ഡേറ്റ് ചെയ്തുകൊണ്ടുമിരിക്കുന്നു. അഹമ്മദാബാദിലെ സമരത്തിന്റെ നാൾവഴി അറിയേണ്ടവർക്കായി, SMC4Uന്റെ ഫെയിസ് ബുക്ക് പേജിൽ ഞാനെഴുതിയ ലേഖനങ്ങൾ സമാഹരിച്ചുണ്ടാക്കിയതാണ് ഈ പി ഡി എഫ് ഫയൽ. http://almayasabdam.com/journals/

ജോസഫ് മറ്റപ്പള്ളി

**ഷംഷാബാദിൽ സംഭവിച്ചത്**

(സത്യജ്വാലയുടെ മെയ് 2018 ൽ പ്രസിദ്ധീകരിച്ച ലേഖനം)

ഷംഷാബാദ് രൂപത സ്ഥാപിക്കപ്പെട്ടപ്പോൾമുതൽ ഉയർന്നതാണ് അഹമ്മദാബാദിൽ തൽസ്ഥിതി നിലനിർത്തണമെന്നുള്ള അവിടുത്തെ സീറോമലബാർ കത്തോലിക്കരുടെ ആവശ്യവും. ഫരീദാബാദ് രൂപതയിൽ നിന്നും വിടുതലാവശ്യപ്പെട്ട ഡൽഹിക്കാർക്ക് ഈ ആവശ്യം അംഗീകരിച്ചുകൊണ്ടുള്ള മാർപ്പാപ്പായുടെ കത്ത് അഹമ്മദാബാദിന്റെ ആവശ്യത്തിനു പിൻബലം

നൽകിയെന്നു പറയാതെ വയ്യ. അഹമ്മദാബാദ് കത്തോലിക്കരുടെ വളർച്ചാപശ്ചാത്തലം മനസ്സിലാക്കണമെങ്കിൽ ആ നഗരത്തിലേക്കുള്ള കുടിയേറ്റം തുടങ്ങിയ 1950 കളിലേക്കു പോകണം. ഒരു ജോലിയന്വേഷിച്ച് വളരെ കഷ്ടപ്പെട്ടവിടെ വന്ന മലയാളീ കത്തോലിക്കർക്ക് അവിടുത്തെ ജസ്യൂട്ട് സഭാംഗങ്ങളായ ലത്തീൻ റീത്തുകാർ കിടക്കാൻ പാർപ്പിടവും, വ്യത്യസ്ഥസ്ഥാപനങ്ങളിൽ ജോലിയും, അവരുടെ കുട്ടികൾക്ക് പഠിക്കാൻ എല്ലാ സൗകര്യങ്ങളും തരപ്പെടുത്തിക്കൊടുത്തു. ആ സമൂഹം വളർന്നതാണ് ഇന്നത്തെ അഹമ്മദാബാദ് മലയാളിക്കത്തോലിക്കർ! അവരിന്ന് രണ്ടുകാലിലും നിവർന്നു നിൽക്കുന്നു - അവർക്കു പണവുമുണ്ട് സമൂഹ്യസ്ഥിതിയുമുണ്ട്. ഇന്നവരുടെ പിന്നാലെ കൂടിയിരിക്കുന്ന സീറോമലബാറിൽ നിന്നും ഒരു നയാപൈസായുടെ ഉപകാരം പോലും ഇവർക്കു കിട്ടിയിട്ടുമില്ല, സീറോ മലബാർ സഭക്ക് സ്വന്തമായി ആ നഗരത്തിൽ ഒരു മൂത്രപ്പുര പോലും ഇല്ലതാനും. ഈശോസഭക്കാരാകട്ടെ ഒരു ചില്ലിപ്പൈസാ പോലും പകരം ചോദിക്കാതിരിക്കുന്നിടത്താണ്.

അഹമ്മദാബാദിലെ മുതിർന്ന മലയാളീക്കത്തോലിക്കർ, വന്നവഴി ഒരിക്കലും മറന്നില്ല; 1983ൽ അവരൊരു സംഘടന രൂപീകരിച്ചു - MACAF (Malayaaleee Catholic Fellowship). നല്ല സാമ്പത്തിക അടിത്തറയുള്ള ഈ സംഘടന ഒരു സഹകരണപ്രസ്ഥാനം പോലെ ഇന്നും വിജയകരമായി പ്രവർത്തിക്കുന്നു. ഈ MACAF ആണ് നഗരത്തിലെ 12 ലത്തീൻ പള്ളികളിൽ മലയാളം കുർബ്ബാന ചൊല്ലാനുള്ള ക്രമീകരണം അഹമ്മദാബാദ് ബിഷപ്പുമായി കൂടിയാലോചിച്ച് ക്രമീകരിച്ചത്. ഇന്നു ശക്തമായ ഒരു സീറോമലബാർ സമൂഹം അവിടെ പരുവപ്പെട്ടിട്ടുണ്ടെങ്കിൽ അതു MACAF ന്റെ പ്രവർത്തനഫലമാണെന്നു സാരം. ഗോവൻ കത്തോലിക്കരും തദ്ദേശീയരും ഉൾപ്പെട്ട ലത്തീൻകത്തോലിക്കാ സമൂഹവുമായി വളരെ ഐക്യപ്പെട്ട്, എന്നാൽ സ്വന്തം പാരമ്പര്യം കളയാതെ ജീവിച്ചുപോന്ന മലയാളിക്കത്തോലിക്കരുടെയും കൂടി പരിശ്രമംകൊണ്ടാണ് തൽത്തേജിൽ ഒരു പള്ളി സ്ഥാപിക്കപ്പെട്ടത്. വംശീയവഴക്കുകളുടെ പ്രഭവസ്ഥാനമായ അഹമ്മദാബാദിൽ വളരെ വിനാശം വിതച്ചേക്കാവുന്ന വിഭാഗീയതയാണ് സീറോമലബാർസഭ വിഭാവനം ചെയ്തതെന്നു പറയാതെ വയ്യ. അഹമ്മദാബാദിലെ പുതിയ ബിഷപ്പിന്റെ സ്ഥാനാരോഹണ ചടങ്ങിൽ തട്ടിൽ പിതാവിന്റെ അസാന്നിദ്ധ്യം എല്ലാവരും ശ്രദ്ധിച്ചു. രണ്ട് ഈസ്റ്ററും രണ്ട് ദുഃഖവെള്ളിയും, രണ്ട് ക്രിസ്മസ്സും ഒരേ പള്ളിയിൽ വന്നപ്പോഴും, മലയാളം

കുർബ്ബാനകളുടെ പിരിവിനു വേണ്ടി ഈ അവസരവാദികൾ അവകാശമുന്നയിച്ചപ്പോഴുമൊന്നും ലത്തീൻ വൈദികർ കാര്യമായി പ്രതികരിച്ചില്ല.

പ്രവാസികളായ സുറിയാനി കത്തോലിക്കരുടെ ക്ഷേമത്തിനു വേണ്ടി ആഗോള വിസിറ്റേറ്ററായി മാർ തട്ടിൽ നിയോഗിക്കപ്പെട്ടപ്പോൾ ആദ്യം വന്നത് അഹമ്മദാബാദിലായിരുന്നു. അന്നു തൽത്തേജ് പള്ളിയിൽ അദ്ദേഹം നടത്തിയ പ്രസംഗം ഞാനും കേട്ടതാണ്. ഞെട്ടറ്റാൽ പൂ വാടിപ്പോകില്ലേ, പാരമ്പര്യം അറ്റുപോയാൽ നാമും വാടും (പാരമ്പ്ര്യവുമായി, ഞെട്ടറ്റുപോകാതെ യേശുവിന്റെ ശിക്ഷ്യന്മാർ യെരൂശലേമിൽത്തന്നെ കടിച്ചുതൂങ്ങി നിന്നിരുന്നെങ്കിൽ?), അതുകൊണ്ട് ആ ബന്ധം കളയരുതെന്നൊക്കെ ഉപദേശിച്ച അദ്ദേഹം, ലത്തീൻകാർ നമ്മെ ഒത്തിരി ഉപദ്രവിച്ചിട്ടുണ്ടെന്നും കൂട്ടത്തിൽ പറഞ്ഞു. പറഞ്ഞതൊരു മെത്രാനായതുകൊണ്ട് അന്നാരും പ്രതികരിച്ചില്ല. മറ്റൊരുവന്റെ വീട്ടിൽ കയറിനിന്നവർക്കെതിരായി പ്രസംഗിക്കാൻ ഒരു സീറോമലബാർ പുരോഹിതനെയാവൂ താനും. ഇംഗ്ളണ്ടിൽ ഇത്തരം സേവനം നൽകാൻ വേണ്ടി കയറിക്കൂടിയ മലയാളി വൈദികരോട് പള്ളിമുറിവിടാൻ ലത്തീൻ വൈദികർ ആവശ്യപ്പെട്ടു തുടങ്ങി - കാരണം ഇതു തന്നെ.

സാവധാനം, മലയാളം പള്ളികളിലെ ക്രമം, കേരളത്തിലേതുപോലെയായി - അർത്ഥമില്ലാത്ത സഭാരാഷ്ട്രീയവും, ചെവിതുളക്കുന്ന ശബ്ദത്തിലുള്ള പാട്ടുകുർബ്ബാനയും, നീണ്ട വാർഡ്മീറ്റിങ്ങുമൊക്കെ പതിവായപ്പോൾ, പഴമക്കാർ ഇംഗ്ലിഷ് കുർബ്ബാനയിലേക്കു തിരിഞ്ഞു. മാർ ആലഞ്ചേരിയുടെ സ്വീകരണത്തിന്റെ പേരിൽ ആരൊക്കെയോ 16 ലക്ഷം പിരിച്ചതിന്റെയും ചിലവിട്ടതിന്റെയും കണക്കു കേട്ടപ്പോഴും കേൾക്കാതിരുന്നപ്പോഴും ആരും പ്രതികരിച്ചില്ല. പക്ഷെ, ഷംഷാബാദ് രൂപത പ്രഖ്യാപിക്കപ്പെട്ടപ്പോൾ പ്രദേശവാസികൾ അപകടം മണത്തു. എല്ലാവർക്കും കേരളത്തിൽ നടനുകൊണ്ടിരിക്കുന്ന സഭാസംസ്കാരം അറിവുണ്ടായിരുന്നു - അതിവിടെ ആവർത്തിക്കപ്പെടാൻ അവരാഗ്രഹിച്ചില്ല. മാർ തട്ടിൽ അഹമ്മദാബാദിൽ വന്നപ്പോൾ MACAF അംഗങ്ങൾ അദ്ദേഹത്തെ കണ്ടിരുന്നു, പക്ഷെ തൽസ്ഥിതിയെപ്പറ്റിയുള്ള ചോദ്യം വന്നപ്പോൾ അദ്ദേഹം തന്ത്രപൂർവ്വം ഒഴിഞ്ഞുമാറി - MACAF ന്റെ ഒരു സേവനവും അദ്ദേഹം ആവശ്യപ്പെട്ടുമില്ല. ഷംഷാബാദ് രൂപത സ്ഥാപിക്കപ്പെടുന്നതിനു മുമ്പേ, അഹമ്മദാബാദിൽ നിന്നൊരു വിശ്വസ്ഥൻ ഷംഷാബാദ് രൂപതയുടെ പാസ്റ്ററൽ സെക്രട്ടറിയായി രംഗപ്രവേശനം നടത്തിയതും ഭരണം നിയന്ത്രിച്ചുതുടങ്ങിയതും കാര്യങ്ങൾ കൂടുതൽ വഷളാക്കി. ഇതിനെല്ലാം മെത്രാന്റെ മൗനസമ്മതമുണ്ടെന്നു

വിശ്വാസികൾക്കു മനസ്സിലായപ്പോൾ, കഴിഞ്ഞ ഫെബ്രുവരി 23 ന് അഹമ്മദാബാദിലെ ഫുഡ്ഗ്രാഫിക്സ് ഹോട്ടലിൽ മുതിർന്നവർ ഒരു സമ്മേളനം വിളിച്ചുകൂട്ടി. വളരെ ആവേശകരമായ പ്രാതിനിധ്യമാണതിനുണ്ടായത്. അന്നവിടെ SMC4U (Gujarath) എന്ന സംഘടനയും ഉണ്ടായി അതിനൊരു പ്രവർത്തക സമിതിയുമുണ്ടായി. തുടർന്നിങ്ങോട്ട് ഓരോ ദിവസവുമായി സീറോമലബാറിന്റെ ഓരോ വാദഗതികളും, കാനോൻ നിയമവും മാർപ്പാപ്പായുടെ കത്തുകളും ചൂണ്ടിക്കാട്ടി SMC4U ചോദ്യം ചെയ്തു. ഈ നീക്കവും മാർ തട്ടിൽ പാടേ അവഗണിക്കുക മാത്രമല്ല ചർച്ചക്കുള്ള അവരുടെ ആവശ്യത്തോടും അനുഭാവം കാട്ടിയില്ല.

സാവധാനം SMC4U വിന്റെ അംഗബലം കൂടുകയും ഫെയ്സ്ബുക്കിലൂടെയും വാട്സാപ്പ് ഗ്രൂപ്പിലൂടെയും മറ്റു മാധ്യമങ്ങളിലൂടെയും തുറന്ന ചർച്ചകൾ കൊഴുക്കുകയും ചെയ്തു. ഒരു ചർച്ചക്ക് സമ്മതമാണെന്നദ്ദേഹം അറിയിച്ചത്, സമ്മതം ചോദിച്ചു രണ്ടു മാസങ്ങളോളം കഴിഞ്ഞാണെന്നോർക്കണം. ഇതിനൊടിടെ SMC4U വിനെതിരായി പ്രസംഗിക്കാൻ വൈദികർ നിയോഗിക്കപ്പെട്ടിരുന്നു, വീടുതോറും കയറിയിറങ്ങി അവരാദൗത്യം നിർവ്വഹിക്കുകയും ചെയ്തു. ഒപ്പം, ഇതു സഭ അംഗീകരിച്ച സംഘടനയല്ലെന്ന് മെത്രാൻ ഇണ്ടാസുമിറക്കി. ഇതിനിടക്ക്, അദ്ദേഹത്തിന്റെ അറിവോടെയായിരിക്കണം, ഉത്തരവാദിത്വപ്പെട്ടവർ വലിയൊരഭ്യാസം കാട്ടി. അതാണ്, ഇത്ര പെട്ടെന്ന് ഒരു വഴിത്തിരിവുണ്ടാകാൻ കാരണം. നഗരത്തിൽ മൂന്നിടത്തായി വിശ്വാസികളുടെ സമ്മേളനങ്ങൾ അവർ വിളിച്ചു കൂട്ടി. അവിടെല്ലാം വിശ്വാസികൾ കൂട്ടത്തോടെയെത്തി മെത്രാനെ പിന്തുണക്കുമെന്നവർ കരുതി. ആദ്യത്തെ മിറ്റിങ്ങിൽ SMC4Uവിനെ പിന്തുണക്കുന്നവർ എത്തിയപ്പോൾ, ചോദ്യോത്തര വേള അരമണിക്കൂറായി ഇവർ ചുരുക്കി. സമയമായപ്പോൾ, ചോദ്യം എഴുതികൊടുക്കണമെന്നായി. നൂറോളം ചോദ്യങ്ങൾ അവർതന്നെ നേരത്തെ തയ്യാറാക്കിയിരുന്നു. ഇതറിഞ്ഞ SMC4U അംഗങ്ങൾ ഹാളിൽനിന്നിറങ്ങി പുറത്തു തമ്പടിച്ചു. നാനൂറോളം ആളുകൾ ഉണ്ടായിരുന്ന ഹാളിൽ വെറും പതിനഞ്ചുപേരെ അവശേഷിച്ചുള്ളൂവെന്നത് രൂപതാസംഘത്തെ ഞെട്ടിച്ചുവെന്നു വേണം കരുതാൻ. പിറ്റേന്നു മണിനഗറിൽ നടത്തിയ മീറ്റിങ്ങിൽ പങ്കെടുത്തത് ഒന്നോ രണ്ടോ വീട്ടുകാർ മാത്രം.

മുന്നോട്ടു പോയാൽ സ്ഥിതി ദയനീയമാകുമെന്നു കണ്ട തട്ടിൽമെത്രാൻ ആരോടും ആലോചിക്കാതെയാവണം അടുത്തദിവസം തന്നെ SMC4U വിനെ ചർച്ചക്ക് ക്ഷണിച്ചതും SMC4U ന്റെ മുഴുവൻ ആവശ്യങ്ങളും നിരുപാധികം അനുവദിക്കുന്നുവെന്നു പ്രഖ്യാപിച്ചതും. പ്രോട്ടൊസിഞ്ചെല്ലുസച്ചൻ, നേരത്തെ നടത്തിയ, ലത്തീൻകാർ ആശിർവ്വദിച്ച വിവാഹങ്ങളെല്ലാം അസാധുവാണെന്ന പ്രഖ്യാപനത്തിനു മാപ്പും പറഞ്ഞു, അപ്പറഞ്ഞതു ദുരുദ്ദേശത്തോടെയായിരുന്നില്ലെന്നു സമ്മതിക്കുകയും ചെയ്തു. ഇതിനോടകം, അഹമ്മദാബാദിൽ മാത്രമൊതുങ്ങേണ്ട ഈ വിഷയം ഷംഷാബാദ് മുഴുവൻ വ്യാപിച്ചിരുന്നു.

SMC4U ന്റെ ആവശ്യമായ തൽസ്ഥിതി അനുവദിക്കാൻ അഹമ്മദാബാദ് രൂപതയിലെ ലത്തീൻ മെത്രാനുംകൂടി ഒപ്പിട്ട സംയുക്ത ഇടയലേഖനം ഇറക്കാൻ അൽപ്പം സമയമാവശ്യപ്പെട്ട മാർ തട്ടിൽ, ഏപ്രിൽ 30 ന് വീണ്ടും മലക്കം മറിഞ്ഞു. മാർപ്പാപ്പാ യഥേഷ്ടം കൗദാശിക സേവനദാതാവിനെ തിരഞ്ഞെടുക്കാൻ അനുവാദം ആർക്കും കൊടുത്തിട്ടില്ലെന്നായിയദ്ദേഹം. അങ്ങിനെയൊരു 'ഓപ്ഷനെ'പ്പറ്റിയദ്ദേഹം കേട്ടിട്ടേയില്ലത്രെ! ഫരീദാബാദിന്റെ കാര്യത്തിൽ മാർപ്പാപ്പാ പുറപ്പെടുവിച്ച നിർദ്ദേശവും സീറോമലബാർ മെത്രാന്മാരുടെ അധികാരഭ്രാന്ത് മുന്നിൽ കണ്ട് ഷംഷാബാദ് രൂപത രൂപീകരിച്ചപ്പോൾ ഭാരതത്തിലെ എല്ലാ മെത്രാന്മാർക്കുമായി പുറത്തിറക്കിയ പ്രത്യേക കത്തും മാത്രമല്ല, ഇതിൻപ്രകാരം കൗദാശിക സേവനം തിരഞ്ഞെടുക്കാൻ രൂപതയിലുള്ള സീറോമലബാർ പ്രവാസികളോട് അഭ്യർത്ഥിച്ചുകൊണ്ട് ജയ്പ്പൂർ ബിഷപ്പ് പുറത്തിറക്കിയ ഇടയലേഖനവും ഇപ്പോൾ ഡൽഹി കത്തോലിക്കർ ആ അനുവാദം പ്രയോജനപ്പെടുത്തുന്ന കാര്യവുമെല്ലാം മാർ തട്ടിലിന്റെ ശ്രദ്ധയിൽപെടുത്തിയിട്ടും, വിശ്വാസികളെ വെല്ലുവിളിക്കുകയാണ് അദ്ദേഹം ചെയ്തത്. അദ്ദേഹത്തിന്റെ ദാക്ഷിണ്യമാണത്രെ അദ്ദേഹം വാഗ്ദാനം ചെയ്തത്! ഒരിടയന്റെ പതനം കാണാൻ വേറൊരിടത്തും പോകേണ്ടതില്ല!

ഭാരതീയരായ കത്തോലിക്കർക്ക് സ്വതന്ത്രമായ ഒരു സംഘടനയുണ്ടാക്കാൻ ആരുടേയും അനുവാദം ആവശ്യമില്ല; കേരളത്തിലുണ്ടായ അത്തരം സംഘടനകൾക്കെതിരെ ഇണ്ടാസിറക്കി അപമാനിതരാകുകയെന്ന ക്രിയ കേരളമെത്രാന്മാർ പണ്ടേ ഉപേക്ഷിച്ചതാണ്. മാർ തട്ടിലിന്റെ അസാധാരണ ഇടയലേഖനത്തിന്റെ കാതൽ SMC4U നെ എനിക്കറിയില്ല, കൂദാശകൾ

കൊടുക്കാൻ ആരെയും അനുവദിച്ചിട്ടില്ല എന്നൊക്കെയുള്ള അധികാരത്തിന്റെയും ഭീഷണിയുടേയും സ്വരമായിരുന്നു. ഏതാനും ദിവസങ്ങൾക്കു മുമ്പ് അദ്ദേഹം ചർച്ച നടത്തിയത് ഇവരുമായാണെന്ന സത്യം തന്നെ അദ്ദേഹം മറന്നു. രൂപതക്കു തന്നെ ഭ്രാന്തു പിടിച്ചാൽ ആരു ചികിൽസിക്കും? അഹമ്മദാബാദിലെ SMC4U ഇതു പ്രതീക്ഷിച്ചിരുന്നുവെന്നു മാത്രമല്ല, തുടർന്നെടുക്കേണ്ട നടപടികളും തീരുമാനിച്ചിരുന്നുവെന്നാണ് മനസ്സിലാകുന്നത്. രാത്രി വെളുക്കുന്നതിനു മുമ്പ് അവർ അവരുടെ തീരുമാനവും പ്രഖ്യാപിച്ചു - തട്ടിൽ പിതാവിന്റെ ദാക്ഷിണ്യം ഇനി SMC4Uവിനാവശ്യമില്ല; സംയുക്ത ഇടയലേഖനവും വേണ്ട.

മാർപ്പാപ്പാ കാനോനിൽക്കൂടി അനുവദിച്ചു തന്നിരിക്കുന്ന അവകാശം സ്ഥാപിച്ചെടുക്കാൻ എന്തിനു മെത്രാന്റെ കൽപ്പന? ഒരൊറ്റ വാക്കുകൊണ്ട് തീർക്കാവുന്ന ഒരു പ്രശ്നമായിരുന്നിതെന്ന് ഇപ്പോഴും പലരും മനസ്സിലാക്കിയിട്ടില്ല. സഭയിലെ 99% വരുന്ന വിശ്വാസികളെയും കൂദാശകൾ കാട്ടി വരുതിയിലാക്കാമെന്ന സീറോമലബാർ സഭയുടെ ചിന്തക്കാണ് അടി കിട്ടിയത്! സഭയിലെ ഒരു വാട്ടർലൂവിനാണ് അഹമ്മദാബാദ് തുടക്കം കുറിച്ചത്. പ്രോട്ടോസിഞ്ചെല്ലൂസച്ചൻ അഹമ്മദാബാദ് കത്തോലിക്കരെ അപമാനിച്ചു നടത്തിയ പ്രസ്താവനയും കോടതിയിൽ ചോദ്യം ചെയ്യപ്പെടാനുള്ള സാദ്ധ്യതയും ചെറുതല്ല. SMC4Uവിനെ സംബന്ധിച്ചിടത്തോളം, ഈ യുദ്ധം സഭയുടെ മോചനത്തിന് അനിവാര്യമാണെന്ന കരുതലോടെയായിരുന്നു ആദ്യം മുതലുള്ള നീക്കങ്ങൾ.

ആരായിരുന്നിരിക്കണം വി. പൗലോസ്? (14 06 18)

എനിക്കു തോന്നുന്നത് സഭാപ്രശ്നങ്ങൾ ആഗോള തലത്തിൽ കൂടുതൽ രൂക്ഷമായിക്കൊണ്ടിരിക്കുകയാണെന്നാണ്. മാർ പവ്വത്തിലിന്റെ ആഭിമുഖ്യത്തിൽ മാർത്തോമ്മാ പാരമ്പര്യം ഇടിച്ചു കയറ്റിയിടത്തു തുടങ്ങിയ പ്രശ്നം ഇവിടെ കെട്ടടങ്ങിയിട്ടില്ല - ആളിക്കത്തുന്നു. മാർത്തോമ്മാക്കുരിശെന്ന അടയാളം മാർത്തോമ്മായുമായി യാതൊരു ബന്ധവുമില്ലെന്നു മാത്രമല്ല, പാഷണ്ഡസഭയായിരുന്ന മാനിക്കേയൻ സമൂഹത്തിന്റെതാണെന്നും വിശ്വാസികൾ കണ്ടെത്തി. അതിനെ പ്രതിരോധിക്കുകയെന്ന പണി സഭാധികാരികൾ നിർത്തിവെച്ചപ്പോൾ വിശ്വാസികൾ തോമ്മാശ്ലീഹാ ഇവിടെ

വന്നിരുന്നോയെന്നതിനെപ്പറ്റിയായി ഗവേഷണങ്ങൾ. കെ സി ബി സി യുടെ മുൻ വക്താവ് ഫാ.പോൾ തേലക്കാട്ട് പറഞ്ഞതാണതിന്റെ ശരി - തോമ്മാശ്ളീഹാ ഭാരതത്തിൽ വന്നുവെന്നതിന് ഒരു തെളിവുമില്ല. വന്നിരിക്കാമെന്ന് ചിന്തിക്കാനും ഒരുപാട് പ്രതിബന്ധങ്ങളുണ്ട്. അതിൽ, ഇവിടെ നമ്പൂതിരിമാർ അന്നില്ലായിരുന്നെന്നതും, കൂദാശകളില്ലാതിരുന്ന കാലത്ത് പള്ളിസ്ഥാപിച്ചെന്നതും (മറ്റു ശിക്ഷ്യന്മാർ സ്ഥാപിച്ചതു സഭകൾ), ഇവിടുത്തെ ഭാഷാപ്രശ്നങ്ങളും, തോമ്മാശ്ളീഹാ പോയീയെന്നു പറയപ്പെടുന്ന സ്ഥലങ്ങളിലെ സമയക്കണക്കുകളുമായി പൊരുത്തപ്പെടുന്നില്ലെന്നതുമെല്ലാം പെടുന്നു.

എന്നാൽ, റോമിലെ ലത്തീനിലേക്കു തിരിയാമെന്നു വെച്ചാൽ അതതിൽക്കൂടുതൽ പ്രശ്നങ്ങളിൽ പെട്ടുഴലുന്നുവെന്നതാണു സത്യം. യേശു പന്ത്രണ്ടു ശിക്ഷ്യന്മാരെ മൂന്നുവർഷങ്ങൾ പരിശീലിപ്പിച്ചു; യേശുവിന്റെ മരണശേഷം ചിതറിപ്പോയ അവരെ യേശു വീണ്ടു ഒന്നിപ്പിക്കുകയും വചനം പ്രഘോഷിക്കാൻ ചുമതലപ്പെടുത്തുകയും ചെയ്തു. നീതിമാനായ യാക്കോബിന്റെ നേതൃത്ത്വത്തിൽ രൂപകൊണ്ട ആ കൂട്ടായ്മയുടെ പിന്തുടർച്ചയാണോ നമ്മുടേത്? അല്ല! ആ കൂട്ടായ്മക്ക് മറ്റൊരു പ്രത്യേകത കൂടിയുണ്ടായിരുന്നു. വംശാവലിക്കും പാരമ്പര്യത്തിനും വലിയ വിലയുണ്ടായിരുന്ന ആ കാലത്ത്, യേശുവിന്റെ തന്നെ പിന്തുടർച്ചയായി യേശു അംഗീകരിക്കാൻ ഇടയുള്ള ആ കൂട്ടായ്മയല്ല ഇന്നുള്ളത്. വി.പൗലോസിന്റെ പ്രഘോഷണ ദൗത്യത്തെ ഞാൻ കുറച്ചു കാണുന്നില്ല. എങ്കിലും, യേശുവിന്റെ മരണം മുതൽ ആഘോഷമാക്കിയുള്ള വി. പൗലോസിന്റെ യേശുവും, ഒരു സാധാരണക്കാരനെപ്പോലെ ഒപ്പം ഉണ്ടും ഉറങ്ങിയും ജീവിച്ച മറ്റു പതിനൊന്നു ശിക്ഷ്യന്മാരുടെ യേശുവും ഒന്നല്ല!

ജനിക്കുന്നതിനും മുന്നേ അപ്പസ്തോലനായിരുന്നുവെന്നവകാശപ്പെടുന്ന വി. പൗലോസിനേപ്പറ്റിയുള്ള വിവരങ്ങൾ നമുക്കു ലഭിക്കുന്നത് മുഖ്യമായും അദ്ദേഹത്തിന്റെതന്നെ ലേഖനങ്ങളും നടപടിപുസ്തകങ്ങളിലെ വിവരണങ്ങളിലൂടെയാണ്. അതായത്, ഡമാസ്കസിലേക്കുള്ള യാത്രയിൽ അദ്ദേഹത്തിനുണ്ടായി എന്നു പറയപ്പെടുന്ന യേശുവിന്റെ ദർശനാനുഭവത്തിനു സാക്ഷികളില്ല! ലൂക്കാ തരുന്ന സാക്ഷ്യം വിശ്വസിക്കാമായിരുന്നു - പക്ഷെ, അദ്ദേഹം എഴുതിയ എല്ലാക്കാര്യങ്ങളും ചരിത്രപരമായ സത്യങ്ങളല്ല. നടപടിപുസ്തകത്തിന്റെ വിശ്വസനീയത ഇരുപതാം നൂറ്റാണ്ടിലെ നിരവധി ദൈവശാസ്ത്രജ്ഞന്മാർ ചോദ്യം ചെയ്യുന്നു - അതിൽ പ്രസ്ബിറ്റേറിയൻ സഭയുടെ ഉപജ്ഞാതാവായ ദൈവശാസ്ത്രജ്ഞൻ ജോൺ നോക്സും പെടും. പൗലോസിന്റെ നടപടിയിലെ

ചരിത്രം ഒത്തുപോകുന്നില്ല. ആരു ശ്രമിച്ചാലും അതു മുറികൂട്ടാനും കഴിയില്ല. ക്ലമന്റിന്റെ രചനകളൊന്നും ഈ പ്രശ്നം പരിഹരിക്കുന്നില്ല.




പത്രോസിനെ ഇരുത്തിയ സിംഹാസനം പത്രോസ് കണ്ടിട്ടേയില്ലെന്നതും പോട്ടെ, യരൂശലേമിലെ കൂട്ടായ്മക്കാർ എന്തുകൊണ്ട് വി. പൗലോസിനെ അംഗീകരിക്കാൻ മടിച്ചു? അതിനു ബർണബാസ് ഇടപെടേണ്ടി വന്നതെന്തുകൊണ്ട്? യേശു പഠിപ്പിച്ചതല്ല സാവൂൾ പഠിപ്പിച്ചതെന്നിടത്തായിരുന്നില്ലേ പ്രധാനപ്രശ്നം? ഉത്ഭവപാപം പൗലോസിന്റെ സൃഷ്ടി. ദുഖിതരെ നിന്ദിതരെയെന്റെയടുക്കൽ വരൂവെന്ന് യേശു - അടിമകൾ അടിമകളുടെ പണിചെയ്യട്ടെന്നു പൗലോസ്. സ്ത്രീകളോടു യാതൊരു വിവേചനവും യേശു കാണിക്കാതിരുന്നപ്പോൾ അവർക്കു പെരുമാറ്റച്ചട്ടം കൊടുത്തത് പൗലോസ്. മോശയുടെ പാരമ്പര്യത്തെ പൗലോസ് നിഷേധിച്ചുവെന്നതിനും തെളിവുകളുണ്ട്. ബൈബിളിലെ പുസ്തകങ്ങൾ നിശ്ചയിക്കപ്പെട്ടപ്പോൾ പൗലോസിന്റെ 14 ലേഖനങ്ങൾ വന്നിടത്തല്ല പ്രശ്നം - പ്രിയ ശിക്ഷ്യനായ പത്രോസിന്റെയും, ഡിഡിമസ് തോമസിന്റെയും, യേശു ഏറെ സ്നേഹിച്ച മറിയം മഗ്ദലനായുടെയുമൊക്കെ പേരിലുള്ള സുവിശേഷങ്ങൾ അവഗണിക്കപ്പെട്ടുവെന്നിടത്താണു പ്രശ്നം. അവയൊന്നും പരിഗണനയിൽ വന്നില്ലെന്നത് മാത്രമല്ല എന്തുകൊണ്ടവ സുരക്ഷിതമായി ഒളിപ്പിക്കേണ്ടി വന്നുവെന്നതിനെപ്പറ്റിയും ചിന്തിച്ചേ തീരൂ.

**സത്യം എവിടെ? (18 06 18)**

വൈദികരെ വിമർശിക്കുന്നതു വഴി വരുംതലമുറക്ക് ദുർമാതൃക ആകുമെന്നൊരാൾ! അഭിഷിക്തനെ തൊട്ടാൽ ദൈവം അരിഞ്ഞു വീഴ്ത്തുമെന്ന് അഭിഷിക്തർ! (ഇന്നു കള്ളത്തരവും വഞ്ചനയും കൊണ്ട് സർവ്വമെത്രാസനങ്ങളും നിറഞ്ഞിരിക്കുന്നു. അവ വൃത്തിയാക്കിയിട്ടേ ദൈവം പുറത്തേക്കിറങ്ങാനിടയുള്ളൂ). ആവേശത്തോടെ വൈദികനാകാൻ വന്നവർ നിരാശരാണ്! ഒരത്മായനും വരുത്തിവെച്ചതല്ല, ഇന്നു സഭയനുഭവിക്കുന്ന പ്രതിസന്ധി. എ ഡി ജി പി യുടെ മകളുടെ തല്ലുകൊണ്ട പോലീസുകാരന്റെ പേരിൽ കേസ്; എം എൽ എ യുടെ തല്ലുകൊണ്ടയാളിന്റെ പേരിലും കേസ്; അതുപോലെ മേജറിന്റെ കോലം കത്തിച്ചവന്റെ പേരിലും കേസുണ്ട്. സഭയും സാമൂഹ്യവും തമ്മിലെന്തു വ്യത്യാസം?

ഒരാൾ പറയുന്നു, എല്ലാം മിഥ്യയാണെന്നു തെളിഞ്ഞാൽ പിന്നെന്തിനിവിടെ നിൽക്കുന്നു; വേറൊരാൾ ചോദിക്കുന്നു യേശു ജനിച്ചതിനു റോമിൽ തെളിവ് കാണില്ലല്ലോയെന്ന്. ആദ്യത്തെ ചോദ്യകർത്താവ് അറിയണ്ട ഒരു കാര്യം, ഈ സീറോ മലബാർ സമുദായവും സീറോ മലബാർ സഭയും ഒന്നല്ലെന്നും, സമുദായമെന്നു പറഞ്ഞാൽ അതിലുള്ളവരുടെയെല്ലാം അവകാശമാണെന്നുമാണ്. അതു ശുദ്ധിയാക്കുകയെന്നത് ഓരോ അംഗത്തിന്റെയും കടമയുമാണ്. ഇന്നു നാമനുഭവിക്കുന്ന സ്വാതന്ത്ര്യം പലരും ജീവൻ കളഞ്ഞു പ്രതികരിച്ചതിന്റെ ഫലമാണ്. ഒരു മനുഷ്യൻ ചെയ്യാവുന്ന ഏറ്റവും വലിയ ദ്രോഹമെന്നു പറഞ്ഞാൽ പ്രതികരിക്കാതിരിക്കലാണ്. ചരിത്രത്തിൽ ഇല്ലാത്തതും ഉള്ളതും എല്ലാം കൂടി കൂട്ടിക്കുഴച്ചുള്ള ഒരു രസായനം കുടിക്കാൻ വിധിക്കപ്പെട്ടവരാണു ക്രിസ്ത്യാനികൾ - ഒരു സംശയവും വേണ്ട! യേശു എന്താണോ ഉദ്ദേശിച്ചത്, അത് ആദ്യകാലത്തെ കൂട്ടായ്മകൾ നടപ്പിലാക്കിയിരുന്നു, അതിലൊരു വള്ളിപുള്ളിപ്പോലും വ്യത്യാസം ഞാനൊരിക്കലും ആവശ്യപ്പെട്ടിട്ടില്ല.

യേശുവെന്ന ഗുരു ജീവിച്ചിരിന്നുവെന്നതിന് എത്രയോ തെളിവുകളുണ്ട്. പക്ഷേ, തെളിവുകളില്ലാത്ത അല്ലെങ്കിൽ ചരിത്രം സമ്മതിക്കാത്ത നിരവധി കാര്യങ്ങൾ വിശ്വസിക്കുകയും നമ്മുടെ ചുമതലയായിരുന്നു. ഒരു നക്ഷത്രം ഭൂമിക്കു മുകളിൽ വന്നിട്ട് ഭൂമിയിൽ യാതൊരു ഭൗമിക മാറ്റവും വന്നില്ലായെന്നു പറയുന്നിടത്തും, അത് ആട്ടിടയന്മാരും മൂന്നു രാജാക്കന്മാരും മാത്രമേ കണ്ടുള്ളൂവെന്നും പറയുന്നിടത്തുമൊക്കെ അത്ഭുതങ്ങളുടേയും അപ്പുറത്തുള്ള അവിശ്വസനീയതയുണ്ട്. ബത്‌ലേഹം കഥകളെല്ലാം ശരിയല്ലെന്ന് ബനഡിക്ട്

പതിനാറാമൻ മാർപ്പാപ്പാ ഒരു സങ്കോചവും കൂടാതെ പറഞ്ഞത് കേട്ടില്ലെന്നുണ്ടോ? ഒരു രാജ്യത്തെ മുഴുവൻ ശിശുക്കളെ കൊന്നുകളഞ്ഞ സംഭവവും ലോക ചരിത്രത്തിൽ ഇല്ല. വി. ഗ്രന്ഥത്തിൽ പരസ്പരം പൊരുത്തമില്ലാത്ത നിരവധി കാര്യങ്ങളുണ്ട്. നാം വചനത്തിലേക്കു മടങ്ങണം, അല്ലാതെ സംഭവങ്ങളിലേക്കല്ല മടങ്ങേണ്ടത്! വചനത്തിലേക്കു മടങ്ങാൻ ആവശ്യം വേണ്ട ഒരു സാധനമുണ്ട് - ധൈര്യം. അതില്ലാത്തവരുള്ളതുകൊണ്ടാണ് ഈ പൗരോഹിത്യ അരാജകത്വം ഇവിടെ ഇപ്പോഴും നിലനിൽക്കുന്നതും!




**ദൈവത്തെ തോണ്ടരുത്! 19 06 18**

സീറോമലബാർ കത്തോലിക്കാസഭ ലോകമാസകലം ആക്ഷേപിക്കപ്പെടുന്നു; അതിന്റെ കാരണങ്ങളിൽ, അംഗസംഖ്യ ഏറ്റവും കുറഞ്ഞുകൊണ്ടിരിക്കുന്ന ഇന്ത്യയിലെ ഒന്നാം നമ്പർ മതമെന്നതല്ല, പകരം പരിതാപകരമായ നേതൃത്വം, വ്യാപകമായ ക്രമക്കേടുകൾ, അസ്വസ്ഥരായ അംഗങ്ങൾ, ലക്ഷ്യം തെറ്റിയ മാർഗ്ഗരേഖകൾ .... എല്ലാം പെടും. ഈ സഭയുടെ ശത്രുക്കൾ പുറത്തല്ല അകത്തുതന്നെയാണെന്നതാണ് രസകരമായ കാര്യം. ആരാണു സഭക്കുള്ളിലെ ഈ വിപ്ളവകാരികൾ? മാർത്തോമ്മായുടേതെന്നു പറയപ്പെടുന്ന കുരിശു

പള്ളിമുറ്റത്തിട്ട് അത്മായർ കത്തിച്ചിട്ടുണ്ട്, മദ്ബഹായിൽ നിന്നു താമരക്കുരിശ് പരസ്യമായിയവർ എടുത്തു മാറ്റിയിട്ടുണ്ട്, പള്ളിയുടെ തിരശ്ശീല കുത്തിക്കീറിയിട്ടുണ്ട്, പള്ളികൾ പൂട്ടിയിട്ടുണ്ട്, വൈദികരെ തടഞ്ഞ് ക്ഷമാപണം നടത്തിച്ചിട്ടുണ്ട്, വൈദികനെ കപ്യാർ കുത്തിക്കൊന്നിട്ടുണ്ട്. കരുത്തരായ മാർ പവ്വത്തിലിനേയും മാർ താഴത്തിനേയുമൊക്കെ വണ്ടി തടഞ്ഞ് വിശ്വാസികൾ തെറിയഭിഷേകവും നടത്തിയിട്ടുണ്ട്, മേജർ ആർച്ചുബിഷപ്പിന്റെ കോലം വിശ്വാസികൾ കത്തിക്കുകയും ചെയ്തിട്ടുണ്ട്, നിരവധി കേസുകളിൽ അത്മായരുടെ മുന്നിൽ അഭിഷിക്തർ മുട്ടുമടക്കേണ്ടിയും വന്നിട്ടുണ്ട്. ഇതുകൊണ്ടു വല്ലതുമായോ? റാണിമരിയായെ വാഴ്ത്തപ്പെട്ടവളാകാൻ സഹായിച്ച സ്വാമിയച്ചനും തൃശ്ശൂരിൽ അരമനക്കു മുന്നിൽ സത്യാഗ്രഹമിരിക്കേണ്ടിവന്നു - നീതിക്കു വേണ്ടി. തലോർ കൊവേന്തയുടെ പ്രിയോരച്ചൻ ഇപ്പോഴും പ്രതിക്ഷേധത്തിലാണ്. പ്രായേണ ബലമായാണ് അവരുടെ നിയന്ത്രണത്തിലിരുന്ന പള്ളി രൂപത കൈക്കലാക്കിയത്. ഇപ്പോളിപ്പോൾ സ്വപാളയത്തിലെ മെത്രാന്മാരും ചേരിതിരിഞ്ഞു ചെളിവാരിയെറിയുന്നു.

പുറത്തോട്ടിറങ്ങിയാലോ, ഫെയിസ്ബുക്കിലൂടെയായും വാട്സാപ്പിലൂടെയായും, സത്യദീപത്തിലൂടെയായും സഭാനേതൃത്വം തിരുവചനങ്ങൾക്കൊണ്ടഭിഷേകവും ചെയ്യപ്പെടുന്നു. ഇപ്പോഴുള്ളിൽ നടന്നുകൊണ്ടിരിക്കുന്നതിനെപ്പറ്റി ഒരു ചെറിയ അവലോകനം മാത്രമാണിത്. ഒക്കെക്കും നേതൃത്വം കൊടുക്കാൻ അത്മായരോടൊപ്പം ഒരു കാലത്തെ കരുത്തരായ വിശ്വാസപ്രഘോഷകരുമുണ്ട്, ചിന്തിക്കുന്ന നിരവധി അഭിഷിക്തരുമൂണ്ട്, മാദ്ധ്യമങ്ങളുമുണ്ട്. ഈശോസഭയുടെ അടിത്തൂണുകളായിരുന്ന ഡോ. ജയിംസ് കോട്ടൂരിനേപ്പോലെയും ഡോ. ജോൺ തെക്കെടത്തിനേപ്പോലെയും സഭാഭരണത്തിൽ നിന്നും ഇറങ്ങിപ്പോന്നവരുടെ നിര കൂടാതെയാണ് സ്വതന്ത്രരായി പ്രവർത്തിക്കുന്ന കന്യാസ്ത്രികളുടെ കൂട്ടം. അതുകൊണ്ടെവിടെത്തീരാൻ? യേശുവിന്റെ ദർശനം ഉണ്ടായിയെന്നു പറയപ്പെടുന്ന നിരീശ്വരവാദിയായിരുന്ന കത്തോലിക്കനായ സ്വാമി സച്ചിദാനന്ദഭാരതിയെപ്പോലെ (Disciples of Christ for Peace - DCP) യേശുമാർഗ്ഗത്തിൽ ചരിക്കുന്ന നിരവധിപ്പേർ വേറെയും ഉള്ളിലും പുറത്തുമായി ഉണ്ട്. ഈ സാഹചര്യത്തിലാണ് അഭിഷിക്തരെ ചോദ്യം ചെയ്യുന്നവനെ ദൈവം വെച്ചേക്കില്ലെന്ന ഉദ്ധരണിയുമായി കുറെ ധ്യാനപ്രഘോഷകരും അവരുടെ വാലുകളും നിരത്തിലിറങ്ങിയിരിക്കുന്നത്. അവരുദ്ദേശിക്കുന്നതാരെയാണെന്ന് ആർക്കെങ്കിലും മനസ്സിലായിട്ടുണ്ടെങ്കിൽ പറയുക.

വിശ്വാസികളുടെയിടയിലേക്ക് ഏതാണ്ട് മുഴുവൻ ബൈബിളുംതന്നെ അവരെറിയുന്നുണ്ട്. പക്ഷെ, വിതച്ചത് കൊയ്യും, ഉതപ്പു കൊടുക്കുന്നവന്റെ കഴുത്തിൽ തിരികല്ലുകെട്ടി കടലിൽ താഴ്ത്തുക, അണലികളുടെ സന്തതികളെ .... മുതലായ പുതിയ നിയമ വചനങ്ങൾ തന്ത്രപൂർവ്വം ഒഴിവാക്കിയിട്ടുമുണ്ട്. പഴയ നിയമത്തിൽ നിന്നാണെങ്കിലും ഉദ്ധരിക്കുന്നവ മിക്കതും അവരെത്തന്നെ ഉദ്ദേശിക്കുന്നതാണെന്നറിയാനുള്ള പ്രാപ്തിയും അവർക്കില്ല.

ഏറ്റവും കൂടുതൽ ഉപയോഗിക്കപ്പെടുന്ന വാക്യങ്ങൾ ഇതാ താഴെ:

"Do not touch my anointed ones. Do not trouble my prophets." 1 Chronicles 16:22, "Do not touch my anointed ones, and do not let my prophets be harmed." Psalm 105:15

ദിനവൃത്താന്തം (Chronicles) ആദം മുതലുള്ള മനുഷ്യചരിത്രമായാണ് അവതരിപ്പിക്കപ്പെട്ടിരിക്കുന്നത്. മനുഷ്യനുണ്ടായത് കോടാനുകോടി വർഷങ്ങളിലൂടെയുള്ള പരിണാമത്തിലൂടെയാണെന്നും, ആദമെന്നു പറയുന്നത് സാങ്കൽപ്പിക മനുഷ്യനാണെന്നുമുള്ളത് പരക്കെ അംഗീകരിക്കപ്പെട്ടിരിക്കുന്ന കാര്യങ്ങൾ. ബൈബിളിലെ കണക്കു പ്രകാരം ആദം മുതൽ വംശാവലി യേശുവിലെത്തുമ്പോൾ 77 ഓളം തലമുറകളാകും. ഒരു തലമുറക്ക് വേണ്ട (22-32) വർഷങ്ങളെ ഈ 77 കൊണ്ടു ഗുണിച്ചാൽ (77 X 32) 2464 എന്നു കിട്ടും. യേശുമുതൽ ഇതുവരയുള്ള 2018 വർഷങ്ങൾക്കൂടി കൂട്ടിയാൽ 4482 എന്ന് കിട്ടും; ഇതയും കാലേമ ആയിട്ടുള്ളോ ഭൂമിയിൽ മനുഷനുണ്ടായിട്ട്? പഴയനിയമത്തിന്റെ കാലപ്പഴക്കത്തെപ്പറ്റി ടെൽ അവീവ് യൂണിവാഴ്സിറ്റി നടത്തിയ ഗവേഷണത്തിൽ മനസ്സിലായത്, വെറും നാലോ അഞ്ചോ നൂറ്റാണ്ടുകളെ ഇതിനു പഴക്കമുള്ളൂവെന്നാണ്. അതായത്, അക്കാലത്ത് നിലവിലുണ്ടായിരുന്ന തിരഞ്ഞെടുക്കപ്പെട്ട രചനകളുടെ സമാഹാരം മാത്രമാണ് പഴയനിയമം. അതിൽ യാഥാർത്ഥ്യമുണ്ട് പക്ഷെ, അതിലേറേ സങ്കൽപ്പങ്ങളാണുള്ളത്. ഇതിഹാസ കൃതികളുടെ പ്രത്യേകതയാണത്. ദൈവം അഭിഷിക്തരെ തിരഞ്ഞെടുക്കുന്നുവെന്ന ചിന്തയുടെ പശ്ചാത്തലത്തിൽ മെനഞ്ഞ കൃതികളാണവയൊക്കെ. അന്നു നാലോളം തരത്തിലുള്ള ആദം - ഹവ്വാ പറുദീസാ കഥകൾ നിലവിലുണ്ടായിരുന്നു. അതിൽ കൊള്ളാവുന്ന ഒരെണ്ണം എടുത്തുവെന്നതാണു ശരി. ഞാനുദ്ദേശിക്കുന്നത്, ദൈവത്തിന്റെ ആജ്ഞയെന്നൊരു മുഖം മുകളിൽ പറഞ്ഞിരിക്കുന്ന പഴയനിയമ വചനങ്ങൾക്കു കൊടുക്കാനാവില്ലായെന്നതാണ്. ദൈവം മതം സ്ഥാപിച്ചോ വൈദികരെയും മെത്രാന്മാരെയും നിയമിച്ചോ, അവരെന്തു ചെയ്യണമെന്നാണ് ദൈവം ആഗ്രഹിച്ചിരിക്കാനിടയുള്ളത്, അതാണോ ഇപ്പോൾ നടക്കുന്നത്

തുടങ്ങിയുള്ള വിവാദപ്രശ്നങ്ങളിലേക്കു കടക്കുന്നില്ല. സങ്കിർത്തനങ്ങളാകട്ടെ, എന്നെഴുതിയതാണെന്നോ, ആരെഴുതിയതാണെന്നോ ആർക്കുമറിയില്ല - അഡ്രസ്സ് ദാവീദിന്റെയാണെന്നേയുള്ളൂ.

വചനമെടുത്തു തലങ്ങും വിലങ്ങും എറിയുന്നവർ ആഗ്രഹിക്കുന്നു, സഭയെ വിമർശിക്കുന്നവർക്ക് ദൃശ്യമായ നാശം വരണം (പക്ഷെ, അതു സംഭവിക്കുന്നതിന്റെ ഒരു സൂചനയും ഇപ്പോഴില്ല; അങ്ങേയറ്റത്തെ ദൈവാനുഗ്രഹത്തിന്റെ നിരവധി കഥകൾ അവർക്കു പറയാനുണ്ടു താനും). നവീകരണക്കാരാകട്ടെ എല്ലാവരും നന്നാകണമെന്നാണാഗ്രഹിക്കുന്നത്; ഒരു ബൈബിൾ വാചകവും അവരെടുത്തെങ്ങോട്ടും എറിയുന്നുമില്ല, അതുപറഞ്ഞാരെയും ഭീഷണിപ്പെടുത്തുന്നുമില്ലെന്നത് വൈരുദ്ധ്യം. ദൈവശിക്ഷയെന്ന് ഒറിജിനൽ ദൈവമക്കൾ അവകാശപ്പെടുന്ന തട്ടും മുട്ടും കൂടുതലും കിട്ടുന്നത് കുഞ്ഞാടുകൾക്കു തന്നെ! അകത്തോ പുറത്തോ സമാധാനമുണ്ടായിരുന്നെങ്കിൽ ധ്യാനഗുരുക്കന്മാരുടെ രോഗശാന്തി തേടി അവർക്കൊരിടത്തും പോകേണ്ടി വരില്ലായിരുന്നു. ഇനിയിതു വായിക്കുന്നവർ പറയൂ, ആരുടെ നേരെയാണ് ദൈവം വാളോങ്ങിയിരിക്കുന്നത്? ദൈവം ആരെയും ശിക്ഷിക്കുന്നുവെന്നും രക്ഷിക്കുന്നുവെന്നും ഞാൻ വാദിക്കുന്നില്ല. കാര്യകാരണചങ്ങലയിൽ കുരുങ്ങിക്കഴിയുന്ന ഈ ജീവിതത്തിൽ സംഭവിക്കുന്നതിനെ വിധിക്കാൻ എനിക്കു താൽപ്പര്യവുമില്ല. ഒറ്റ കാര്യമേ ഈ സഭാഭക്തരോട് എനിക്കു പറയാനുള്ളൂ, ദൈവത്തെ സദയം അളക്കരുത്, ഇളക്കുകയുമരുത്!

**നാരദനും ഇലവു മരവും - കടപ്പാട്: ദിപിക (20 06 18)**




സീറോ മലബാർ സഭയുടെ ഇപ്പോഴത്തെ അവസ്ഥയാണ്, ഈ കഥയിലൂടെ ദിപിക പറഞ്ഞതെന്ന് തോന്നുന്നു!

ഒരു പുരാണകഥ, പണ്ടുപണ്ടു ഭീഷ്മർ യുധിഷ്ഠിരനോടു പറഞ്ഞിട്ടുള്ള പല കഥകളിലൊന്നാണിത്.

നാരദമഹർഷി നാടുചുറ്റി നടക്കുന്ന അവസരം. ഒരിക്കൽ യാത്രയ്ക്കിടയിൽ വല്ലാത്ത ക്ഷീണം തോന്നി. അടുത്തുകണ്ട ഒരു വലിയ ഇലവുമരത്തിനടിയിൽ വിശ്രമിക്കാനിരുന്നു.

നാരദൻ അങ്ങനെ ആ ഇലവുമരത്തണലിൽ വിശ്രമിക്കുമ്പോൾ ആ മരത്തിന്റെ വലുപ്പംകണ്ട് അദ്ഭുതപ്പെട്ടു. ആ വന്മരം നിറയെ കവരങ്ങളും കമ്പുകളും ഇലകളുമായിരുന്നു. ഇതുപോലെ, ആ വന്മരത്തിന്റെ ചില്ലകളിൽ ഒട്ടേറെപ്പക്ഷികൾ കൂടുകൂട്ടിയിരുന്നു.

അദ്ഭൂതം നിറഞ്ഞ നയനങ്ങളോടെ ആ വന്മരത്തെ നോക്കിയിട്ടു നാരദൻ ആ മരത്തിനോടു പറഞ്ഞു:

‘‘അല്ലയോ ഇലവുമരമേ, നിന്റെ വലുപ്പം അപാരം തന്നെ! നിന്നിൽ നിറയെ കവരങ്ങളും കമ്പുകളും ഇലകളുമാണല്ലോ. വായുഭഗവാൻ നിന്റെ

സുഹൃത്തായിരിക്കണം. അല്ലായിരുന്നുവെങ്കിൽ എത്രയോപണ്ടേ കൊടുങ്കാറ്റേറ്റു നിന്റെ ശാഖകളും ഇലകളുമൊക്കെ അപ്രത്യക്ഷമാകുമായിരുന്നു.''

നാരദൻ പറഞ്ഞുനിർത്തിയപ്പോൾ ഇലവുമരം പറഞ്ഞു: ''മഹാമുനീ, അങ്ങ് എന്താണീ പറയുന്നത്? വായുഭഗവാൻ എന്റെ സുഹൃത്താണെന്നോ? ഞാൻ എന്താ ബ്രഹ്മാവാണോ കാറ്റ് എന്നെ ബഹുമാനിക്കാൻ? കാറ്റ് വലിയ കേമനായിരിക്കാം. എന്നാൽ, എന്റെ ശക്തി എന്തുമാത്രമാണെന്ന് കാറ്റിനറിയാം. അതുകൊണ്ടാണ് കാറ്റെന്നെ തൊടാത്തത്. എന്റെ കരുത്തിന്റെ നൂറിലൊരംശംപോലും കാറ്റിനില്ല.''

ഇലവുമരത്തിന്റെ ഈ വാക്കുകൾ കേട്ടപ്പോൾ നാരദൻ പറഞ്ഞു: ''ഇലവുമരമേ, നിന്റെ ധാരണ തെറ്റാണ്. നിന്നിൽ നിറഞ്ഞുനിൽക്കുന്ന അഹങ്കാരം മൂലം നീ സത്യം കാണാതെ പോകുന്നു. കാറ്റിന്റെ ശക്തിയെ ധിക്കരിക്കാൻ ആർക്കുസാധിക്കും? വന്മരങ്ങളെ പിഴുതെറിയാനും വന്മലകളെ ഇടിച്ചു നിരത്താനും കാറ്റിനു സാധിക്കും. കാറ്റ് സർവശക്തിയുമെടുത്ത് ഇളകിയാടിയാൽ ഈ പ്രപഞ്ചംതന്നെ നശിച്ചുപോകും.

പക്ഷേ, നാരദന്റെ ഉപദേശം കേൾക്കുവാനുള്ള വിനയം ഇലവുമരത്തിനുണ്ടായിരുന്നില്ല. ഇലവുമരം പറഞ്ഞു: ''കാറ്റ് അത്ര ശക്തനാണെങ്കിൽ ആ ശക്തിയൊന്നു കാണട്ടെ!''

ഒരു ഇലവുമരത്തിന് ഇത്രയേറെ അഹങ്കാരമോ?! എങ്കിൽ ഇലവുമരത്തിനെ ഒരു പാഠം പഠിപ്പിച്ചിട്ടുതന്നെ കാര്യം. നാരദൻ വേഗം വായുഭഗവാന്റെ അരികിലേക്ക് ഓടി.

അപ്രതീക്ഷിതമായി നാരദനെ കണ്ടു വായുഭഗവാൻ ചോദിച്ചു: ''എന്താണു കാര്യം? എന്താണ് ഒരു മുന്നറിയിപ്പും കൂടാതെ വരാൻ കാരണം?''

നാരദൻ പറഞ്ഞു: ''എന്റെ യാത്രയ്ക്കിടയിൽ ഞാൻ ഒരു ഇലവുമരത്തെ കണ്ടു. ആ മരത്തിനെന്തു ധിക്കാരം! അങ്ങയെക്കാൾ നൂറിരട്ടി ശക്തി ആ മരത്തിനുണ്ടെന്നാണ് അതിന്റെ വിചാരം. പോരെങ്കിൽ ആ മരം അങ്ങയെ നിന്ദിക്കുകയും ചെയ്തിരിക്കുന്നു!

നാരദന്റെ വിവരണം കേട്ടപ്പോൾ വായുഭഗവാൻ ഇലവുമരത്തെ നേരിൽക്കാണാമെന്നു കരുതി ആ മരത്തിന്റെ അരികിലേക്കു ചെന്നു. ഇലവുമരം അപ്പോഴും അഹങ്കാരത്തോടെ അങ്ങനെ തലയുയർത്തി നിൽക്കുകയായിരുന്നു. അതുകണ്ട വായുഭഗവാൻ പറഞ്ഞു:

‘‘നിന്റെ ധിക്കാരം കുറെ കൂടിപ്പോകുന്നുണ്ട്, കേട്ടോ. നീ നാരദനോടു പറഞ്ഞതെല്ലാം ഞാൻ അറിഞ്ഞു. പണ്ട് ബ്രഹ്മാവ് നിന്റെ തണലിൽ വിശ്രമിച്ചിട്ടുണ്ട്. ആ ഒറ്റക്കാര്യം ഓർമിച്ച് ഞാൻ ഇതുവരെ നിന്നോടു സ്നേഹപൂർവം പെരുമാറുകയായിരുന്നു. ഒരിക്കൽപ്പോലും നിനക്കെതിരേ ഒരു കൊടുങ്കാറ്റ് ഞാൻ അഴിച്ചുവിട്ടിട്ടില്ല.’’

വായുഭഗവാന്റെ ഈ വാക്കുകൾ കേട്ടിട്ടും ഇലവുമരത്തിന് ഒരു മനഃപരിവർത്തനവും വന്നില്ല. ഒരു ചിരി പാസാക്കിക്കൊണ്ട് ഇലവുമരം പറഞ്ഞു: ‘‘വെറുതെ വാചകമടിച്ച് കേമനാണെന്നു സ്ഥാപിക്കാൻ നോക്കണ്ട. കരുത്തുണ്ടെങ്കിൽ അതു കാണിക്കൂ. അപ്പോൾ അറിയാം, ആർക്കാണ് ശക്തി കൂടുതലെന്ന്.’’

വായുഭഗവാൻ പിന്നെ അധികമൊന്നും പറഞ്ഞില്ല. പിറ്റേദിവസം കാണാമെന്ന്, പറഞ്ഞ് അദ്ദേഹം പിരിഞ്ഞു.

വായുഭഗവാൻ പോയിക്കഴിഞ്ഞപ്പോൾ ഇലവുമരം സ്വയം ചിന്തിക്കാൻ തുടങ്ങി. താൻ എന്ത് അബദ്ധമാണ് കാണിച്ചത്! കാറ്റിനെ എതിർത്തു തോല്പിക്കുവാനുള്ള ശക്തി തനിക്കുണ്ടോ? ഒരു കൊടുങ്കാറ്റാഞ്ഞടിച്ചാൽ താൻ നിലംപതിക്കില്ലേ? വെറുതെ അബദ്ധം പറഞ്ഞുപിടിപ്പിക്കേണ്ടായിരുന്നു.

കുറച്ചുകൂടി ആലോചിച്ചപ്പോൾ ഇലവുമരത്തിന് ഒരു ബുദ്ധി തോന്നി. ഇലവുമരം സ്വയം പറഞ്ഞു: ‘‘എനിക്കു ശക്തി കുറവാണെന്നു നാരദൻ പറഞ്ഞതു ശരിതന്നെ. എന്നാൽ എനിക്ക് നല്ല ബുദ്ധിയുണ്ട്. എന്റെ ബുദ്ധികൊണ്ട് കാറ്റിന്റെ ശക്തിയെ ഞാൻ നേരിടും.”

എന്തായിരുന്നെന്നോ ആ ബുദ്ധി?

മരത്തിൽ കവരങ്ങളും കമ്പുകളും ഇലകളുമുണ്ടെങ്കിലല്ലേ കാറ്റ് ആഞ്ഞടിച്ച് അവയെ നശിപ്പിക്കൂ? കാറ്റിന്റെ ഭീഷണിയിൽനിന്ന് ഒഴിവാകുവാനായി ഇലവുമരം സ്വയം തന്റെ കവരങ്ങളും കമ്പുകളും ഇലകളുമെല്ലാം അടർത്തിക്കളഞ്ഞു. പിറ്റേദിവസം കാറ്റ് കൊടുങ്കാറ്റായി ആഞ്ഞടിച്ചുവരുമ്പോൾ പഴയ വന്മരത്തിന്റെ സ്ഥാനത്ത് അതിന്റെ വലിയ തായ്ത്തണ്ടുമാത്രം നിൽക്കുന്നു!

**SMC4U ക്കാരെയും തോണ്ടരുത് (21 06 18)**

'ഇവരെ സൂക്ഷിക്കുക'യെന്ന വാട്ടർമാർക്കും പതിപ്പിച്ച്, 'ആ വലയിൽ ആരും വീഴരുത്, നിത്യ നാശം' എന്നുള്ള സൈൻ ബോർഡും തൂക്കി, SMC4U വിന്റെ ഫെയിസ്ബുക്ക് പേജിലെ ലേഖനങ്ങൾ മറ്റു മീഡിയാകളിലൂടെ ഫോർവേർഡ് ചെയ്യപ്പെടുന്നു; വളരെ സന്തോഷമേയുള്ളൂ സഹോദരരെ. SMC4U ന് പറയാനുള്ളത് ലോകം മുഴുവൻ കേൾക്കട്ടെ! മറുപടി ബൈബിൾ ക്വൊട്ടേഷനുകളായി വരുന്നുണ്ട് - എല്ലാം പി ഒ സി മയം. ആദ്യ പതിപ്പു മുതൽ അനേകം വിവർത്തനങ്ങളിലൂടെ ബൈബിൾ കടന്നു പോയപ്പോൾ നിരവധി തിരുത്തലുകൾ ബൈബിൾ വിവർത്തനങ്ങളിലും കടന്നുകൂടി - ബോധപൂർവ്വവും അല്ലാതെയും. "എന്നിലൂടെയെല്ലാതെ ആരും സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നില്ല..." "ഞാനേകപുത്രനാകുന്നു..." തുടങ്ങിയ വചനങ്ങൾ പിന്നീട് കൂട്ടിച്ചേർക്കപ്പെട്ടവയാണ്. മത്തായി 6:22 ലെ "കണ്ണുകൾ ശരീരത്തിന്റെ വിളക്കാണെന്നു ...." തുടങ്ങുന്ന വചനത്തിൽ പി ഓ സി വരുത്തിയ വ്യത്യാസം ഉദാഹരണമായി അടുത്തകാലത്തു ഞാൻ ചൂണ്ടിക്കാണിച്ചിരുന്നു. കിംഗ് ജയിംസ് ബൈബിളിൽ ഉൾക്കണ്ണിനെപ്പറ്റി പരാമർശിക്കുന്ന ഭാഗമാണ് പി ഓ സി തിരുത്തിയത്.

ഇതുപോലത്തെ നിരവധി ചെറിയ ചെറിയ തോണ്ടലുകളിലൂടെ ആവശ്യത്തിനനുസരിച്ച് അർത്ഥം വ്യത്യാസം വരുത്തിയ വചനങ്ങളെപ്പറ്റി ശ്രീ. ജോസഫ് പുലിക്കുന്നേൽ ഒരു വലിയ ലേഖനം തന്നെ ഒരിക്കൽ എഴുതുകയുണ്ടായി. ഓശാനാമൗണ്ട് ലൈബ്രറിയിൽ ഈ പതിപ്പുകളെല്ലാമുണ്ട്. ആർക്കും പരിശോധിക്കാം. പി. ഓ സി ബൈബിളാണ് കർത്താവിന്റെ വാക്കുകളെന്ന അത്മായാ തിയോളജിയന്മാരുടെ വിരട്ട് SMC4U വിനോട് വേണ്ട! യേശുവിന്റെ വചനങ്ങളൊന്നും പഠിക്കാനുള്ളതോ തിരികത്തിച്ചു വെച്ച് ആരാധിച്ചുകൊണ്ടിരിക്കാനോ ഉള്ളതല്ല പകരം ഗ്രഹിക്കാനുള്ളതാണ്, അതായിത്തീരാനുള്ളതാണ്. അതിനുള്ള വരം ലഭിക്കുന്നത് ബുദ്ധിമാന്മാരെന്നഭിമാനിക്കുന്നവർക്കല്ലെന്നതും പ്രത്യേകം ഓർക്കണം. ആദിമ ക്രിസ്ത്യാനികളിലാരും വചനം എവിടെങ്കിലും എഴുതിവെച്ചിട്ട് അതിന്റെ മുന്നിൽ ചമ്രം പടിഞ്ഞിരുന്നു സമയം കളഞ്ഞതായി ഞാൻ കേട്ടിട്ടില്ല. അക്കാലത്ത് നിലവിലുണ്ടായിരുന്ന അനേകം കൃതികളിൽ നിന്ന് ഉചിതമായത് തിരഞ്ഞെടുക്കപ്പെട്ടു. അതാകട്ടെ ഒരു പ്രത്യേക ദാർശനികതയുള്ളവ മാത്രമായിരുന്നു താനും. നഷ്ടപ്പെട്ട സുവിശേഷങ്ങൾ എന്ന പേരിൽ ഒരു ഗ്രന്ഥം ഇന്ന് ലഭ്യമാണ്. അതിൽ ഡിഡിമസ് തോമസ് എഴുതിയതെന്ന് വിശ്വസിക്കപ്പെടുന്ന സുവിശേഷവുമുണ്ട്. പക്ഷെ, മത്തായി മാർക്കോസ് ലൂക്കാ യോഹന്നാൻ എന്നീ

ശിക്ഷ്യർക്ക് ചാർത്തിക്കൊടുത്തിരിക്കുന്ന 'സുവിശേഷകൻ' പദവി അവരാരെങ്കിലും അർഹിക്കുന്നതാണെന്ന് അസന്നിഗ്ദമായി പറയാൻ സഭക്കാവില്ല.

ദൈവത്തെ തേടി ഒരു മലമുകളിലും ഞാൻ പോകാറില്ല, ദൈവം ഇവിടെയാണെന്നു പറഞ്ഞോ, ഇത് ചെയ്തില്ലെങ്കിൽ ദൈവം തൂക്കിക്കൊല്ലുമെന്നു പറഞ്ഞോ ആരെയും പറ്റിക്കാറുമില്ല. എനിക്ക് ബൈബിൾ വായിച്ചിട്ടു മനസ്സിലായത്, നിത്യരക്ഷ കിട്ടിയേക്കാമെന്നല്ല, ഉറപ്പായിട്ടും ഉണ്ടെന്നാണ്. ഒരിക്കൽ, പാലായിലെ ഒരു ഗ്രൗണ്ടിൽ ഒരു വലിയ കരിസ്മാറ്റിക് സമ്മേളനം നടക്കുകയായിരുന്നു. നടത്തുന്നത് അക്കാലത്തെ അതിപ്രഗത്ഭൻ! ആദ്യം കാറ്റു തുടങ്ങി, പതിയെ മഴ ചാറാനും തുടങ്ങി. അച്ചൻ പറഞ്ഞു, ഉണർന്നു പ്രാർത്ഥിക്കുവിൻ. എല്ലാവരും ഭയങ്കര ശബ്ദത്തിൽ പരി.ആത്മാവിനെ വിളിച്ചു പ്രാർത്ഥിക്കുവാനും തുടങ്ങി. അടുത്ത കാറ്റിനു പന്തലും പോയി, ജനം മുഴുവൻ പെരുമഴയത്തുമായി! സ്നേഹിതരെ, ആരാണു കാറ്റിന്റെയും മഴയുടെയും നിയമം ഈ ഭൂമിയിൽ സ്ഥാപിച്ചത്? ദൈവം. ദൈവം സ്ഥാപിച്ച നിയമത്തെ ചെകുത്താന്റെ ഇടപെടലായി വ്യാഖ്യാനിച്ചതാരാണ്? മനുഷ്യൻ. അവൻ ദൈവത്തോട് പ്രാർത്ഥിക്കുന്നു, 'ദൈവമെ, ഈ നിയമം എനിക്കു വേണ്ട; ആ നിയമം അല്പനേരത്തേക്കു മാറ്റേണമേ.' ഈ പ്രാർത്ഥന കേട്ടു കേട്ടു മടുക്കുമ്പോൾ ദൈവം പറയും 'സാർ, ഇനി മേൽ സ്വന്തം നിയമമുണ്ടാക്കി ജീവിച്ചോളൂ'വെന്ന്.

എന്നു തുടങ്ങി മനുഷ്യൻ, അവന്റെ ജീവിതത്തിലെ ദൈവത്തിന്റെ ഇടപെടൽ സ്വയം നിയന്ത്രിക്കാൻ തുടങ്ങിയോ അന്നു മുതൽ അവന്റെ ജീവിതത്തിൽ അസ്വസ്ഥതകളും തുടങ്ങി. കരിസ്മാറ്റിക് പ്രസ്ഥാനം വിജയിക്കാൻ ജോലിയും കൂലിയും ഉപേക്ഷിച്ചു വായും പൊളിച്ചു മുന്നിലിരിക്കുന്നവരെ ധ്യാനസംഘങ്ങൾക്കാവശ്യമായിരുന്നു, വേണ്ടപ്പെട്ടവർ അതുണ്ടാക്കുകയും ചെയ്തു. പ്രാർത്ഥനയെന്നു പറഞ്ഞാൽ ഹൃദയത്തിൽ നിന്ന് പുറത്തേക്കൊഴുകുന്ന നന്ദിയുടെ ശീലുകളാണെന്നു ജനത്തെ പഠിപ്പിക്കാൻ അഭിഷിക്തരെക്കൊണ്ടു കഴിയുന്നില്ല; ഇനിയും യേശു വരണോ? എന്റെ ശത്രുസ്നേഹിതരെ, ദൈവത്തിന്റെ ശിക്ഷ അനുനിമിഷം ഏറ്റുവാങ്ങുന്നയൊരാളെന്നായിരിക്കും നിങ്ങളെന്നെപ്പറ്റി കരുതുക. ദൈവത്തിന്റെ കൃപ എടുക്കാനാവാത്തത്ര സ്വീകരിക്കാൻ കഴിഞ്ഞ ഒരു വ്യക്തിയാണു ഞാൻ. എന്റെ ജീവിതത്തിലുമുണ്ടായിരുന്നു പ്രശ്നങ്ങളെന്നു വിളിക്കാൻ കൊള്ളാവുന്നവ. എല്ലാറ്റിനെയും നന്ദിപൂർവ്വം സ്വീകരിക്കാൻ ഞാൻ പഠിച്ചു - ഏറ്റവും വലിയ വിദ്യാഭ്യാസം അതായിരുന്നുവെന്നാണെന്റെ വിശ്വാസം.

അപകടങ്ങളും യാദൃശ്ചികതകളുമൊക്കെ എന്റെ ജീവിതത്തിലും സംഭവിച്ചിട്ടുണ്ട് - സംഭവിക്കേണ്ടതു സംഭവിക്കും; യാതൊന്നും ദൈവം അറിയാതെ സംഭവിക്കുകയുമില്ല. ദൈവം ചെയ്യുന്നതെല്ലാം മനുഷ്യന്റെ നന്മക്കായാണെന്നു ഞാൻ വിശ്വസിക്കുന്നു. സൃഷ്ടിയുടെ ഓരോ ഘട്ടത്തിലും നന്നായിരിക്കുന്നുവെന്നഭിപ്രായപ്പെടുന്ന ഒരു ദൈവത്തെയാണ് നാം കാണുന്നത്. അതേ ദൈവത്തെയാണ് ഞാനെന്നും കാണുന്നത്. എന്റെ ദൈവം ആകാശങ്ങളിലോ അത്യുന്നതങ്ങളിലോ അല്ല - രണ്ടും എന്റെയുള്ളിൽത്തന്നെയാണെന്നാണെന്റെ അനുഭവം. അതുകൊണ്ട് തന്നെ ദൈവവുമായി ബന്ധപ്പെടാൻ എനിക്കൊരിടത്തും പോകേണ്ടിയും വന്നിട്ടില്ല. നിരവധി സ്നേഹിതരെയും കുട്ടികളെയും ദൈവവുമായി ഒരു സുഹൃദ്ബന്ധം സ്ഥാപിക്കുന്നതെങ്ങിനെയെന്ന് പറഞ്ഞു പഠിപ്പിച്ചു കൊടുത്തിട്ടുണ്ട്; ഒരാളു പോലും പാഴായിട്ടില്ല - എല്ലാവരും ജീവിതത്തിൽ നേട്ടങ്ങൾ വാരിക്കൂട്ടി. അവരൊക്കെ, സദാ ദൈവത്തിന്റെ സാന്നിദ്ധ്യം കാണുന്നു, അനുഭവിക്കുന്നു. അവരുടെ പ്രശ്നങ്ങൾ കൂടെയുള്ള ആ ദൈവത്തോടവർ പറയുന്നു, ദൈവമതേറ്റെടുത്ത് പരിഹരിച്ചും കൊടുക്കുന്നു. ഇടക്ക് ദല്ലാൾമാരുമില്ല, പണമിടപാടുമില്ല, കാറിച്ചയുമില്ല, കൂവിച്ചയുമില്ല! ദൈവത്തിന്റെ ഓരോ നീക്കവും ദൂരവ്യാപകമായ ഗുണങ്ങളുള്ളതാണെന്നു പിന്നീട് ഓരോരുത്തരും മനസ്സിലാക്കുകയും ചെയ്യുന്നു. ദൈവം എന്തു തരുന്നോ അതു സന്തോഷത്തോടെ സ്വീകരിക്കുന്നവരുടെ ഒരു സൈന്യമായാണു നാം മാറേണ്ടത്, അല്ലാതെ തട്ടിൽപ്പിതാവിന്റെ ദാസന്മാരായിരിക്കുന്നതിനല്ല പ്രാമുഖ്യം. അവരിന്നു പറയുന്നത് നാളെ മാറ്റിപ്പറഞ്ഞെന്നിരിക്കും. എന്റെ ദൈവം എന്നോടൊരിക്കലും വാക്കുവ്യത്യാസം കാണിച്ചിട്ടില്ല, കാണിക്കുകയുമില്ല.

ഓർത്ത് കരയാൻ യാതൊന്നും ദൈവം ഞങ്ങളുടെ ജീവിതത്തിൽ തന്നിട്ടില്ല. പാരമ്പര്യമില്ലാതെ എന്തു ജീവിതമെന്നോർത്തു കേഴുന്നവർ ഓർക്കുക, നിങ്ങളേക്കാൾ സന്തോഷത്തിലും സമാധാനത്തിലുമാണ് വിമതരെന്നു നിങ്ങൾ വിശേഷിപ്പിക്കുന്ന ജനം! പള്ളി പണിക്കു പണം കൊടുക്കാനുള്ള വൈമനസ്യമാണെതിർപ്പിന്റെ പിന്നിലെന്ന് പറഞ്ഞാക്ഷേപിക്കരുത്. തൽത്തേജ് പള്ളി പണിക്കു സംഭാവന ചെയ്തവരുടെ ലിസ്റ്റ് ഇപ്പോഴും ഉണ്ട്. ഇപ്പോഴത്തെ ഷംഷാബാദ് ഗ്രൂപ്പ് ആകെ നൽകിയതിന്റെ എട്ടിരട്ടിയിൽ കൂടുതൽ ധനമായും, നിർണ്ണായക സാങ്കേതിക പിന്തുണകൾ അതാതു സമയത്തും SMC4U അംഗങ്ങൾ ചെയ്തിട്ടുണ്ട്. ദൈവത്തെ മാത്രമല്ല SMC4U ക്കാരെയും തോണ്ടരുത്; ദൈവം പിൻകാലുകൊണ്ട് തൊഴിച്ചെന്നിരിക്കും.

**ഈ വിലയിരുത്തലുകൾ കാണാതെ പോകരുത്! (22 06 18)**

'ദൈവത്തെ തോണ്ടരുതെ'ന്ന പേരിൽ ഞാനെഴുതിയിരുന്ന പോസ്റ്റിന്, അതിനേക്കാൾ ചിന്തനീയമായ ആശയങ്ങളുള്ള അഭിപ്രായങ്ങൾ എഴുതപ്പെട്ടു കണ്ടു. എന്റെ അഭിഷിക്തനെ തൊട്ടാൽ (അവരെന്തു പോക്രിത്തരം കാണിച്ചാലും) ദൈവം കത്തിച്ചുകളയുമെന്ന അർത്ഥത്തിൽ ദിനവൃത്താന്തത്തിലും സങ്കിർത്തനങ്ങളിലും എഴുതപ്പെട്ടിട്ടുണ്ടെന്നാവർത്തിച്ചുകൊണ്ട് ഭരണാധികാരികളുടെ ആരാധകർ തുടർച്ചയായി നടത്തിക്കൊണ്ടിരിക്കുന്ന ഭീഷണികളുടെ അർത്ഥമില്ലായ്മയായിരുന്നു, ലേഖനത്തിലെ പരാമർശം. ശ്രീ ജിജി ഫിലിപ്പ് എഴുതി, "It seems that these idiots want people to believe that God is a clerk in Shamshabad palace who is working only as per the orders of their big bishop! Don't understand whether they themselves are brainless or whether they think all others are brainless!" ഓരോ ദിവസവുമെന്ന കണക്കിൽ നിരവധി നിയമങ്ങളും ആചാരങ്ങളുമാണ് സഭയിലേക്ക് വന്നുകൊണ്ടിരിക്കുന്നത്. എല്ലാത്തിനും ഓഫറുകളുണ്ട് - നിത്യസ്വർഗ്ഗം, പലയളവിൽ! ജിജി ചോദിക്കുന്നത്, ഇവർ പറയുന്നതുപോലെ ചെയ്തുകൊണ്ടിരിക്കുന്ന ബഞ്ച് ക്ലർക്കാണോ ദൈവമെന്നതാണ്. ആണെന്നു വിശ്വസിക്കുന്ന ആരെങ്കിലുമുണ്ടെങ്കിൽ അവരെ Fool, Stupid, Idiot ഈ വാക്കുകളെല്ലാംകൂടി ചേർത്ത് 'Fostid' എന്നു വിളിക്കണമെന്നാണെന്റെ അഭിപ്രായം.

ശ്രീ ജോർജ്ജ് ജോസഫിനു മാത്രമല്ല, അനേകർക്കറിയാം, പഴയനിയമങ്ങൾ മിത്തുകളുടെ സമാഹാരമാണെന്ന്. പ്രൊഫ. സെബാസ്റ്റ്യൻ വട്ടമറ്റം എഴുതിയതിങ്ങനെ, "ഉൽപ്പത്തി മിത്തോളജിയാണ്, 'വെറും മിത്തോളജി'യല്ല. പുരാണങ്ങളിൽനിന്നു രൂപംകൊള്ളുകയും മനുഷ്യമനസ്സുകളിൽ പതിഞ്ഞ് അവരുടെ ആത്മബോധത്തെയും വിശ്വാസസംഹിതയേയും മൂല്യബോധത്തേയും ആഴത്തിൽ സ്വാധീനിക്കുകയും ചെയ്യുന്നവയാണ് മിത്തുകൾ. ശാസ്ത്രീയധാരണകളെക്കാൾ ജീവിതത്തെ നിയന്ത്രിക്കുന്നതും മിത്തുകളാണ്. അതുകൊണ്ടാണ് അവയുടെ തന്ത്രപൂർവ്വമായ വ്യാഖ്യാനങ്ങളിലൂടെ മതമടക്കമുള്ള അധികാരകേന്ദ്രങ്ങൾക്ക് സാമാന്യജനത്തിനുമേൽ ആധിപത്യമുറപ്പിക്കാൻ കഴിയുന്നത്. അതിനെ നേരിടുന്നതിന് യുക്തിവാദമല്ല മിത്തുകളൂടെ വിമോചകമായ പുനർവ്യാഖ്യാനങ്ങളാണൂ നടക്കേണ്ടത്." പല

കാരണങ്ങൾക്കൊണ്ടും നിരവധി പ്രഗത്ഭരുടെ സാന്നിദ്ധ്യമുള്ള ഒരു FB പേജാണിത്. ശിക്ഷ്യനായ ജിജിയുടെ സജീവസാന്നിദ്ധ്യമുള്ളതുകൊണ്ട് വട്ടമറ്റം സാറിന്റെ അറിവിന്റെ തുണ്ടുകളും ഇവിടെ പങ്കുവെയ്ക്കപ്പെടുന്നു. പഴയനിയമത്തെപ്പറ്റിയുള്ള സർവ്വ തർക്കങ്ങൾക്കും അദ്ദേഹം മറുപടി പറഞ്ഞിരിക്കുകയാണ്. അദ്ദേഹം പറഞ്ഞത് തന്നെയാണു ശരി. കോപിക്കുന്ന ദൈവത്തെ കാണിച്ചു മനുഷ്യനെ പേടിപ്പിക്കാൻ പഴയനിയമത്തിൽ നിന്നും, സ്നേഹിക്കുന്ന ദൈവത്തെ കാണിക്കാൻ പുതിയ നിയമതത്തിൽ നിന്നും ഉദ്ധരണികൾ. കിട്ടുന്നതെല്ലാം വിഴുങ്ങുന്ന വിശ്വാസിയെയാണ് ജിജി ഫിലിപ്പ് 'ഇഡിയറ്റ്' എന്ന് വിളിക്കുന്നത്.

അഡ്വ. ഫിലിപ്പ് പഴേമ്പള്ളി സാർ പൊതുവേ ഒരു നല്ല നിരീക്ഷകനാണ്, അദ്ദേഹം ആവശ്യപ്പെടുന്നത് മത്തായി 9:36 ഒന്നു വായിക്കാനാണ്. "ജനക്കൂട്ടത്തെ കണ്ടപ്പോൾ യേശുവിന് അലിവു തോന്നി. കാരണം, അവർ ഇടയനില്ലാത്ത ആടുകളെപ്പോലെ അവഗണിക്കപ്പെട്ടവരും മുറിവേറ്റവരും ആയിരുന്നു." ഇന്നത്തെ വിശ്വാസി സമൂഹത്തിന്റെ യഥാർത്ഥ ചിത്രമാണത്. ഇവിടെ യേശുവിന്റെ മുഖത്തു ജ്വലിച്ചു നിൽക്കുന്ന ഒരു വികാരമുണ്ട് അനുകമ്പ. കരുണക്കു വേണ്ടി നാമൊരു വർഷം ആചരിച്ചു, ചേർത്തലയിൽ ഒരു മുൻ സണ്ടേ സ്കൂൾ അദ്ധ്യാപിക മരിച്ചപ്പോൾ അവരെ പള്ളി സെമിത്തേരിയിൽ അടക്കില്ലെന്നു പ്രഖ്യാപിച്ചു കൊണ്ട് നാമാ വർഷമവസാനിപ്പിക്കുകയും ചെയ്തു. അനുകമ്പയുടെ കാര്യം ഫാ. ജോർജ്ജ് വെട്ടുകാട്ടിലെന്ന മിഷനറി വൈദികൻ പറയുന്നു: "Compassion. That is the key word that defines the ministry of Christ. That perhaps is what the Church lacks today." മിഷ്യൻ കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന അദ്ദേഹത്തെപ്പോലെയുള്ള നിരവധി വൈദികർ ഈ അനുകമ്പയുടെ അർത്ഥം മനസിലാക്കിയവരാണ്. കേരള കത്തോലിക്കാ സഭയിൽ കണികാണാൻ പോലുമില്ലാത്ത ഒരു സാധനമാണിത് - അനുകമ്പ! ഇക്കഴിഞ്ഞ ഏപ്രിൽ 24 ന് SMC4U കമ്മറ്റിയംഗങ്ങളുമായി ഒരു കൂടിക്കാഴ്ച്ച നടത്തി, അതിനെ 'പെന്തക്കുസ്താ അനുഭവമെന്നു' വിശേഷിപ്പിച്ചു മടങ്ങിയ തട്ടിൽപ്പിതാവ് ഒരാഴ്ച തികയുന്നതിനു മുന്നേ, പറഞ്ഞതു മുഴുവൻ വിഴുങ്ങി, ഞാനവരെ അറിയില്ലെന്ന് ഇടയലേഖനവുമിറക്കി. അനുകമ്പയെന്ന വാക്കിന്റെ അർത്ഥമറിയില്ലാത്ത ഇത്തരം മെത്രാന്മാരാണ് സീറോ മലബാർ സഭയുടെ നേട്ടം!

ശ്രീ ജസ്റ്റിൻ പതാലിൽ നടത്തിയ നിരീക്ഷണം മനോഹരം തന്നെ. അദ്ദേഹമെഴുതി, ".....ഓരോ നിശ്വാസവും ദൈവം അറിയുന്നുവെങ്കിൽ നാം ചെയ്യുന്ന തെറ്റും ദൈവം അറിയുന്നുണ്ടാവില്ലേ? ആ തെറ്റ് ഏതെങ്കിലും വിധത്തിൽ ആർക്കെങ്കിലും ഗുണകരമാകുന്നതിനു വേണ്ടി ദൈവം തന്നെ തീരുമാനിച്ചതല്ലെന്നാരറിഞ്ഞു?

സ്വന്തം അപ്പനോടെന്നപോലെ സ്വാതന്ത്ര്യത്തോടെ ഇടപെടാൻ കഴിയുന്ന രീതിയിൽ ദൈവത്തെ അവതരിപ്പിക്കാം. പക്ഷെ, അങ്ങിനെ വരുമ്പോൾ ഇടനിലക്കാർക്കു പണിയില്ലാതാവില്ലേ?" ഇതായിരിക്കണം നമ്മുടെ കാഴ്ച്ചപ്പാടുകൾ - ഇതുമാത്രമായിരിക്കണം നമ്മുടെ മനസ്സിലാക്കൽ. ഇവിടെ നടക്കുന്നതെല്ലാം ദൈവം അറിയുന്നു; പൂർണ്ണമായും പ്രകാശം മാത്രമായ ഒരനുഭവം ദൈവത്തിനു പോലും സാദ്ധ്യമല്ല. 'എങ്ങും അന്ധകാരം വ്യാപിച്ചിരിക്കുന്നിടത്തേ' അരൂപിക്കു ചലിക്കാനാവുമായിരുന്നുള്ളൂ. തെറ്റില്ലാതെ ശരിയുമില്ല, നല്ലതില്ലാതെ മോശവുമില്ല - എല്ലാം ഇവിടെ ആവശ്യമാണ് താനും. ദൈവം സൃഷ്ടിച്ചു പരിപാലിച്ചു നടത്തുന്ന ഈ പ്രപഞ്ചത്തിൽ പോരായ്മ കണ്ടുപിടിക്കുന്നവന്റെ അൽപ്പത്ത്വത്തെപ്പറ്റി ചിന്തിച്ചു നോക്കൂ. എപ്പോഴും നന്ദിയോടെയുള്ള സന്തോഷകരമായ ഒരു ജീവിതത്തിനു മാത്രമേ, ഈ പ്രപഞ്ചത്തെ ക്രിയാത്മകവും വിപ്ളവകരവുമായ ഒരു പരിണാമത്തിലേക്കു മാറ്റാൻ സാധിക്കുകയുള്ളൂ. അതായിരിക്കണം വളർച്ചയെന്നു പറഞ്ഞാൽ.

ശ്രീമതി റോസമ്മ അഗസ്റ്റിൻ എഴുതി, "Less interested in practicing Bible." സഭയുടെ വികലമായ കാഴ്ച്ചപ്പാടും നടപടികളും അനേകരെ സഭയിൽ നിന്നു മാത്രമല്ല, ബൈബിളിൽ നിന്നും അകറ്റിയിരിക്കുന്നു. ഇക്കാര്യത്തിൽ എന്റെ കാഴ്ച്ചപ്പാട്, ഓരോരുത്തരും ഇവിടെയായിരിക്കുന്നത് രക്ഷയിൽ ആയിത്തീരാനുള്ള വ്യഗ്രതയും അവശ്യം അറിവുമായാണെന്നാണ്. അന്തരാത്മാവിൽ നിറഞ്ഞിരിക്കുന്ന ഈ ചോദനകൊണ്ടാണ് ബീവർ അണകെട്ടുന്നതും എട്ടുകാലി വല നെയ്യുന്നതുമൊക്കെ. മറ്റൊരർത്ഥത്തിൽ, വചനവുമായാണ് ഓരോരുത്തരും ജനിക്കുന്നത്. അപ്പോൾ ഒരു പ്രത്യേക ഗ്രന്ഥത്തോട് അകൽച്ച പാലിക്കുകയെന്നതല്ല പകരം ജീവിതം ശരിയായ പരിണാമത്തിനനുസൃതമായി രൂപകൽപ്പന ചെയ്യപ്പെടുന്നോയെന്നതിലാണു കാര്യം. ജോർജ് അമ്പൂക്കൻ എഴുതിയതും കാണാതിരിക്കരുത്. മൂപ്പന്മാരുടെ സിനഡിൽ ഒരു വോട്ടിന്റെ ഭൂരിപക്ഷത്തിലാണ് യേശു ദൈവമായത്. ദൈവത്തെപ്പറ്റിയുള്ള സമഗ്രമായ ഒരു മനസ്സിലാക്കലിൽ എത്തുന്നവർക്ക് ഈ തീരുമാനം ഉൾക്കൊള്ളാൻ അത്ര എളുപ്പമല്ല.




വളരെ ശ്രദ്ധേയമായ ഒരു നിരീക്ഷണമാണു ശ്രീ സിറിയക് സെബാസ്റ്റ്യൻ നടത്തിയിരിക്കുന്നത്. അദ്ദേഹം എഴുതിയിരിക്കുന്നു, "ഏതെങ്കിലും മിഷ്യൻ പ്രദേശത്തു മനുഷ്യത്വമുള്ള വൈദികരും മെത്രാന്മാരും കണ്ടെന്നു വരാം. പക്ഷേ, വ്യവസ്ഥാപിത സഭകളിൽ ഇതൊക്കെയാണുള്ളത്. നമ്മൾ സീറോമലബാറായതുകൊണ്ട് ജീർണ്ണത നേരിട്ടുകാണുന്നു - അത്രയേ ഉള്ളൂ. അദ്ദേഹത്തിന്റെ ചിരകാല സുഹൃത്ത് ശ്രീ. ജിജി ഫിലിപ്പ് എല്ലാ ബഹുമാനങ്ങളോടും കൂടി ഒരു കാര്യം പറഞ്ഞു, "സീറോ മലബാർസഭാ നേതൃത്വംപോലെ ഇത്രമാത്രം അസഹിഷ്ണതാ മനോഭാവം ഉള്ള വേറൊരു വ്യവസ്ഥാപിതസഭ ഇന്ത്യയിലെന്നല്ല ലോകത്തു വേറൊരിടത്തും കാണാനിടയില്ലെന്നും, പൗരോഹിത്യ മേൽക്കോയ്മയും അത്മായാ അടിമത്വവും ഇത്രയധികം വെച്ചുപുലർത്തുന്ന വേറൊരു സഭയെപ്പറ്റി കേട്ടുകേൾവിപോലുമില്ലെന്നും. സഭാംഗങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ മാദ്ധ്യമങ്ങളിൽ ചർച്ചചെയ്യപ്പെടുമ്പോൾ പോലും സ്വയം കണ്ണാടിയിൽ നോക്കി ഒരു ആത്മശോധനക്ക് തയ്യാറാകാതെ, പകരം ജനാലയിലൂടെ നോക്കി ഇതരസഭകളെ സാമ്യപ്പെടുത്തി തത്ക്കാലം രക്ഷപ്പെടാമായിരിക്കും. എന്നാൽ, വിശ്വസീസമൂഹത്തിന്റെ മന:സാക്ഷി അടിമത്വത്തിൽ വീർപ്പുമുട്ടുകയാണ്. " ശ്രീ സിറിയക്കിന്റെ അഭിപ്രായത്തിന് ഞാൻ മറുപടി പറഞ്ഞാലും അതിൽ ഈ ആശയങ്ങളും കാണും. പാരമ്പര്യവാദം സഭയിലേക്ക് അടിച്ചുകയറ്റിയപ്പോൾ അത്മായനോടുള്ള ഒരു വെല്ലുവിളിയായാണതെനിക്ക് അനുഭവപ്പെട്ടത്. ഒരു കത്തയച്ചാൽ അതു കിട്ടിയെന്നറിയിക്കാനുള്ള സന്മനസ്സില്ലാത്ത, ആരോടും മറുപടി പറയാൻ ബാദ്ധ്യതയില്ലാതെ, ഒരു ധാർമ്മികതയുമില്ലാതെ പണം ചിലവിടുന്ന ഇത്തരമൊരു തുഗ്ലക്ക്മോഡൽ സഭാ നേതൃത്ത്വം ലോകത്ത് വേറൊരെണ്ണം

കാണില്ല. എല്ലായിടത്തും ഇതൊക്കെയാണ് നടക്കുന്നതെന്ന് കരുതി പ്രതികരിക്കാതിരിക്കുന്നത് ഗുരുതരമായ തെറ്റാണെന്നു കരുതെന്ന ഒരാളാണു ഞാനും.

**ദൈവത്തെത്തേടി (23 06 18)**

ഒരിക്കൽ ഞാനൊരു രസകരമായ കഥ കേട്ടു. അതിങ്ങനെ: ഒരു പിച്ചക്കാരൻ ഏതോ ധ്യാനകേന്ദ്രത്തിനടുത്ത് തെണ്ടാനിരുന്നു. മൈക്കിൽക്കൂടി എന്നും കേൾക്കുമായിരുന്നു, ദൈവത്തിലേക്ക് തിരിയുവിൻ, എന്തു ചോദിച്ചാലും ദൈവം തരുമെന്ന്. പക്ഷെ, അവിടിരുന്നിട്ട് ആരെങ്കിലും കാര്യമായിയെന്തെങ്കിലും അയാൾക്കു കൊടുത്തെന്നു പറയാനില്ലായിരുന്നു.

അവസാനം ദൈവത്തെ അന്വേഷിച്ചു പൊക്കളയാമെന്നയാൾ തീരുമാനിച്ചു. പക്ഷേ, എവിടെയാണു ദൈവത്തിന്റെ വീട്? പലരോടു ചോദിച്ചപ്പോളാണ് തൊട്ടടുത്ത പള്ളിയിൽ ചെന്നാൽ ദൈവത്തെ കാണാമെന്ന് മനസ്സിലായത്. കിട്ടിയ വിലാസവും കൈയ്യിൽപ്പിടിച്ച് അയാൾ പള്ളിയിലെത്തിച്ചേർന്നു. ഇയ്യാളെ കണ്ടതേ, കൈക്കാരൻ പള്ളിമുറ്റത്തു കയറിക്കൂടായെന്നു പറഞ്ഞിറക്കിയുംവിട്ടു. എങ്കിലും പ്രതീക്ഷയോടെ ഒരു ഞായറാഴ്ച്ച മുഴുവൻ പള്ളിയുടെ മുന്നിലെ വഴിയിലിരുന്നിട്ടും ദൈവം വന്നുമില്ല അയാൾക്കൊന്നും കൊടുത്തുമില്ല.

അയാളുപോയി ഒരു ഷാപ്പിന്റെ മുന്നിലായി ഇരുപ്പ്. ക്ഷീണം കാരണമവിടിരുന്നുറങ്ങിയും പോയി. ഉറക്കമുണർന്ന് നോക്കിയപ്പോൾ ടിന്നുനിറയെ പണം! ദൈവം വന്നതുപോയതും അയാളറിഞ്ഞില്ല. അയാൾ മനസ്സാ പറഞ്ഞു:

"ദൈവമേ ശരിയായ വിലാസം നീയെന്നോടു നേരത്തെയെന്താ പറയാതിരുന്നത്?"

**മാതൃവേദിയുടെ പേരിൽ അഹമ്മദാബാദിൽ സംശയാസ്പദമായ നീക്കങ്ങൾ! (24 06 18**

എന്തുകൊണ്ട് സീറോമലബാർസഭയുടെ അധിനിവേശം അഹമ്മദാബാദിൽ വേണ്ടായെന്ന് അവിടുത്തെ നഗരവാസികൾ ഏതാണ്ടൊരേ സ്വരത്തിൽ പറയുന്നു? കുട്ടനാട്ടുകാർക്കും ഡൽഹിക്കാർക്കും കൊരട്ടിക്കാർക്കും എറണാകുളംകാർക്കും ഇംഗ്ളണ്ടുകാർക്കും ആസ്ട്രേലിയാക്കാർക്കും അമേരിക്കാക്കാർക്കുമൊക്കെ

ഉണ്ടായ അനുഭവം ഇവിടുള്ളവർക്കുണ്ടാകാൻ പാടില്ല. ഓരോന്നും എഴുതിയാൽ ഒരുപാടുണ്ട്.

വളരെ വ്യത്യസ്ഥമായ പശ്ചാത്തലമാണഹമ്മദാബാദിലെതെന്നു പറയാം. രൂപത പ്രഖ്യാപിക്കുന്നതിനു മുമ്പേ പാസ്റ്ററൽ സെക്രട്ടറിയുണ്ടായി, വാട്സാപ്പ് നിർദ്ദേശങ്ങളും വന്നു തുടങ്ങി. ഒപ്പം, തട്ടിൽപ്പിതാവടക്കം ഭരണസമിതിയിലുള്ള ട്രസ്റ്റും തുടങ്ങി. ബറോഡായിൽ നിന്നു വൻതുക പലരിൽ നിന്നായി വാങ്ങിയ ട്രസ്റ്റും സംഭാവനക്കാരുമായി ഇപ്പോൾ തർക്കവും നടക്കുന്നു - കൊടുത്ത പണം സംഭാവനയായിരുന്നോ കടമായിരുന്നോ എന്നതിനെച്ചൊല്ലി.

സുവിശേഷം മുഴുവൻ തന്നെ ക്വോട്ട് ചെയ്തുകോണ്ടും അസഭ്യം പറഞ്ഞും അപരനാമങ്ങൾ വിളിച്ചും SMC4U പ്രവർത്തകരെ താറടിച്ചുകൊണ്ടിരുന്ന മെത്രാൻ കക്ഷിക്കാർക്ക് പിരിവില്ലാതെ കഴിയുന്നതിനെപ്പറ്റി ചിന്തിക്കാനാവില്ലായിരുന്നെന്ന് തോന്നുന്നു. ഇതാ ജൂലൈ മുതൽ മാതൃവേദിയുടെ പേരിൽ ആസൂത്രണം ചെയ്തിരിക്കുന്ന പദ്ധതിയുടെ വിശദാശംങ്ങൾ! ഗുരുതരമായ സാമ്പത്തികകുറ്റം ആരോപിക്കാവുന്ന ഈ നിയമലംഘനം പുറത്തറിയാതിരിക്കാൻ വളരെ

വിദഗ്ധമായ തന്ത്രങ്ങളാണ് സംഘാടകർ ആസൂത്രണം ചെയ്തിരിക്കുന്നത്.



**Family Unit**......................

**FUND RAISING SCHEME**

**UNIT : : ONE UNIT = 20 MEMBERS x Rs.5,000/- = Rs.1,00,000/-**

**Name & Address of the Member:-** ..................................................................

..................................................................

**This scheme is managed by the Mathruvedhi of the CHURCH for 21 months.**

**RULES & REGULATIONS**

1. This scheme will start in the month of July 2018 and end in March, 2020.
2. 1st Installment, members are requested to pay Rs.5,000/- by cheque No................. Dated...............drawn on .......................... in favor of THOMA MARG SABARMATI TRUST to remit in the church account.

   2nd Installment onwards Rs.5,000/- by cash must be paid on or before the date of each draw.
3. It is mandatory to join in the draw, the installment must be paid on or before the draw date.
4. The members who win in the draw can be collected their amount from the Office bearers after all formalities completed and a minimum 10 days is required to make payment.
5. Every second Saturday after the Mathruvedhi meeting the draw will be taken.
6. The members already drawn the Fund from the scheme should be regular in installment in time without any delay will help us to manage the scheme smoothly.
7. This form is a property of the Mathruvedhi hence the same is kept with the office bearer.
8. If any dispute arises, the final decision will be of the office bearer of Mathruvedhi and it will be final binding to all.

Signed by Member Authorized by

-----------------------------------cut-----------------------------------

Name of the Member & Unit..................................................................

Draw selected on ......................................

Rs.1,00,000/- (Rs.One Lakh Only) paid to Mr./Mrs.________________________

(Received by & Signature)

Passed by Guaranteed by Authorized by

PTO

അപേക്ഷാഫാറത്തിന്റെ താഴെ PTO എന്ന് വെച്ചിട്ടുള്ളതല്ലാതെ മറുപുറത്തൊന്നുമില്ല (ഇതു പൂരിപ്പിച്ചു കൊടുക്കുന്നവനെ പൂട്ടാൻ സാഹചര്യത്തിനനുസരിച്ച് എന്തു വ്യവസ്ഥയും എഴുതിച്ചേർക്കാമല്ലോ).

ഈ അപേക്ഷാഫാറം ആരുടെ കൈയ്യിലും ഏൽപ്പിക്കുന്നില്ല, ഏജന്റുമാർ നേരിട്ട് പൂരിപ്പിച്ചു വാങ്ങുകയാണ് (ഒപ്പം കൊടുത്തിരിക്കുന്നത് സ്മാർട്ട് ഫോണിൽ എടുത്ത ചിത്രമാണ്).

അതിലെ വ്യവസ്ഥകൾ വായിച്ചു നോക്കുക, എന്തെങ്കിലും പരാതിയുണ്ടെങ്കിൽ അതു കോടതിയിൽ പറയാൻ പാടില്ലത്രേ. (അതിനു കാരണവുമുണ്ട്, ഓഫീസ് വിലാസം, ബന്ധപെടേണ്ട ഫോൺ നംബറുകൾ, നടത്തുന്നവരുടെ പേരുകൾ - ഒന്നും ഫോമിലില്ല. കൊടുക്കുന്ന പണത്തിനു രസീതും കിട്ടാനിടയില്ല). പരാതിക്കാർക്കു നിയമോപദേശം നൽകുന്നതും വിധി പ്രഖ്യാപിക്കുന്നതും നടത്തിപ്പുകാർത്തന്നെയെന്നത് അതിവിചിത്രം.

ഏതുനിമിഷവും നിയമാവലിയിൽ മാറ്റമുണ്ടായേക്കാമെന്നതും പ്രത്യേകതയായി കാണണം. ഷംഷാബാദ് രൂപതയുമായോ ഏതെങ്കിലും വൈദികരുമായോ ഇതിനു യാതൊരു ബന്ധവുമില്ലായെന്നതും, പ്രത്യേകം ഓഫീസില്ലാത്തതുകൊണ്ട് ഒരിക്കലും അടച്ചുപോകില്ലാത്തതെന്നും ശ്രദ്ധിക്കുക. 5000 രൂപയാണ് മാസത്തവണ. ലോകമാകെനിന്നായി വെറും 50 പേരെ അംഗങ്ങളാക്കിയാലും ഒരു മാസത്തെ പിരിവ് നോക്കുക: 5000 X 50 = 250000.00!

എത്രപറഞ്ഞാലും കേൾക്കാതെ ഇതിൽപ്പോയി തലയിടുന്ന മാതൃവേദിക്കാർ അനുഭവിക്കട്ടെ. SMC4U ന്റെ അംഗങ്ങളാരും ഇതിൽ വീഴരുതെന്ന് ഔദ്യോഗികമായി SMC4U ട്രസ്റ്റ് അംഗങ്ങൾ എല്ലാവരെയും അറിയിച്ചു കഴിഞ്ഞു. ഗുജറാത്തിൽ നിരോധിക്കപ്പെട്ടതും റിസർവ്വ് ബാങ്ക് നൽകിയ മാർഗ്ഗനിർദ്ദേശങ്ങൾ ലംഘിക്കുന്നതുമായ ഇത്തരം ചിട്ടിയിടപാടുകൾ, ഇതിന്റെ സംഘാടകരെയും അംഗങ്ങളെയും പ്രചാരകരെയും അഴികൾക്കുള്ളിലേക്കു നയിക്കാൻ പര്യാപ്തമാണെന്നുള്ളത് ഇതിന്റെ സംഘാടകർ അറിയുന്നില്ലെന്നു തോന്നുന്നു.

എന്റെ ചോദ്യം തട്ടിൽ മെത്രാനും വികാരിജനറലും പ്രോട്ടോ സിഞ്ചെല്ലൂസും മറ്റു സിഞ്ചെല്ലൂസുമാരും എന്തെടുക്കുന്നുവെന്നാണ്? എനിക്കൊരൊറ്റ ദുഃഖമേയുള്ളൂ - സുഖത്തിലും ദുഖത്തിലും ഒരുമിച്ച നിന്ന ഒരു ജനതയാണ് ഇപ്പോൾ വഴക്കടിക്കുന്നത്. ഒരു വശത്ത് ആൾബലം തീരെ കുറവെന്നുള്ളത് സന്തോഷത്തിനു വക നൽകുന്നില്ല!

**ദൈവമേ നന്ദി! (24 06 18)**

ഇന്ന് അഹമ്മദാബാദ് ലയോളാഹാൾ ഇടവകപ്പള്ളിയോടു ചേർന്നുള്ള ഗോൾഡൻ ജൂബിലിഹാളിൽ നടന്ന SMC4U വിന്റെ വിശദീകരണയോഗത്തിൽ ആദ്യന്തം പങ്കെടുക്കണമെന്ന് ഞാൻ നേരത്തെ നിശ്ചയിച്ചിരുന്നു. ഇതിന്റെ കാരണം ഞങ്ങളെയും കൂടി ബാധിക്കുന്ന ഒരു നിർണ്ണായക സമരമാണിതെന്നതാണ്. അഹമ്മദാബാദിലെ പ്രശസ്തമായ ലയോളാസ്കൂൾ കൊമ്പൗണ്ടിലുള്ള പള്ളിയാണ് (സ്ഥലത്തിന്റെ പേര് 'ലയോളാ ഹാൾ' എന്നാണ്). ഇറക്കുമതി ചെയ്യപ്പെട്ട 28 ഓളം (കൃത്യം സംഖ്യ അറിയില്ല) വൈദികരുടെ പ്രചാരണ പരിപാടിയുടെ കേന്ദ്ര ബിന്ദുവും ഈ സ്ഥലമായിരുന്നു.

SMC4U വിന്റെ ഈ സമ്മേളനത്തിൽ പങ്കെടുക്കാൻ പാടില്ലെന്നും അതു നടത്തുന്നത് സഭാവിരുദ്ധരാണെന്നും പറഞ്ഞുകൊണ്ട് നിരവധി അജ്ഞാതവും ജ്ഞാതവുമായ സന്ദേശങ്ങൾ ദിവസങ്ങളായി സോഷ്യൽ മീഡിയായിൽക്കൂടി പ്രചരിച്ചുകൊണ്ടിരുന്നു. ഇതൊക്കെ കൂടാതെ സ്ഥലത്തെ പ്രത്യേക സിഞ്ചെല്ലൂസച്ചന്റെ 'ഈ യോഗത്തിൽ ആരും പങ്കെടുക്കരുതെന്ന്' പറഞ്ഞുള്ള വാട്സാപ്പ്സന്ദേശവും എല്ലായിടത്തും എത്തിയിരുന്നു. ഇതുകൂടാതെയും നടത്തിയ ക്രമീകരണങ്ങളിൽ, തൊട്ടടുത്ത തൽത്തേജ് പള്ളിയിൽ നടന്ന മാതൃവേദിയുടെ യോഗം അസാധാരണമായി വലിച്ചുനീട്ടി ഒന്നര വരെയാക്കിയതും ഉണ്ട്. ദൈവത്തിനൊത്ത രീതിയിൽ തച്ചോളി ഒതേനനെ ചതിയൻ ചന്തു വെട്ടിയ മാതൃകയിൽ മാറ്റച്ചുരികയും ഇവർ തയ്യാറാക്കിയിരുന്നു. ഒരു സീറോമലബാർ ഞായറാഴ്ച്ച കുർബ്ബാന ഒന്നരമണിക്കൂറെങ്കിലും എടുക്കും. ഇതെല്ലാവർക്കും അറിയാവുന്ന കാര്യം. സാധാരണ ഒൻപത്തേമുക്കാൽ - പത്തിനു തുടങ്ങുന്ന കുർബ്ബാനക്കു ശേഷം, പതിനൊന്നരക്ക് SMC4U മീറ്റിംഗ് - അതായിരുന്നു ക്രമീകരണം. അന്നത്തെ സീറോ മലബാർ കുർബ്ബാന എത്ര സമയമെടുത്തെന്നു കൃത്യം പറയാനാവില്ല, തുടങ്ങിയപ്പോൾ ഞാനുണ്ടായിരുന്നില്ല. 9.30 മുതലാണ് മലയാളം കുർബ്ബാനയ്ക്ക് സമയം തന്നിരിക്കുന്നതെന്നും അന്ന് നേരത്തെ ഗുജറാത്തി കുർബ്ബാന തീർന്നതുകൊണ്ട് നേരത്തെ മലയാളം കുർബ്ബാന തുടങ്ങിയെന്നും പറയപ്പെടുന്നു. പത്ത് നാൽപ്പതിനു പുറത്തിറങ്ങുന്ന ഒരു വ്യക്തി പതിനൊന്നരയുടെ മീറ്റിംഗിൽ പങ്കെടുക്കാൻ നിൽക്കാതെ വീട്ടിൽ പോകണമെന്ന പദ്ധതിയോടെയായിരുന്നു തുടർന്നുള്ള നീക്കങ്ങൾ. പത്തു നാല്പത്തഞ്ചിനു മുമ്പ് മലയാളം കുർബ്ബാന തീർന്നത് അവിടുത്തെ ആദ്യ സംഭവുമായിരുന്നുവെന്നോർക്കണം. പുറത്തിറങ്ങി കാത്തുനിൽക്കുന്ന ഇടവകാംഗങ്ങളുമായി കുശലം പറയുന്ന കുർബ്ബാന ചൊല്ലിയ വൈദികന്റെയും

രൂപതാവാദികളുടെയും ചിത്രം ഒപ്പം കൊടുത്തിരിക്കുന്നു. പതിനൊന്നു മണിയായപ്പോൾ അവിടെ അവശേഷിച്ചത് പതിനഞ്ചോളം പേർ മാത്രം.

മീറ്റിംഗ് പതിനൊന്നിനാണെന്നു കരുതിയ ഞാൻ സ്ഥലത്തെത്തിയപ്പോൾ കുർബ്ബാനയുടെ അവസാന പ്രാർത്ഥന കേട്ടു - സമയം 10.35! തുടർന്നൊരു അനൗൺസ്മെന്റും - സാരം, ഇവിടെ നടക്കുന്ന SMC4U ക്കാരായ സഭാവിരുദ്ധരുടെ യോഗത്തിൽ ആരും പങ്കെടുക്കാൻ പാടില്ല, സഭക്കെതിരായി പ്രവർത്തിക്കുന്നവർക്കു വേണ്ടി എല്ലാവരും പ്രാർത്ഥിക്കുകയും ചെയ്യുക. സത്യത്തിൽ എനിക്കു സങ്കടം തോന്നി, ഇത്രമേൽ പ്രതീക്ഷയോടെ നടത്തിയ ഈ പരിപാടി ഇവരെക്കൊണ്ട് പൊളിക്കാൻ പറ്റിയല്ലോയെന്നു തന്നെയാണ് ഞാനോർത്തത്. ഇതിനിടക്ക് ഹാളിൽ വന്ന ഏതാനും പേർ പതിനൊന്നര വരെ ഇരിക്കാൻ കഴിയില്ലാഞ്ഞിട്ട് മടങ്ങുകയും ചെയ്തു.

പക്ഷെ, അഹമ്മദാബാദിലെ SMC4U അംഗങ്ങൾ അവരെക്കാൾ വിദഗ്ധരായിരുന്നു. അവരെല്ലാവരും കുർബ്ബാനയും കഴിഞ്ഞു വീട്ടിൽ പോകുന്നതായി ഭാവിച്ച് കാറിൽ പുറത്തിറങ്ങി, കൃത്യം പതിനൊന്നരയായപ്പോൾ ഡയമണ്ട് ജൂബിലി ഹാൾ ഫുൾ! SMC4U വിനെ സംബന്ധിച്ചിടത്തോളം അതൊരു വഴിത്തിരിവായിരുന്നു. ഈ വിജയം അവരുപോലും പ്രതീക്ഷിച്ചില്ല. ഇതിനിടയിൽ രണ്ട് മെത്രാൻ കക്ഷിക്കാർ തിരുകിക്കയറുകയും ചെയ്തിരുന്നു. അതു യോഗം കൂടാനോ നടപടികൾ വിശദീകരിക്കാനോ ആയിരുന്നുവെന്നു ഞാൻ കരുതുന്നില്ല, ഇതിനു ശേഷം സ്നേഹവിരുന്നുണ്ടായിരിക്കുമെന്ന് ഭാരവാഹികൾ പറഞ്ഞിരുന്നല്ലോ!

എല്ലാം ഭംഗിയായി അവസാനിച്ചപ്പോൾ എല്ലാവരും ഒരു കാര്യം പറഞ്ഞു - തുടക്കം മുതൽ ദൈവാനുഗ്രഹം ഒപ്പമായിരുന്നെന്ന്; ഈ പോസ്റ്റിനു കൊടുക്കാനുള്ള ഉചിതമായ റ്റൈറ്റിലായി പലതും തോന്നിയെങ്കിലും, ഞാനും എഴുതുന്നു - ദൈവമെ നന്ദി! ഒരു കാര്യം എനിക്കുറപ്പായി - അഹമ്മദാബാദിൽ ഷംഷാബാദ് രൂപത കാലുചവിട്ടില്ല. ഷംഷാബാദ് വാദികൾ മനസ്സിൽപ്പോലും ചിന്തിക്കാത്ത കാര്യങ്ങൾ പിന്നണിയിൽ നടക്കുന്നു. എറണാകുളത്തു സംഭവിച്ചതും നിനച്ചിരിക്കാത്ത കാര്യങ്ങളാണല്ലോ! നിരവധിയാളുകളാണ് രാജ്യത്തിന്റെ നാനാഭാഗങ്ങളിൽ നിന്നുമായി ഈ യോഗത്തിന്റെ കാര്യമറിയാൻ വേണ്ടി വിളിച്ചത്. എല്ലാവർക്കും ഹൃദയംനിറഞ്ഞ നന്ദി!

(പള്ളിമുറ്റത്ത് നടന്ന ക്യാൻവാസിംഗിന്റെ ചിത്രവും സ്നേഹവിരുന്നിന്റെ ചിത്രവും ഒപ്പം)










**കുത്തഴിഞ്ഞു ഷംഷാബാദ്, അച്ചടക്കത്തോടെ SMC4U (25 06 18)**

അഹമ്മദാബാദിലെ സീറോമലബാർ വിശ്വാസികളുടെ പ്രതിരോധം ഒരു നിർണ്ണായക ഘട്ടത്തിലേക്കു കടന്ന ഈ അവസരത്തിൽ മാർ തട്ടിലിന്റെ അനുഗ്രഹാശിസ്സുകളോടെ പ്രവർത്തിക്കുന്ന വൈദികരും പാരമ്പര്യവാദികളും നേരിന്റെ സർവ്വ മാനങ്ങളും വിട്ടു, കള്ളത്തരത്തിന്റെയും ചതിയുടെയും പതിവു വഴിയിലാണ്. ഒരു കാര്യത്തെയും നേരെനിന്നഭിമുഖീകരിച്ചു പരിചയമില്ലായെന്നു തന്നെ തോന്നുന്നു! ഒന്നും ഞാനറിഞ്ഞില്ലെന്നു പറഞ്ഞു തട്ടിൽ മെത്രാൻ ഒഴിയുമെങ്കിലും അദ്ദേഹത്തിന്റെ ഉത്തരവാദിത്ത്വത്തിലാണ് ഈ വികൃതികളൊക്കെ നടക്കുന്നത്. ഇന്നലെ ഒരു സീറോമലബാർ വൈദികൻ തന്നെയാണ്, SMC4U വിന്റെ പരിപാടി പൊളിക്കാൻ വളരെവേഗം കുർബ്ബാനയും തീർത്ത് നാട്ടുകാരാരെങ്കിലും മീറ്റിങ്ങിനു പോകുന്നുണ്ടോയെന്നു നോക്കി പള്ളിയുടെ വാതിൽക്കൽ നിലയുറപ്പിച്ചത്. SMC4Uന്റെ മീറ്റിങ്ങിൽ ആരൊക്കെ പങ്കെടുക്കുന്നുവെന്നറിയാൻ ഒരാൾ സ്വീകരിച്ചിരുത്തുന്നവരുടെ കൂട്ടത്തിൽ, വേറൊരാൾ ഹാളിൽ വാട്സാപ്പിൽ!

ചോദ്യം ചോദിക്കാനും സംഘാഗങ്ങളുണ്ടായിരുന്നു. ഇനിയവർ ചോദിക്കില്ല, കാരണം അവരുദ്ദേശിച്ചതും കേട്ടതുമങ്ങിനെയൊന്നുമായിരുന്നില്ല. ഒരർത്ഥത്തിൽ അവർ വലിയൊരുപകാരമായിരുന്നു ചെയ്തത് - അത്രയെങ്കിലും ചെയ്തിരുന്നില്ലെങ്കിൽ വന്നവർക്കു മുഴുവൻ ആഹാരം കൊടുക്കാൻ സംഘാടകർക്കും കഴിയാതെ വന്നേനെ - അതായിരുന്നു ലയോളായിലെ സ്ഥിതി!

ഓരോരുത്തരും പഠിച്ചതു പാടും, ഇവിടല്ലെങ്കിൽ മറ്റൊരിടത്ത്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ സീറോമലബാർ അഹമ്മദാബാദ് നഗരത്തിൽ ലത്തീൻ പള്ളികളുള്ള ഒരു സ്ഥലത്തും കാലുകുത്തില്ലെന്നും ഏതാണ്ടുറപ്പായി. അടുത്തിടെ നടന്ന ഷംഷാബാദ് രൂപതാസംഘത്തിൽപ്പെട്ട ഒരാൾ എഴുതിയ ഒരു ചോദ്യം ശ്രദ്ധേയമാണ് - ആരാണ് ഇവിടെ നിലനിന്നുവന്ന സമാധാനാന്തരീക്ഷത്തിനു വിഘാതം സൃഷ്ടിച്ചത്? ഇടിച്ചു കയറിവന്ന രൂപതയോ, തടുത്തുനിർത്തിയ SMC4U വോ? ഇതു നിലപാടിന്റെയും കാഴ്ച്ചപ്പാടിന്റെയും പ്രശ്നമാണ്. ഒരിക്കൽ, ജപ്പാനിലെ ഗാംവൂയെന്ന ഗ്രാമത്തിൽ കഴിഞ്ഞിരുന്ന ഒരു തവള ഒരു വിചിത്ര പല്ലിയെ കണ്ടു. മുമ്പ് കണ്ടിട്ടുണ്ടായിരുന്നില്ലാത്തതുകൊണ്ട് തവള ചോദിച്ചു, "നീയേതാ?" പല്ലി പറഞ്ഞു, "ഞാൻ പക്കാവിയോ നഗരത്തിൽ നിന്നു മകനു പെണ്ണിനെ തേടിയിറങ്ങിയതാ." തവള നഗരമെന്ന പദം ആദ്യം കേട്ടതായിരുന്നു. നഗരത്തെപ്പറ്റി സർവ്വവിവരങ്ങളും തവള ചോദിച്ചു മനസ്സിലാക്കി. ദൂരെക്കാണുന്ന വലിയ മലയുടെ മറുവശത്താണ് നഗരമെന്നും പല്ലി പറഞ്ഞു.

പിറ്റേന്ന് തവള നഗരത്തിലേക്ക് പുറപ്പെട്ടു. ഒരുമാസം യാത്ര ചെയ്ത് തവള കുന്നിന്റെ മുകളിലുള്ള ഒരു വലിയ പാറയുടെ മുകളിൽ കയറി. നഗരമൊന്നു കണ്ടേക്കാമെന്ന് കരുതി മുൻകൈകൾ പൊക്കി എത്തിവലിഞ്ഞു നഗരമുണ്ടെന്നു പറഞ്ഞ ദിശയിലേക്കു നോക്കി. അവിടെ കണ്ട കാഴ്ച്ച തവളയെ നിരാശപ്പെടുത്തി. താൻ ജീവിച്ചു പോന്ന ഗ്രാമം പോലെതന്നെയുള്ള ഒരു സ്ഥലം മാത്രമായിരുന്നു തവളക്കു കാണാനായത് - ഒരു വ്യത്യാസവുമില്ല.

പ്രശ്നം, തവളയുടെ കണ്ണുകൾ തലക്കു മുകളിലായിരുന്നെന്നതും എത്തിവലിഞ്ഞു നോക്കിയപ്പോൾ തവള കണ്ടതു സ്വന്തം ഗ്രാമം തന്നെയായിരുന്നെന്നതുമാണ്. പാരമ്പര്യമാണു സർവ്വതുമെന്നു കരുതിവശായിരിക്കുന്നവർ എങ്ങിനെ നോക്കിയാലും 'മുമ്പായിരുന്ന' അഹമ്മദാബാദ് നഗരം മാത്രമേ കാണൂ. സത്യമാണവർ പറയുന്നത്, ഒരു കുഴപ്പവുമില്ല. മാറേണ്ടത് അവരുടെ കണ്ണുകളിരിക്കുന്ന സ്ഥാനമാണ്.

സഭക്കുള്ളിൽ, കേരളം ഉദാഹരണമായെടുത്താൽ, സർവ്വരൂപതകളും അസമാധാനത്താൽ തിളച്ചു മറിയുകയാണ്. തട്ടിൽ മെത്രാൻ വരുന്ന തൃശ്ശൂർ രൂപതയിൽ എട്ടോളം പള്ളികളിൽ അത്മായർ കൈവിട്ട കൈയ്യാങ്കളികളിലാണ്. എറണാകുളത്തു നടന്ന കഥകൾ ആവർത്തിക്കുന്നില്ല. ഇതിവിടെ വേണ്ടായെന്നാഗ്രഹിക്കുന്നവരും SMC4U ന്റെ കൂടെക്കൂടി. ആരുടെ വാദമാണു ശരിയെന്നതവിടെ നിൽക്കട്ടെ, SMC4U പറയുന്നത് Status Quo ആണ് - രണ്ടും വേണ്ട; സഹോദരീ സഹോദരന്മാരെ, അതെങ്ങിനെ സമാധാനധ്വംസനമാകും?

ഇന്നാണ് അഹമ്മദാബാദിലെ വിശ്വാസീസമൂഹം കാര്യങ്ങളിൽ ഇടപെടുന്നത്. ഇതിനു മുമ്പ് നടന്ന പലതിലും ആരുടെയൊക്കെയോ സ്വന്ത അഭിപ്രായത്തിൽ എന്തൊക്കെയോ ചെയ്തുകൂട്ടി - അതു മുഴുവൻ സഭക്കു പാരയാവുകയും ചെയ്തു. കർദ്ദിനാൾ ആലഞ്ചേരിക്ക് അഹമ്മാദാബാദിൽ സ്വീകരണം കൊടുത്തപ്പോൾ കാര്യമായ ഒരു കൂടിയാലോചനയും നടന്നില്ല. 16 ലക്ഷത്തോളം രൂപയുടെ ഒരു കണക്കാണു പുറത്തു കേട്ടത് - ധൂർത്തിന്റെ ആചാര്യനെന്ന പദവി മേജർ ആർച്ച് ബിഷപ്പിനും ചാർത്തിക്കിട്ടി.

അന്നതിന് വഴിമരുന്നിട്ടവർ തന്നെയാണ് ഇന്നലെ ലത്തീൻകാരുടെ പള്ളിയിൽ വെച്ച്, അവരുടെ മൈക്കിലൂടെ, അവിടുത്തെ വികാരിയച്ചൻ മുഖ്യാഥിതിയായി പങ്കെടുത്ത ചടങ്ങു സഭാവിരുദ്ധമാണെന്നും സഭക്കെതിരെ പ്രവർത്തിക്കുന്നവർക്ക് വേണ്ടി പ്രാർത്ഥിക്കണമെന്നും പറഞ്ഞത്? ഇത്തരം വിടുവാകൾ പറയാനുള്ള അനുവാദം ആരിയാൾക്കു കൊടുത്തു? ഇത്തരം പ്രവർത്തിക്കു മലയാളത്തിൽ പറയുന്ന വിശേഷണം ഞാൻ പറയുന്നില്ല. ഒന്നും നിയന്ത്രിക്കാൻ മെത്രാനും കഴിയുന്നില്ല, സിഞ്ചെല്ലൂസുമാർക്കും കഴിയുന്നില്ല. കുത്തഴിഞ്ഞ ഷംഷാബാദ്! അവിടെയെന്തു ചെയ്യണമെന്നു ഫ്രാൻസിസ് മാർപ്പാപ്പാക്കറിയാം.

**"Bind us together, Lord..." (26 06 18)**

ചരിത്രപ്രധാനമായ ലയോളാഹാൾ SMC4U മീറ്റിംഗിനെപ്പറ്റി അൽപ്പംകൂടി. വിഭാവനം ചെയ്തിരുന്ന പരിപാടികളിൽ നിന്നും വ്യത്യസ്ഥമായി പര്യവസാനിപ്പിക്കേണ്ടിവന്ന ഒരു SMC4U പൊതുയോഗമായിരുന്നു ലയോളാ ഹാളിൽ ജൂൺ 24നു നടന്നതെന്നതു പ്രത്യേകം പറയാതെ വയ്യ. സംഘാടകരുടെ സന്തോഷം കൊണ്ട്, സദസ്സിനെ അഭിസംബോധന ചെയ്യാൻ പത്തുമിനിറ്റ് എനിക്കും തരാമെന്നു വാഗ്ദാനം

ചെയ്തിരുന്നു (ഈ നല്ല മനസ്സിനു ഭാരവാഹികൾക്കു നന്ദി). കുറെ ചിത്രങ്ങളെടുക്കുന്ന തിരക്കിൽ ഞാനതു മറന്നു; മാത്രവുമല്ല, വളരെ ഗൗരവതരമായ ചർച്ചകൾ നടക്കുന്നതിനിടക്ക് ഒരു 'സുഖചികിത്സ'ക്കുള്ള പ്രസക്തി ഞാൻ കണ്ടിരുന്നുമില്ല. അന്നു പക്ഷെ, അദ്ധ്യക്ഷപ്രസംഗവും നടന്നില്ല, ഔപചാരിക നന്ദിപ്രസംഗവും നടന്നില്ല, പിന്നെന്തെങ്കിലുമുണ്ടായിരുന്നെങ്കിൽ അതും നടന്നില്ല - എല്ലാറ്റിനും കാരണക്കാരൻ ലയോളാഹാൾ വികാരി Fr Jerry Sequerra SJ. അദ്ദേഹത്തെ ഞാൻ പരിചയപ്പെട്ടിരുന്നുവെങ്കിലും അദ്ദേഹം ഇശോസഭയുടെ പ്രൊവിൻഷ്യാളായും ലയോളാസ്കൂളിന്റെ പ്രിൻസിപ്പലായും വളരെയേറെ വർഷങ്ങൾ ജോലിചെയ്തിട്ടുള്ള ആളാണെന്നു പിന്നീടാണറിഞ്ഞത്. നഗരത്തിൽ നടക്കുന്ന സീറോമലബാർ-ലത്തീൻ-SMC4U നാടകം കാരണമാണോ ഇതുപോലൊരു പ്രഗത്ഭനെ ഈ കൊച്ചു പള്ളിയിലെ വികാരിയായി നിയമിച്ചതെന്നു ഞാൻ സംശയിക്കുന്നു.

വളരെ ഹൃസ്വമായ ഔപചാരിക സ്വാഗതത്തിനു ശേഷം, സംശയനിവാരണത്തിലേക്കാണ് യോഗം കടന്നത്. Daily Capsules ആയി മുമ്പ് തന്നെ ഈ ചോദ്യങ്ങൾക്കെല്ലാം ഉത്തരം പറഞ്ഞിരുന്നവയായിരുന്നെങ്കിലും ഒരു മടിയും കൂടാതെ ഭാരവാഹികൾ വേണ്ട വിശദീകരണങ്ങൾ നൽകി. ഓരോന്നിനും ആരും ഉദ്ദേശിക്കാത്ത വ്യാഖ്യാനങ്ങൾ ഷംഷാബാദ് തീവ്രവാദികൾ നൽകി ആശയക്കുഴപ്പം ഉണ്ടാക്കിയിരുന്നതുകൊണ്ടാണ് അതാവശ്യമായി വന്നതും. ഫാ. ജെറി യോഗത്തിൽ പറഞ്ഞ കാര്യങ്ങളും തലകുത്തനെ വ്യാഖ്യാനിക്കപ്പെട്ടതുകൊണ്ടാണ് ഞാനിതെഴുതുന്നതും. ചോദ്യോത്തരവേള അവസാനിച്ചപ്പോഴെന്നു പറയാം ഫാ. ജറി ഹാളിലേക്ക് വന്നത്. അഹമ്മദാബാദിലെ ലത്തീൻ പള്ളികളിൽ ഏതിലെങ്കിലും അംഗമായിരിക്കുന്ന എല്ലാ സീറോമലബാർ കത്തോലിക്കർക്കും അവിടെത്തന്നെ തുടരാമെന്നും, എല്ലാ കൂദാശകളും അവർക്കവിടെ ലത്തീൻ റീത്തിൽ നിന്നും കിട്ടുമെന്നും, തുടർന്ന് ഏതു കാലത്ത് കേരളത്തിൽ മടങ്ങിയെത്തിയാലും അവർക്ക് മാതൃറീത്തായ സീറോമലബാറിൽ തുടരാമെന്നും അദ്ദേഹം അസന്നിഗ്ദമായിപ്പറഞ്ഞു (പകരം, ഇവിടെ തുടരണമെങ്കിൽ റീത്തു മാറണമെന്നും, കേരളത്തിൽ മടങ്ങിയെത്തിയാൽ ഏതെങ്കിലും ലത്തീൻപള്ളിയിൽ അംഗമാകണ്ടിവരുമെന്നുമാണ് ഷംഷാബാദ് രൂപതാ പാരവാഹിയുടെ ഔദ്യോഗിക വ്യാഖ്യാനം). ഇവിടെ ശ്രദ്ധിക്കേണ്ട നിബന്ധനകളുടെ വിശദാംശങ്ങൾ അറിയേണ്ടവർക്ക്, തൽസംബന്ധമായി ഡൽഹി കത്തോലിക്കർക്ക് മാർപ്പാപ്പാ നൽകിയിരുന്ന ഉത്തരവിന്റെ കോപ്പി, Church Ciizens' Voice എന്ന ന്യൂസ് പോർട്ടലിൽ SMC4U വിനു വേണ്ടി മാറ്റിവെച്ചിരിക്കുന്ന പേജിൽ

നിന്നും (വത്തിക്കാനിൽ നിന്നും ഡൽഹിയിലെ Laity4Unity എന്ന സംഘടനക്ക് നൽകിയ മറുപടി എന്ന ഫയൽ) ഡൗൺലോഡ് ചെയ്യാവുന്നതാണ് - http://almayasabdam.com/journals/. കൂദാശകളുടെ കാര്യത്തിൽ ചെയ്യേണ്ട കാര്യങ്ങൾ ഇംഗ്ലീഷിലും മലയാളത്തിലും അവിടെ കൊടുത്തിട്ടുണ്ട്. SMC4Uന്റെ മറ്റു രേഖകളും അവിടെനിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്.

അച്ചൻ പറഞ്ഞത്, അദ്ദേഹത്തിന്റെ സ്വന്തമായ തീരുമാനമാണോയെന്നു ചോദിച്ചപ്പോഴാണ്, നഗരത്തിലെ എല്ലാ ലത്തീൻ പള്ളികളുടെയും വികാരിമാരുമായും അഹമ്മദാബാദ് ബിഷപ്പ് തൊട്ടടുത്ത ദിവസം കൂടിക്കാഴ്ച്ച നടത്തിയിരുന്നെന്നും ഇതാണവരെടുത്ത തീരുമാനമെന്നും അറിയിച്ചത്. ഇക്കഴിഞ്ഞ ആഴ്ച്ചയിൽ പാലാ മെത്രാനും ഷംഷാബാദ് മെത്രാനും അഹമ്മദാബാദിലെത്തി ഈ ബിഷപ്പുമായി നടത്തിയ ചർച്ചയിലും അഹമ്മദാബാദ് രൂപത ഈ ശക്തമായ നിലപാടെടുത്തിരുന്നുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. തിരിച്ചു നാട്ടിൽ ചെല്ലുമ്പോൾ എന്തെങ്കിലും പ്രശ്നം സ്വന്തം ഇടവകയിൽ ഉണ്ടാകുമോയെന്ന ചോദ്യത്തിനദ്ദേഹം പറഞ്ഞ മറുപടി, ഈ ഉത്തരവ് അവരുടെ സഹോദരൻ (ഈശോ സഭയിൽപ്പെട്ട) ഫ്രാൻസിസ് മാർപ്പാപ്പായാണു തന്നിരിക്കുന്നതെങ്കിൽ അദ്ദേഹം ബാക്കി കാര്യവും നോക്കിക്കൊള്ളും എന്നാണ്. ആകെ തലവേദനയായല്ലോയെന്നഭിപ്രായപ്പെട്ട വ്യക്തിയോട് ജറിയച്ചൻ പറഞ്ഞത്, നിങ്ങളേക്കാൾ കൂടുതൽ തലവേദനയിപ്പോൾ അവർക്കാണെന്നാണ് (Praise the Lord!).

ഇതിന്റെ പശ്ചാത്തലത്തിൽ മാത്രമല്ല, സീറോമലബാർസഭ ഈ നഗരത്തിൽ കാലുകുത്തില്ലെന്നു ഞാൻ പറഞ്ഞത്. അത് മനസ്സിലാക്കാൻ എറണാകുളം-അങ്കമാലി രൂപതയിലും സഭാ ആസ്ഥാനത്തും അടുത്തിടെ സംഭവിച്ച കാര്യങ്ങളുടെ രത്നചുരുക്കംകൂടി അറിയണം. ഒരുപാടു ഗൂഢാലോചനകൾക്കും തയ്യാറെടുപ്പുകൾക്കും ശേഷം നടത്തിയ തന്ത്രപരമായ നീക്കങ്ങളുടെ ഒടുവിലാണ്, സീറോ-മലബാർ സഭ സ്വതന്ത്ര എപ്പാർക്കിയാവുന്നത്. ഈ സാദ്ധ്യത മുന്നിൽ കണ്ട നമ്മുടെ മിടുക്കരായ പിതാക്കന്മാർ ഒരു മുഴം അകലെ കയറെറിഞ്ഞിരുന്നു. റോം ആസ്ഥാനമായി ഒരു പാത്രിയർക്കീസ് വരുന്നതു സ്വപ്നം കണ്ട്, വിശ്വാസികളോടു വ്യക്തമായി പറയാതെ ഒരു പഴയ സെമ്മിനാരിക്കെട്ടിടവും സ്ഥലവും അവർ വൻതുകക്ക് കരസ്ഥമാക്കിയിരുന്നു (അവിടെ എന്തെങ്കിലും നിർമ്മാണ പ്രവർത്തനം നടത്താൻ സർക്കാർ അനുമതി ലഭിക്കാനിടയില്ലെന്നാണ് കേൾക്കുന്നത്). ഇപ്പോൾ ആ സ്വപ്നവും പൊലിഞ്ഞു, കുറവിലങ്ങാട്ടു സ്വപ്നവും പൊലിഞ്ഞു, എറണാകുളം വഴക്കിന്റെ പശ്ചാത്തലത്തിൽ സഭാഭരണം

വത്തിക്കാൻ ഏറ്റെടുക്കുകയും ചെയ്തു. രത്നചുരുക്കം പറഞ്ഞാൽ, സഭയുടെ സ്വയംഭരണാവകാശവും പോയി, ഇനിയൊരു മേജർ ആർച്ച് ബിഷപ്പും ഉണ്ടാവില്ല, പാത്രിയർക്കീസുമുണ്ടാവില്ല - സമീപഭാവിയിൽ. വിമത മെത്രാന്മാരുടെ പേരിലും വൈദികരുടെ പേരിലും നടപടിയുണ്ടാവുമെന്നും ഏതാണ്ട് ഉറപ്പായിട്ടുണ്ട്.

ഇവിടെ ഒരു കാര്യം കൂടി ഓർക്കണം; റോമിനു പരാതിയയച്ചാൽ അതു നോക്കാൻ ആരുമുണ്ടാവില്ലായെന്നൊരു സന്ദേശമായിരുന്നു സീറോമലബാർ നേതൃത്വം നൽകിക്കൊണ്ടിരുന്നത് (ഈ ബിഷപ്പുമാർക്കാർക്കു കത്തയച്ചാലും കിട്ടിയെന്ന മറുപടി കൊടുക്കുന്നയൊരു മര്യാദപോലും ഇവിടില്ല - അപവാദമായി രണ്ടോ മൂന്നോ പേരൊഴികെ). പക്ഷേ, റോമിനയച്ച ഒരു പരാതിപോലും അർഹിക്കുന്ന പ്രാധാന്യത്തോടെ പരിഗണിക്കപ്പെടാതിരുന്നിട്ടില്ലായെന്ന് പറയാൻ എനിക്കു നിരവധി തെളിവുകളുണ്ട്. ഗുജറാത്തിൽ നിന്നുള്ള ഒരു അഡ്വ. കിരിത്ത് മക്വാന്റെ പരാതി തന്നെ ഇതിനുദാഹരണം. കാര്യകാരണ സഹിതം കേരളത്തിൽ നിന്നും പോയിട്ടുള്ള പരാതികളും വത്തിക്കാന്റെ ഈ നീക്കത്തിന് പിന്നിലുണ്ടെന്നു നിസ്സംശയം പറയാം.

അഹമ്മദാബാദിൽ സീറോമലബാർ സഭയുടെ അധികാരികൾ അജ്ഞത അഭിനയിച്ചുകൊണ്ട് നടത്തിയ എല്ലാ ദുർവ്യാഖ്യാനങ്ങളും ഇതിനോടകം വത്തിക്കാനിൽ എത്തിക്കഴിഞ്ഞു. ആ ഫയൽ ഇനിയും വലുതാകും. അന്തിമ തീരുമാനത്തിൽ എല്ലാം പരിഗണിക്കപ്പെടുകയും ചെയ്യും. ഈശോസഭക്കാരുടെതന്നെ റിപ്പോർട്ടും ഇതിനോടകം വത്തിക്കാൻ മേടിച്ചുവെന്നു തന്നെയാണ് എന്റെ നിഗമനം. ഫാ. ജറി ഇത്രയും കാര്യങ്ങൾ അസന്നിഗ്ദമായി പറയുകയും സൂചിപ്പിക്കുകയും ചെയ്തപ്പോൾ ചോദ്യം ചോദിച്ചു വിഷമിപ്പിക്കാനെത്തിയവർക്കും ന്യായമായ ചോദ്യങ്ങൾ ചോദിച്ചവർക്കും മറ്റൊരു ചോദ്യം അവശേഷിച്ചില്ല. ആ യോഗത്തിന്റെ ലക്ഷ്യം പൂർണ്ണമായി, പിന്നൊരു നടപടിക്രമത്തെപ്പറ്റിയും ആരും ചിന്തിച്ചില്ല. ഈ അനുഗ്രഹങ്ങൾ വാരിയെറിഞ്ഞ ദൈവത്തിനു നന്ദിപറയുന്ന തിരക്കിലായിരുന്നെല്ലാവരും. ഒരുപോലെ എണീറ്റുനിന്നാ പ്രസിദ്ധമായ ഗാനം ആലപിച്ചു -

"Bind us together, Lord, bind us together....

With cords that cannot be broken

Bind us together, Lord, bind us together......"

സത്യം പറയട്ടെ, ചുണ്ടുകളിൽ നിന്നാണോ ഹൃദയത്തിൽ നിന്നായിരുന്നോ ഈ സ്തുതിഗാനത്തിന്റെ ശബ്ദം പുറത്തുവന്നതെന്ന് എനിക്കു നിശ്ചയം പോരായിരുന്നു.








 

**ആദ്യം സ്വയം നന്നാവൂ (27 06 18)**

എന്തെങ്കിലും ചെയ്താൽ അതിനുണ്ടാകുന്ന പ്രത്യാഘാതങ്ങൾ കൂടി നേരിടാൻ കഴിവുണ്ടായിരിക്കണം, അതറിയാതെയല്ല ഞാൻ SMC4U വിന്റെ കൂടെക്കൂടിയത്. കഴിഞ്ഞ ഏതാനും ദിവസങ്ങളായി SMC4Uക്കാരെ ചിരിപ്പിച്ചു കൊണ്ടിരുന്നത് ഷംഷാബാദ് രൂപതാവാദികളുടെ പോസ്റ്റുകളായിരുന്നു. സുന്ദരമായ അധിക്ഷേപം! പലതിനും ഊരും പേരുമില്ല. അതു കൂട്ടത്തിലുള്ള വൈദികരുടെ സംഭാവനയാണെന്നു കരുതുന്നു. ഇനിയും അവയുണ്ടാകുമെന്ന പ്രതീക്ഷയിലാണെല്ലാവരും. ജെറിയച്ചന് 80 കഴിഞ്ഞതുകൊണ്ട് മൈൻഡ് ചെയ്യണ്ടായെന്നാണ് ആ സഹോദരന്മാർ അഭ്യർത്ഥിക്കുന്നത്.

അസന്നിഗ്ദാവസ്ഥ പരിഗണിച്ച് എന്നെ കേരളത്തിൽ നിന്ന് ഇറക്കുമതി ചെയ്തതാണെന്നാണ് ഒരാരോപണം. അതിനു ഞാൻ തന്നെ മറുപടി പറയാം. SMC4U ഉണ്ടാകുന്നതിനു മുമ്പേ ബുക്കു ചെയ്ത ടിക്കറ്റിലാണ് ഞാൻ അഹമ്മദാബാദ് റയിൽവേ സ്റ്റേഷനിൽ ഇറങ്ങിയത്. ഇനിയും ഇവിടെ വരുകയും പോവുകയുമൊക്കെ ചെയ്യേണ്ടതായിട്ടുമുണ്ട് - എന്റെ മകനും കുടുംബവും ഇവിടുത്തെ സ്ഥിരതാമസക്കാരുമാണ്. SMC4U വിന്റെ സ്റ്റിയറിംഗ് കമ്മറ്റിയിൽ ഞാനില്ല, എന്നോടവരൊന്നും ആലോചിക്കാറുമില്ല, എവിടെങ്കിലും എഴുതണമെന്ന് അഭ്യർത്ഥിച്ചിട്ടുമില്ല; സ്നേഹിതരെ, അവർക്കതിന്റെ ആവശ്യവുമില്ല. അവരോടൊപ്പം കൂടിയിരിക്കുന്ന വിശ്വാസികളാരും അവരുടെ ഗ്ളാമർ കണ്ടിട്ടാണ് കൂടെ കൂടിയിരിക്കുന്നതെന്ന് ഞാൻ കരുതുന്നുമില്ല. ഈ ഫെയിസ് ബുക്ക് പേജിൽ

നിരവധി പ്രഗത്ഭരായ പോരാളികൾ നിശ്ശബ്ദമായി എല്ലാം കേട്ടുകൊണ്ടും കണ്ടുകൊണ്ടുമിരിക്കുന്നു.

എന്തുകൊണ്ട് പരിശുദ്ധ മാർപ്പാപ്പാ പ്രഖ്യാപിച്ച ഷംഷാബാദ് രൂപതക്കെതിരായി ഇത്രമാത്രം വിശ്വാസികൾ അണിനിരക്കുന്നുവെന്നാണവരുടെ ഒരു ചോദ്യം. എന്തുകൊണ്ട് രൂപതാ രൂപീകരണത്തോടൊപ്പം മാർപ്പാപ്പാ ഭാരതമെത്രാന്മാർക്കയച്ച പ്രത്യേക സർക്കുലർകാണാതെ പോകുന്നുവെന്ന് SMC4Uക്കാരും ചോദിക്കുന്നു. ഡൽഹി വിശ്വാസികളുടെയും, കല്യാൺ വിശ്വാസികളുടെയും അഭ്യർത്ഥനകളോടു പ്രതികരിച്ചു വത്തിക്കാൻ പുറപ്പെടുവിച്ച കുറിപ്പുകളും സീറോമലബാർ-ലത്തീൻ തർക്കത്തിൽ തീർപ്പു കൽപ്പിച്ചുകൊണ്ട് ജയ്പ്പൂർ ഉൾപ്പടെയുള്ള രൂപതകൾ പുറപ്പെടുവിച്ച ഉത്തരവുകളും ഷംഷാബാദ് രൂപതാവാദികൾക്കു മനസ്സിലായിട്ടില്ല, ഇനി ദൈവം തമ്പുരാൻ നേരിട്ടു വന്നു പറഞ്ഞാലും മനസ്സിലാവുകയുമില്ല. അതെന്താ അതിന്റെ കാരണമെന്ന് അഹമ്മദാബാദുകാർക്കറിയാം.

MACAF ആണ് SMC4U എന്നാണവരുടെ മറ്റൊരാരോപണം. ആ ചോദ്യം ലയോളാ ഹാൾ മീറ്റിങ്ങിലുമുണ്ടായി. SMC4U വും MACAF ഉം രണ്ടാണെന്നും SMC4U വിൽ ബിജെപിക്കാരും കോൺഗ്രസ്സുകാരുമൊക്കെയും കണ്ടേക്കാമെന്നുമാണവർ പറഞ്ഞത്. സത്യമല്ലേ? നമ്മുടെ മെത്രാന്മാരിലൊരാൾ കട്ടെന്നോർത്തോണ്ട് എല്ലാവരും കള്ളന്മാരാണോ? തൽത്തേജ് പള്ളിക്ക് എത്രയോ പേർ സംഭാവന ചെയ്തിരിക്കുന്നു, ആ പള്ളി അവരുടേതാകുമോ? പുതിയ പള്ളി വന്നാൽ പണം ചിലവഴിക്കേണ്ടി വരുമോയെന്ന ഭയമാണ് ഈ എതിർപ്പിന്റെ പിന്നിലെന്നാണ് മറ്റൊരു ആരോപണം. ഇതിനു ഞാനൊരിക്കൽ മറുപടി പറഞ്ഞിരുന്നു. വെറും 35 ലക്ഷം രൂപ മാത്രമേ ഈ പള്ളിക്കു വേണ്ടി ചിലവഴിക്കേണ്ടി വന്നിട്ടുള്ളൂ. രൂപതാവാദികൾ നൽകിയതിന്റെ എട്ടിരട്ടി സംഭാവന ഇപ്പോഴത്തെ SMC4U അംഗങ്ങളുടേതാണ്. അതിന്റെ ആർക്കിട്ടെക്ട് ഒരു ചില്ലിപ്പൈസാ കൂലിയായി വാങ്ങിച്ചിട്ടില്ല. SMC4Uന്റെ ഒരു ഭാരവാഹിയുടെ ഉത്തരവാദിത്വത്തിലാണതും നടന്നത്.

അറിയപ്പെടുന്ന സഭാ വിരോധിയാണ് ഞാനെന്നാണ് ഒരാരോപണം. നിവൃത്തിയില്ലാത്തതുകൊണ്ടു പറയുകയാണ്, ഇന്ന് ഈ ദേവാലയത്തിൽ പ്രതിഷ്ടിച്ചിരിക്കുന്ന വി. യൂദാ തദേവൂസിന്റെ തിരുശേഷിപ്പ് നാട്ടിലുള്ള എന്റെ വീട്ടിൽനിന്ന് ഏറ്റുവാങ്ങുകയെന്ന ബുദ്ധിമുട്ടു മാത്രമേ ഇവിടുത്തെ വികാരിയച്ചന് അന്നുണ്ടായുള്ളൂ. ഞാൻ കാഞ്ഞിരപ്പള്ളി രൂപതക്കാരനാണ്. അവിടെ നടന്ന മിക്ക

തട്ടിപ്പുകേസുകളും അറിയുകയും ചെയ്യാം; പ്രതികരിക്കാറുണ്ട് - പ്രതികരിച്ചു പോകും. കാഞ്ഞിരപ്പള്ളി രൂപത സഹ്യാദ്രി ബാങ്ക് തുടങ്ങാൻ ഒരു കത്തോലിക്കാനായ ശ്രീ. വർഗ്ഗീസ് പാംപ്ലാനിയെന്ന റിസർവ്വ് ബാങ്ക് കേരള ഓഫീസിലെ അസ്സി.മാനേജരെ കൂട്ടുപിടിച്ചു; അദ്ദേഹം സഹായിക്കുകയും ചെയ്തു. ഇന്നാ മനുഷ്യൻ പള്ളിയിൽ പോകാറെയില്ല. അദ്ദേഹം എന്നോടു നേരിട്ടു പറഞ്ഞത്, അതിനുള്ളിൽ നടക്കുന്നതു വെച്ചു നോക്കിയാൽ ഓരോ അത്മായനും വിശുദ്ധരായിരിക്കണമെന്നാണ്. <pamplanil@icloud.com> വിലാസത്തിൽ ഒരു മെയിൽ അയച്ചു നോക്കുക. ബാക്കി കേൾക്കാം.

ആദ്യം സ്വയം നന്നാവൂ. അപ്പോൾ എല്ലാം നന്നാവും! ഒരു വൈദികന്റെ തന്നെ അഭിപ്രായം മുഖചിത്രമായിക്കൊടുക്കുന്നു.




**ചോദിക്കൂ പറയാം (28 06 18)**

എന്തിനായിങ്ങനെ ഷംഷാബാദ് വാദികളെ മാത്രം ബന്ധപ്പെടുത്തിയുള്ള പോസ്റ്റുകൾ എഴുതുന്നതെന്നു ചോദിച്ചാൽ എഴുതപ്പെടാതെ പോകുന്ന പല കാര്യങ്ങളെപ്പറ്റിയും അവരാണു സൂചിപ്പിക്കുന്നതെന്നതുകൊണ്ടാണെന്നു പറയാം. ഇന്നലെത്തന്നെ രണ്ടുകാര്യങ്ങൾ അവരുടെ ഗ്രൂപ്പിലെ ഒരു പോസ്റ്റിൽ നിന്നും വായിക്കാനിടയായി. ഒന്നിൽ പള്ളിമുറ്റത്ത് ചെരിഞ്ഞു നിൽക്കുന്ന പാലമരമാണ് ചിലരെന്നും പണ്ടേ വെട്ടി മാറ്റേണ്ടതായിരുന്നെന്നും അതിൽ യക്ഷികൾ കൂടു കൂട്ടുന്നുവെന്നുമൊക്കെ എഴുതിയിരുന്നു..... ആസ്വദിച്ചു വായിച്ചു

മുന്നേറിയപ്പോഴാണ് കഥ എറണാകുളത്തിനാണു നീളുന്നതെന്നു മനസ്സിലായത്. അതിന്റെ പശ്ചാത്തലം പറയാം.

ഏതാനും വർഷങ്ങൾക്കു മുമ്പ് പെരുമ്പാവൂർ സ്വദേശിനിയായ ഒരു മിടുക്കി കത്തോലിക്കാ വിദ്യാർത്ഥിനി, പരീക്ഷയിൽ നിരാശാജനകമായ ഒരു ഫലത്തോടെ തോൽക്കുകയും ഏതോ ഒരു മാനസിക വിഭ്രന്തിയിലെന്നപോലെ പെരുമാറുകയും ചെയ്തു. മന:ശാസ്ത്രജ്ഞന്മാരുടെ നിരന്തരമായ കൗൺസിലിംഗിൽ കഥ വെളിപ്പെട്ടു - ആ കുട്ടി, സാത്താൻ സഭയിൽ അംഗമായിരുന്നു. ആദ്യമായായിരുന്നു സാത്താൻ സഭയുടെ കേരളത്തിലെ പ്രവർത്തനങ്ങളെപ്പറ്റി വ്യക്തമായ ചില സൂചനകൾ കിട്ടിയത്. എറണാകുളം കേന്ദ്രമാക്കി അതിന്റെ പ്രവർത്തനം സജീവമാണ്. അതിനെപ്പറ്റി ജനയുഗം ഒരു ഫീച്ചർ പ്രസിദ്ധീകരിച്ചിരുന്നു, അതിൽ പറയുന്ന ഒരു കാര്യം മാത്രം പറയട്ടെ, കത്തോലിക്കരുള്ളിടത്താണിത് സാധനം തഴച്ചു വളരുന്നതെന്നാണവർ കണ്ടെത്തിയത്.

വീണ്ടും ഇതിനെപ്പറ്റി സജീവമായ ഒരു ചർച്ച നടന്നത്, ഫാ. രാജു കൊക്കൻ ഒരു പെൺകുട്ടിയുടെ അളവെടുത്ത സംഭവത്തിനോടനുബന്ധിച്ചാണ്. അന്നുവരെ ഏതെങ്കിലും രൂപതയിലെ ഏതെങ്കിലും വൈദികന് ഒരബദ്ധം പറ്റിയാൽ എങ്ങിനെയെങ്കിലും ഒളിപ്പിക്കാൻ അരമനകൾകൂട്ടുനിൽക്കുമായിരുന്നു. തൃശ്ശൂർ രൂപതയിലെ മദ്യവിരുദ്ധ പ്രവർത്തനങ്ങളുടെ അമരക്കാരനായിരുന്ന വികാരി ജനറൽ ഒരു രാത്രിയിൽ അഞ്ചോളം വണ്ടികൾക്കിട്ടാണിടിച്ചത്. അദ്ദേഹത്തെ മുംബേക്കു മാറ്റിയത് ഈ ഫോർമുലയുടെ ഭാഗം. ആ ഫോർമുല പക്ഷെ കൊക്കനച്ചന്റെ കാര്യത്തിൽ ഫലിച്ചില്ല. പരാതിയിൽ ഉറച്ചുനിന്ന പെൺകുട്ടിയുടെ വീട്ടുകാർ സാത്താൻ സേവകരാണെന്നു വ്യാപകമായി പ്രചരിപ്പിക്കപ്പെട്ടു - രഹസ്യമായല്ല പരസ്യമായിത്തന്നെ. ഇതിന്റെ ഒരു എളിയ പ്രയോഗം തൊടുപുഴയിൽ പ്രൊഫ. ജോസഫിന്റെ നേരെയുമുണ്ടായി. പതിയെ, വൈദികർക്കെതിരെ കേസു വരുന്ന എല്ലാ സാഹചര്യങ്ങളിലും ഇതൊരു പതിവായി - റോബിനച്ചൻ കേസിലും ആ കുട്ടിയുടെ വീട്ടുകാരെ സമാനമായി ആരോപിച്ചു തളർത്തിയാണ്, ഗർഭത്തിന്റെ ഉത്തരവാദിത്വം അപമാനിക്കപ്പെട്ട പെൺകുട്ടിയുടെ അപ്പനെത്തന്നെ ഏൽപ്പിച്ചത്. ഫാ. എഡ്വിൻ കേസിലും (എറണാകുളം) ഇത് പ്രയോഗിക്കപ്പെട്ടു. അടുത്ത കാലത്തു നടക്കുന്ന പല ധ്യാനങ്ങളിലും പൈശാചിക ശക്തികൾ സഭയിലേക്ക് ഇടിച്ചുകയറിവരുന്നുവെന്ന വെളിപാട് പലരും പറയുന്നത് ക്ലിപ്പുകളിലൂടെ കേട്ടിട്ടുണ്ട് (മുൻകൂർ ജാമ്യം). ആ വാക്കുകൾ കേൾക്കുമ്പോൾ അതു ശരിയാണെന്ന് എനിക്കു തോന്നിയിട്ടുമുണ്ട്; ഇല്ലെങ്കിൽ ഇങ്ങിനെ പറയില്ലല്ലോ! അപ്പോൾ, അഹമ്മദാബാദ് എറണാകുളമാകുന്നുവെന്നാണ് ഈ സ്നേഹിതൻ മുന്നറിയിപ്പ് തരുന്നത്. ഒരു

സാദ്ധ്യതയുമില്ല, കാരണം ഇവിടെ അത്രമാത്രം കത്തോലിക്കരില്ല. എന്നെ ഇതിന്റെ അംഗമെന്നു സംശയിക്കുന്ന രീതിയിലാണ് കാര്യങ്ങളെങ്കിൽ - ഞാൻ റീത്ത് തിവ്രവാദികൾക്കു ഭീഷണിയായെന്നു മനസ്സിലാക്കുന്നു - ചുരുക്കം, മരിച്ചടക്കിനു ചെല്ലുമ്പോൾ കണക്കു കേൾക്കാമെന്ന് (കണക്കുകളെല്ലാം തീർക്കുന്നതപ്പോഴാണല്ലൊ). അതായത്, കർത്താവീശോ മിശിഹാക്കും ശ്ലീഹന്മാർക്കും ആദ്യകാല രക്തസാക്ഷികൾക്കുമൊക്കെ കിട്ടിയതുപോലെ ഒപ്പീസില്ലാത്ത ഒരടക്ക് എല്ലാവർക്കും പ്രതീക്ഷിക്കാമെന്ന്. സബാഷ്!

ഞാൻ മഞ്ഞപ്പത്രങ്ങളിൽ എഴുതുന്നയാളാണെന്നാണ് ഒരാരോപണം. മഞ്ഞപ്പത്രങ്ങളുടെ കൂട്ടത്തിൽ ശാലോം പ്രസിദ്ധീകരണങ്ങളെയും ദീപികയെയുമൊക്കെപ്പെടുത്തി പലരും എഴുതിയതു ഞാൻ വായിച്ചിട്ടുണ്ട്. എറണാകുളത്തു നടന്ന ഭൂമികുംഭകോണം ദീപിക കണ്ടത് ഒത്തിരി കഴിഞ്ഞാ. റോബിനച്ചന്റെ കേസിൽ പെൺകുട്ടിയാണ് തെറ്റു ചെയ്തതെന്നെഴുതിയ ശാലോമും ഏതായാലും വെള്ളപ്പത്രങ്ങളുടെ കൂട്ടത്തിലല്ല. എല്ലാവർക്കുമുണ്ട് സ്ഥാപിത താൽപ്പര്യങ്ങൾ. ഉദ്ദേശിക്കുന്നത് അത്മായാശബ്ദം ബ്ലോഗ്ഗെങ്കിൽ അതിൽ ഞാനെഴുത്തിയിട്ടുണ്ട്. സഭയുടെ ചെയ്തികൾക്കെതിരെ ശബ്ദമുയർത്തിയ ആദ്യത്തെ ഓൺലൈൻ ബ്ലോഗ്ഗാണത്. അതു മഞ്ഞയാണെങ്കിലും തവിട്ടയാണെങ്കിലും ഒത്തിരിക്കാലമായി ഞാനതിൽ എഴുതിയിട്ട്. സത്യജ്വാല മാസികയുടെ കാര്യമാണെങ്കിൽ അതിൽ ഞാനെഴുതാറുണ്ട്. പക്ഷെ, അതു ലോകം മുഴുവൻ വായിക്കപ്പെടുന്നതും നിരവധി മെത്രാന്മാർ വരുത്തി വായിക്കുന്നതുമാണ് - അപ്പോളതു മഞ്ഞയായിരിക്കാനിടയില്ല. അതിനേക്കാൾ കടുംമഞ്ഞ പ്രസിദ്ധീകരണം പാലായിൽ നിന്നും പ്രസിദ്ധീകരിച്ചിരുന്നു - ജോസഫ് പുലിക്കുന്നന്റെ 'ഓശാന'. അതിൽ ഒരിക്കൽ പോലും ഞാനെഴുതിയിട്ടില്ല. ഈ ജോസഫ് പുലിക്കുന്നൻ മരിച്ചപ്പോൾ നിരവധി വൈദികരും ബിഷപ്പുമാരും വീട്ടിലെത്തിയിരുന്നു - അതു വേറൊരു കഥ. അദ്ദേഹം പറഞ്ഞ ഒരു കാര്യവും തെറ്റാണെന്നു പറയാൻ കേരളസഭയിൽ ഒരു ദൈവശാസ്ത്രജ്ഞനും ഇന്നുമായിട്ടില്ല.

ലോകമെമ്പാടുമുള്ള കത്തോലിക്കാസഭയിലെ അത്മായാ പൗരന്മാർക്ക് സ്വതന്ത്രമായി എഴുതാനും അഭിപ്രായം പറയാനുമുള്ള ഒരു ഓൺലൈൻ പോർട്ടൽ എന്റെ സ്വന്തം പേരിലുണ്ട് - Church Citizens' Voice എന്ന പേരിലുള്ള ഈ സൈറ്റിന്റെ ചീഫ് എഡിറ്റർ ഡോ. ജെയിംസ് കോട്ടൂരാണ്. സംഗതി മഞ്ഞയാണോ നീലയാണോന്നറിയാൻ www.almayasabdam.com എന്ന വെബ് അഡ്രസ്സിൽ ക്ളിക്ക് ചെയ്യുക. കൂടുതലെന്തു പറയാൻ? അതിന്റെ ഒരു പേജ് SMC4U നു വേണ്ടിയും മാറ്റി

വെച്ചിരിക്കുന്നു. സഭാനവീകരണത്തിനുവേണ്ടി റോം കേന്ദ്രമായി പ്രവർത്തിക്കുന്ന Catholic Church Reform Int'l (CCRI) എന്ന സംഘടനയുടെ ഭാരതത്തിൽ നിന്നുള്ള അഞ്ചു ബോർഡംഗങ്ങളിൽ ഒരാളാണ് ഞാൻ (www.catholicchurchreform.org/). ഈ സംഘടനയുടെ നിരവധി അഭിപ്രായങ്ങൾ മാർപ്പാപ്പാ പരിഗണിച്ചു കഴിഞ്ഞു. ഏതെങ്കിലും സാത്താന്റെ പിടിയിലാണു ഞാനെന്ന സംശയം എന്റെ സുഹൃത്തുക്കൾക്കൊ വീട്ടുകാർക്കൊ ഇതുവരെ വന്നിട്ടില്ല. SMC4Uവിൽ ചെകുത്താൻ കൂടിയവരുണ്ടോയെന്ന് അതിന്റെ അംഗങ്ങൾ നോക്കുമല്ലോ! ചെകുത്താന്റെ കാര്യമല്ലേ എപ്പോഴാ വരുന്നതെന്ന് ആർക്കറിയാം. ഏതായാലും ചെരിഞ്ഞു നിൽക്കുന്നതെല്ലാം വെട്ടണം. എങ്കിലും രാവിലെ നിവർന്നും വൈകിട്ട് ചെരിഞ്ഞും നിൽക്കുന്ന പാലമരങ്ങൾ എന്ത് ചെയ്യണം?

ഇന്ന് മുഖചിത്രമായി ഒരു അപേക്ഷാഫാറം പൂരിപ്പിച്ചത് കൊടുക്കുന്നു. സത്യം മാത്രം പറയുന്ന സീറോ മലബാർ സഭ ആസ്ട്രേലിയായിലെ North Adelaide എന്ന സ്ഥലത്ത് ഒരു പള്ളിപണിയാൻ വേണ്ടി അവിടുത്തെ സിറ്റി കൗൺസിലിൽ സമർപ്പിക്കാൻ വേണ്ടി തയ്യാറാക്കിയ സത്യവാങ്മൂലത്തിന്റെ ഫോട്ടോയാണിത്. സീറോമലബാർ മലയാളികൾക്ക് സ്വന്തം പള്ളിയിൽ കുർബാന, വേദോപാദേശം, ധ്യാനം തുടങ്ങിയ കലാപരിപാടികൾ നടത്താൻ 550 വീട്ടുകാർ 2.5 മില്യൻ ഡോളർ കൊടുത്തു വാങ്ങിയ സ്ഥലമാണിത്. ഈ ചിത്രം മറ്റൊരു കാര്യവും പറയുന്നു, ഓരോ പുതിയ രൂപതക്കും SM സഭാധികാരികൾ റോമിൽ കൊടുത്തുകൊണ്ടിരുന്ന കണക്കുകൾ ഏതാണ്ടിതുപോലുള്ളതായിരുന്നെന്ന്. എന്റെ ചോദ്യമിതാണ്; സഭക്കുള്ളിൽ സത്യത്തിനുവേണ്ടി നിലകൊള്ളുന്നുവെന്നവകാശപെടാനാവുന്ന ഒരു മാതൃകാ 'His Excellency' എവിടെ?


Council Assessment Panel Agenda 218 18 December 2017

**4. The Proposal**

The proposal is best described as follows:

"A change of land use to a place of worship."

The subject land will provide a place of worship (church) for the St. Euphrasia Syro-Malabar Catholic community residing in northern Adelaide. The community have generally migrated from Kerala which is a southern state of India.

The place of worship is proposed to comprise of the following:

- The subject land will be used as a place of worship containing 120 seats;
- Worship/mass will only occur on Sundays and recognised Catholic holidays only;
- Typical Sundays will comprise two services, with a morning service running from 8.30am to 11.00am and 4.30pm to 7:00pm (each including 1 hour mass);
- Minor religious activities are proposed on Saturdays, such as choirs and preparation of the church in readiness for Sunday mass. Such activities are anticipated to occur for short periods of time between the hours of 8am and 5pm on Saturday. A maximum of 25 people are anticipated to attend the place of worship at this time;
- Minor administrative functions will occur Monday to Friday, 8:00 am to 5:00pm. During these times the place of worship will not be open to the public;
- Minor building alterations to facilitate the change of use including an altar, seating area, a confessional, male and female toilets, a foyer, a small preparation kitchen and various rooms for the administration of the church (reception, meeting room, study rooms and priest's office);
- Extension of the existing car park to accommodate 46 car parking spaces;
- A 2.8 metre high and 1 metre wide freestanding sign located at the property frontage; and
- A cross to be fixed to the front wall of the existing building.

**5. Procedural Matters**

**5.1 Classification**

A place of worship is listed as a Non-complying form of development in the Light Industry Zone of the Playford Council Development Plan.

**5.2 Public Notification**

Due to the development not being assigned to

**ജോസച്ചൻ പറഞ്ഞ കഥ (29 06 18)**

ക്രൈസ്തവസഭ സർവ്വപ്രതിസന്ധികളെയും അതിജീവിച്ച് അതിന്റെ തനിമയിൽ എന്നെങ്കിലും വരികയാണെങ്കിൽ ഈ പ്രപഞ്ചം തന്നെ സ്നേഹത്തിന്റെ ശീലുകളിൽ അലിഞ്ഞില്ലതായിരിക്കും - ഒരു സംശയവും വേണ്ട! അവിടെ

പാരമ്പര്യത്തിനോ, അധികാരത്തിനോ, നിയമാവലിക്കോ അനുഷ്ഠാന ശാസ്ത്രത്തിനോ ഒന്നും ഒരു സ്ഥാനമുണ്ടായിരിക്കില്ല. പ്രവർത്തി ചെയ്യേണ്ട വിലയേറിയ സമയം പ്രാർത്ഥനയുടെ പേരിൽ കരിച്ചുകളയുന്ന അന്ധരായ ഭക്തരും ഉണ്ടാവില്ല. ഏതാനും വർഷങ്ങൾക്കു മുമ്പ് പാലാ നഗരത്തിലെ കിഴതടിയൂർബാങ്ക് ബ്രാഞ്ചിന്റെ അടുത്തായി ഒരു മതിലിനു മുകളിൽ ഒരു പരസ്യ ബോർഡുണ്ടായിരുന്നു. അതിലെഴുതിയിരുന്നു, 'നിങ്ങൾക്ക് വിശക്കുന്നുവോ, വരൂ'വെന്ന്. ബസ്സിൽ നിന്നിറങ്ങി ആ ബോർഡിലേക്ക് നോക്കി ഞാൻ നിന്നുപോയിട്ടുണ്ട്. ളാലം പള്ളിയിലെ വിൻസന്റ് ഡി പോൾ എന്നൊരു സ്വതന്ത്ര സംഘടനയായിരുന്നു അതു നടത്തിയിരുന്നത്. പാരമ്പര്യം മുറുകിയപ്പോൾ ആ സംഘടനയുടെ കഴുത്തിലും പിടി വീണു. ഇന്നും ആ പരിപാടി പേരിനു നടക്കുന്നുണ്ടെന്ന് കേൾക്കുന്നു, പക്ഷെ ബോർഡ് അവിടില്ല! നൂറുകൊന്തനമസ്ക്കാരം തികയ്ക്കാൻ സമയം മിനക്കെടുത്തുന്ന അമ്മമാർ ഇതുപോലൊരു ബോർഡ് അഹമ്മദാബാദിലെ ഏതെങ്കിലും വഴിയരുകിൽ തൂക്കുക. ദൈവത്തിന്റെ മുന്നിൽ അതിനേക്കാൾ ശ്രേഷ്ടമായി മറ്റൊന്ന് ചെയ്യാൻ ഉണ്ടാവണമെന്നില്ല!

ഹൃദയം നനയ്കുന്ന ഒരു കഥ പറയാം. ഒരു വനത്തിന്റെ ഓരത്ത് ഒരു വീട്ടിൽ ഒരമ്മയും അച്ഛനും കുട്ടിയും താമസിച്ചിരുന്നു. വേനലിന്റെ കാഠിന്യത്തിൽ സർവ്വതും കരിഞ്ഞുണങ്ങിയ ആ ഗ്രാമത്തിൽ മഴപെയ്തിട്ട് ഏറെനാളായിരുന്നു. കുറെ ദൂരത്തുനിന്നും അമ്മ കൊണ്ടുവരുന്ന ഒരു പാത്രം വെള്ളമായിരുന്നു, അവരുടെ ഒരു ദിവസത്തെ ഉപയോഗത്തിനുണ്ടായിരുന്നത്. ഒരു ദിവസം അമ്മ നോക്കുമ്പോൾ ഒരു കൊച്ചു മൺപാത്രവും കൈയ്യിൽപ്പിടിച്ച് വളരെ ശ്രദ്ധാപൂർവ്വം തന്റെ അഞ്ചുവയസ്സുള്ള മകൻ വനത്തിലേക്കു പോകുന്നു. ആരെങ്കിലും കാണുന്നുണ്ടോയെന്നവൻ ചുറ്റും നോക്കുന്നുമുണ്ടായിരുന്നു. അമ്മ ശ്വാസമടക്കി ഒളിഞ്ഞു നോക്കിനിന്നു; അവൻ വനത്തിനുള്ളിൽ അപ്രത്യക്ഷനാവുന്നതു കണ്ട് അമ്മ ഞെട്ടിപ്പോയെന്നു പറയാം. അൽപ്പനേരം കഴിഞ്ഞവൻ അതിവേഗം തിരിച്ചു വീട്ടിലേക്കോടി വരുന്നതും, ആ കൊച്ചു മൺപാത്രത്തിൽ വീണ്ടും വെള്ളം നിറക്കുന്നതും, ഒരു തുള്ളിപോലും തുളുമ്പാതെ വനത്തിലെക്ക് വീണ്ടും കൊണ്ടുപോകുന്നതും കണ്ടു. അവൻ കാണാതെ അമ്മയും അവനെ പിന്തുടർന്നു.

വനത്തിനുള്ളിൽ അവൻ എങ്ങോട്ടാണു പോകുന്നതെന്നു നോക്കിനിന്ന അമ്മ ഞെട്ടിപ്പോയി; പ്രസവിച്ചു കിടന്ന ഒരു ചെന്നായുടെ അരുകിലേക്കായിരുന്നവൻ പോയത്. വെള്ളമില്ലാതെ മരണാസന്നരായി മാറിയിരുന്ന ആ ചെന്നായ്ക്കുഞ്ഞുങ്ങൾക്ക് അവൻ വെള്ളം കൊടുക്കുകയായിരുന്നു. ഏതാനും

തുള്ളി വെള്ളം ചുണ്ട് നനക്കാൻ കിട്ടിയപ്പോൾ അവ ഓരോന്നായി പതിയെ എണീൽക്കുന്നതും അതിനനുസരിച്ച മോന്റെ ചുണ്ടിലെ ചിരി വലുതാകുന്നതും, നന്ദിയോടെ മകന്റെ കാലുകൾ അമ്മച്ചെന്നായ നക്കിത്തുടക്കുന്നതും ശ്വാസമടക്കിപ്പിടിച്ച് അവൾ നോക്കി നിന്നു. അവനാകട്ടെ, വീണ്ടും വെള്ളം കൊണ്ടുവരാനായിരിക്കണം വനത്തിനു പുറത്തുവന്നതേ മുന്നിൽ കണ്ണുകളിലേക്ക് തന്നെ നോക്കി നിൽക്കുന്ന അമ്മയെയാണ് കണ്ടത്.

അവന്റെ മുഖം വല്ലാണ്ടായി. ഒരു തുള്ളി വെള്ളം പോലും അനാവശ്യമായി കളയരുതെന്ന് അച്ഛനും അമ്മയും പ്രത്യേകം പറഞ്ഞിരുന്നത് അവനോർമ്മ വന്നു.

"അമ്മേ ഞാൻ...!" അവന്റെ കണ്ണുകൾ നിറഞ്ഞു തുളുമ്പിയിരുന്നു. ആ അമ്മ അവനെ ഓടിച്ചെന്നു വാരിയെടുത്ത് നിറുകയിൽ തുരുതുരാ ഉമ്മ വെച്ചു.

അപകടകാരികളായ ചെന്നായ്ക്കൾക്കാണെങ്കിലും ആപത്തുസമയത്ത് സഹാനുഭൂതിയുടെ ഒരു നാമ്പ്, എല്ലാം മറന്നു നീട്ടിയ തന്റെ കൊച്ചു മകന്റെ ഹൃദയനൈർമ്മല്യത്തിന്റെ മുന്നിൽ ആ അമ്മയ്ക്കും കരച്ചിലടക്കാനായില്ല. എല്ലാ നിയന്ത്രണങ്ങളും വിട്ട്, അതിരറ്റ സന്തോഷത്താൽ ആ അമ്മവിതുമ്പിപ്പോയി. കഥ ഇങ്ങിനെ തുടരുന്നു; ആ നിമിഷങ്ങൾക്ക് നിർവ്വികാരതയോടെ സാക്ഷ്യം വഹിക്കാൻ പ്രപഞ്ചത്തിനു പോലും കഴിഞ്ഞില്ല.

മേഘങ്ങളുടെ ഇരമ്പൽ കേട്ട് ഇരുവരും മുകളിലേക്ക് നോക്കിയപ്പോൾ ആകാശം നിറയെ മഴത്തുള്ളികളായിരുന്നു; അതൊരു പെരുമഴയാകാൻ നിമിഷങ്ങൾപ്പോലും വേണ്ടിവന്നുമില്ല!




എനിക്കൊരു ഇമെയിൽ സ്നേഹിതനുണ്ട് - ഫാ. ജോസ് കൈംലെറ്റ് എന്നാണദ്ദേഹത്തിന്റെ പേര്. ആ അച്ചൻ പറഞ്ഞ കഥയാണിത്. കുറെ വർഷങ്ങളുടെ ഒരു ബന്ധമാണ് എനിക്കദ്ദേഹവുമായുള്ളത്. 'Tonic for the Spirit', 'Points to Ponder' ഈ രണ്ടു തലക്കെട്ടുകളിലായി നല്ല സന്ദേശങ്ങൾ തരുന്ന നിരവധി കഥകൾ ഓരോ ദിവസവും ആയിരക്കണക്കിനു പേരുമായി അദ്ദേഹം പങ്കു വെക്കുമായിരുന്നു. കഥ പറയുന്ന ആ വൈദികൻ ഇന്നലെ ലോകത്തോട് വിടപറഞ്ഞു. എങ്ങിനെയെല്ലം ഒരു നല്ല ജീവിതത്തിന്റെ സന്ദേശം ലോകത്തിലെത്തിക്കാമെന്ന് സ്വജീവിതത്തിലൂടെ കാണിച്ചു കൊടുത്തു, ആ പുരോഹിതൻ. അവസാന നാളുകളിൽ ടാൻസാനിയായിൽ ഒരു ക്യാൻസർ

ചികിൽസാ കേന്ദ്രം സ്ഥാപിക്കാനദ്ദേഹത്തിനു കഴിഞ്ഞു. അദ്ദേഹത്തിന്റെ പ്രൊഫയിൽ ഒപ്പം കൊടുക്കുന്നു.

ആ നല്ല മനസ്സിനു മുന്നിൽ ഞാനും നമിക്കുന്നു - ആദരപൂർവ്വം!

**ദൈവമേ പൊറുക്കുക (30 06 18)**

അഹമ്മദാബാദിൽ ഇപ്പോൾ എന്തു സംഭവിക്കുന്നുവെന്നു ലോകം ഉറ്റു നോക്കുന്നു. ഇതെങ്ങിനെ എനിക്കു മനസ്സിലായെന്നു ചോദിച്ചാൽ SMC4U വിന്റെ ഭാരവാഹികളെ ഇതിൽ നിന്നു പിന്തിരിപ്പിക്കാൻ വേണ്ടി ആളുകൾ സമീപിപ്പിക്കുന്നത് അമേരിക്ക, ലണ്ടൻ, ചങ്ങനാശ്ശേരി മുതലായ സ്ഥലങ്ങളിൽ നിന്നാണെന്നു കേട്ടപ്പോഴാണ്. കൂടെപഠിച്ച വൈദികർ, അറിയപ്പെടുന്ന സഭാപ്രവർത്തകർ, പ്രവർത്തകരുടെ ബന്ധുക്കൾ മുതലായവരെയാണ് ഇതിലേക്ക് വലിച്ചിഴക്കുന്നത്. വളരെ ആസൂത്രിതമായ നീക്കമാണിതെന്നു മാത്രമേ ഇപ്പോൾ പറയുന്നുള്ളൂ. ഒരു പ്രാവശ്യം 'നോ' യെന്ന് പറഞ്ഞതുകൊണ്ടൊന്നും നിർത്തില്ല, രാവിലെയും വൈകിട്ടും ഇതു തുടരുന്നു. അതെന്താ ഇങ്ങിനെ ഇതെന്താ അങ്ങിനെയെന്നൊക്കെ ചൂണ്ടിക്കാണിച്ചാൽ മറുപടിയുമില്ല, മിണ്ടാട്ടവുമില്ല. എങ്ങിനെയും അഹമ്മദാബാദ് മറിക്കാം എന്നുള്ള പ്രതീക്ഷയിലാണ് ചിലർ. മുങ്ങിച്ചാവുന്നവനേക്കാൾ വലിയ കൈകാലിട്ടടി ഇപ്പോൾ നടക്കുന്നു. പ്രാർത്ഥന നിർത്തി ഇപ്പോൾ ആമാശയമുപയോഗിച്ചു ബുദ്ധിപരമായി നീങ്ങുന്നു. SMC4U വിന്റെ ഒരാളെപ്പോലും മറിക്കാൻ ഇന്നേവരെ ആർക്കും കഴിഞ്ഞിട്ടില്ല. ദിവസങ്ങൾ മുന്നോട്ടു പോകുന്നതിനനുസരിച്ച് കൂട്ടത്തിൽ നിന്നുള്ള പൊഴിച്ചിലും കൂടുന്നു. എത്രമാത്രം ഉറക്കമിളച്ചാണ് ഇവർ പ്രവർത്തിക്കുന്നതെന്നും, എന്തുമാത്രം പ്രതീക്ഷ ഇപ്പോഴും അവർക്കുണ്ടെന്നും ഓർക്കുക.

SMC4U വിന്റെ അംഗങ്ങളെ ഭീഷണിപ്പെടുത്തിയാൽ വിവരമറിയുമെന്ന് സംഘടനയും പ്രഖ്യാപിച്ചിരിക്കുന്നു. ഈ വിദ്ധ്വംസകപ്രവർത്തനങ്ങളെ മുഴുവൻ ഒന്നൊന്നായി ചോദ്യം ചെയ്യാൻ SMC4U ഇറങ്ങിക്കഴിഞ്ഞു. ആദ്യപടിയായി, കഴിഞ്ഞ ഞായറാഴ്ച്ച പ്രോട്ടോസിഞ്ചല്ലുസച്ചൻ നടത്തിയ കുർബ്ബാനക്കിടെ കുർബ്ബാന സഹായി ലയോളാഹാൾ ഓഡിറ്റോറിയത്തിൽ നടക്കുന്ന സഭാവിരുദ്ധരുടെ സമ്മേളനത്തിൽ പങ്കെടുക്കരുതെന്നഭ്യർത്ഥിച്ചതിനു സിഞ്ചെല്ലൂസച്ചനോടു മാപ്പു പറയാൻ രേഖാമൂലം ആവശ്യപ്പെട്ടു കഴിഞ്ഞു. ആ പള്ളിയിലെ വികാരിയച്ചൻ പങ്കെടുത്ത മീറ്റിംഗായിരുന്നു അതെന്നു മാത്രമല്ല ഈ സഹായിയോട് ഇത്തരം അനൗൺസ്മെന്റുകൾ പാടില്ലെന്നു പറഞ്ഞതായി

സാക്ഷാൽ തട്ടിൽ മെത്രാൻ തന്നെ SMC4U പ്രവർത്തകരെ അറിയിച്ചിരുന്നുവെന്നും ഓർക്കുക.

ജൂലൈ മൂന്നിലെ ദുക്രാനാ തിരുന്നാളിന്റെ നോട്ടീസ് ഒപ്പം കൊടുക്കുന്നു. തൽത്തേജ് സെ. ജൂഡ് പള്ളിയിൽ സെ. മേരീസ് സീറോ മലബാർ കമ്യുണിറ്റി - തീരുമാനിച്ചത് ഏതാനും പേർ - പൊതുവായ കൂടിക്കാഴ്ചയൊന്നും ഉണ്ടായില്ല. സെ. ജൂഡ് പള്ളി തിരുന്നാളാഘോഷിക്കുന്നുവെന്നല്ല, നടക്കലച്ചൻ എന്തോ നടത്തുന്നുവെന്നാണ് അറിയിപ്പ്. കടമുള്ള ദിവസമായതുകൊണ്ട് നിർബന്ധമായും എല്ലാവരും കുർബ്ബാന കണ്ടിരിക്കണമെന്ന ഓർഡർ നോട്ടീസ് അടിക്കുന്നവന്റെയായിരിക്കാനാണ് സാദ്ധ്യത. ഈ നടക്കലച്ചൻ വികാരിയാണെന്നോ അസ്സി. വികാരിയാണോയെന്നു പറഞ്ഞിട്ടുമില്ല. അസ്സി.വികാരി വേറോതോ കമ്യൂണിറ്റിയുടെ പേരിൽ എന്തെങ്കിലും നടത്തുന്നതായി വികാരിക്കുമറിയില്ല. ഇത്രയും ബുദ്ധിമാന്മാരുള്ളിടത്ത് വേറാരൊടാലോചിക്കാൻ? ലയോള പള്ളിയിലെ കാര്യങ്ങൾ തീരുമാനിക്കാനും അധികം പേരില്ല. അതു മാർത്തോമ്മാ കമ്യുണിറ്റിയാണെന്നു തോന്നുന്നു. ഈ പള്ളികളെ സെ. മേരീസ് പള്ളിയെന്നും മാർത്തോമ്മാ പള്ളിയെന്നും, കുർബ്ബാന സെന്ററെന്നും സംബോധന ചെയ്തും തുടങ്ങിയിട്ടുണ്ട്. തൽസംബന്ധമായി ശക്തമായ നിലപാടെടുക്കാൻ അഹമ്മദാബാദ് രൂപതയും തയ്യാറെടുക്കുന്നുവെന്നറിയുന്നു.

എല്ലായിടങ്ങളിലും, പ്രാദേശിക നടത്തിപ്പുകാർ പറയുന്നത് എല്ലാവരും അനുസരിച്ചോണം, കേട്ടോണം. നേരത്തെ അഹമ്മദാബാദിലെത്തിയ പല സീറോ മലബാർ വൈദികരും കരഞ്ഞുകൊണ്ടാണിവിടം വിട്ടുപോയത്. ഭരണം ഒരു പരിധി കടന്നാൽ എങ്ങിനെ ശരിയാവും? അവരു പറയും എന്തു ചെയ്യണം, എവിടെ പോകണം എന്തു പറയണമെന്നൊക്കെ. ഇപ്പോൾ അവരുടെയുള്ളിൽ നിന്നുപോലും നിസ്സഹകരണത്തിന്റെ ആഹ്വാനവും വന്നു കഴിഞ്ഞു! അഹമ്മദാബാദിലെ പ്രതിക്ഷേധം പരിധിവിട്ട് യുദ്ധത്തിലേക്ക് കടന്നതിന് ഒരു പ്രധാന കാരണം, ഈ ഏതാനും പേർ നടത്തിയ മുന്നേറ്റത്തിനു സഭാധികാരികൾ കൊടുത്ത മൗനപിന്തുണയാണെന്നു നിസ്സംശയം പറയാം. അവരെക്കൂടിപ്പിണക്കിയാൽ കേരള കത്തോലിക്കാ സഭക്ക് അഹമ്മദാബാദിൽ 'പിരിവെണ്ണാൻ' പോലും ആളുണ്ടാവില്ലായെന്നത് മറ്റൊരു കാര്യം.

ജലന്തർ മെത്രാന്റെ കേസല്ലേ വന്നിട്ടുള്ളൂ. യുദ്ധം മുറുകുന്നതിനനുസരിച്ച് സഭക്കു കൊടുക്കേണ്ട സമ്മാനം ദൈവം കൊടുത്തുകൊണ്ടിരിക്കും. ഇനിയും വരും ഇത്തരം ചരിത്രവാർത്തകൾ, ചിലപ്പോൾ അഹമ്മദാബാദിൽ നിന്നു തന്നെ!

സഭാധികാരികൾ കശക്കിയെറിഞ്ഞ നിസ്സഹായരായ പെൺകുട്ടികളുടെ ശാപം മാത്രം മതി, ഇതു ചാമ്പലാകാൻ - അത് തന്നെയാണിപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്നതും. ഫാ. ബനഡിക്ട്, മരണംവരെ ഏതോ കുമ്പസ്സാര രഹസ്യം സൂക്ഷിച്ചുവെന്നാണ് പ്രചരണം. രണ്ടദ്ധ്യായം എഴുതാൻ മാത്രമുണ്ടാ കഥകൾ. കാവുകാട്ട് പിതാവ് സത്യം മാത്രമേ പറയൂവെന്നു ബോദ്ധ്യമുണ്ടായിരുന്നവർ സാക്ഷിപ്പട്ടികയിൽ നിന്ന് അദ്ദേഹത്തെ ഒഴിവാക്കിയ കേസാണിത്. ഉപ്പു തിന്നുന്നവർ വെള്ളം കുടിക്കുമെന്നും അന്നദ്ദേഹം പറഞ്ഞതായി കേട്ടിട്ടുണ്ട്. ഹൈക്കോടതിയിൽ നിന്നും ശിക്ഷ ഒഴിവായി തിരിച്ചുവന്നിട്ടും കുർബ്ബാനവിലക്ക് ഉടനെയെങ്ങും രൂപത മാറ്റിയില്ലെന്നും ഓർക്കുക. അദ്ദേഹം സൂക്ഷിക്കുന്നുവെന്നവകാശപ്പെടുന്ന കുമ്പസാര രഹസ്യം കൈമാറിയെന്ന് കഥാകൃത്തുക്കൾ അവകാശപ്പെടുന്ന ലക്ഷണത്തോടെ നശിച്ചു നാറാണക്കല്ലുപിടിച്ച ഒരു കുടുംബം കേരളത്തിലില്ല (പലരും പറയുന്ന ലക്ഷണങ്ങൾ പല രീതികളിലാണെന്നതും ശ്രദ്ധിക്കുക). അദ്ദേഹത്തെ തൂക്കിക്കൊല്ലാൻ വിധിച്ച സെഷൻസ് ജഡ്ജി കുഞ്ഞിരാമൻ വൈദ്യർക്കും മക്കൾക്കും ദൈവാനുഗഹം സമൃദ്ധമായി ലഭിച്ച കഥകളെയുള്ളു താനും. അദ്ദേഹത്തിന്റെ മകനായിരുന്നു കേരളത്തിന്റെ മുൻ ചീഫ് സെക്രട്ടറി ഭരത് ഭൂഷൺ. ഫാ. ബനഡിക്റ്റ് മരിച്ചത് അതിവിശുദ്ധനായിട്ടായിരിക്കാം; അതിനീ കള്ളക്കഥകളെന്തിന്? ബനഡിക്റ്റച്ചന്റെ മകനെന്ന് അവകാശപ്പെടുന്ന ജോയിമോനുമായി അദ്ദേഹത്തിന് യാതൊരു ബന്ധവുമില്ലെന്ന് DNA പരിശോധന വഴി തെളിഞ്ഞെന്നാണു പള്ളിക്കഥ. DNA പരിശോധന നിലവിൽ വന്നത് ഈ സംഭവം കഴിഞ്ഞു 18 വർഷങ്ങൾക്കു ശേഷവും. കള്ളം മാത്രം പറയാൻ ആരിവരെ പഠിപ്പിച്ചു, വി. തോമസ് അക്വീനാസോ?



തൽതേജ് സെന്റ് ജൂഡ് ദേവാലയത്തിൽ

മാർതോമാശ്ലീഹായുടെ ദുക്റാന തിരുനാൾ

ഭാരതത്തിന്റെ പ്രഥമ അപ്പസ്തോലനും, നമ്മുടെ പിതാവുമായ മാർതോമാശ്ലീഹായുടെ ദുക്റാനത്തിരുനാളും, മാതൃസഭാദിനവും സംയുക്തമായി 2018 ജൂലൈ 3-ാം തിയതി വൈകുന്നേരം 7:15-ന് സമുചിതമായി ആഘോഷിക്കുന്നതാണ്.

തിരുനാൾ പരിപാടികൾ

03-07-2018 ചൊവ്വ 7-15 pm : ആഘോഷമായ തിരുനാൾ കുർബ്ബാന, ലദീഞ്ഞ്, നേർച്ച.
മുഖ്യ കാർമ്മികൻ : ഫാ. വർഗ്ഗീസ് നടക്കൽ MST

തിരുനാൾ ആഘോഷങ്ങളിൽ കുടുംബസമേതം പങ്കെടുത്ത് വിശുദ്ധന്റെ അനുഗ്രഹം പ്രാപിക്കുവാൻ എല്ലാവരെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

സ്നേഹത്തോടെ,
തൽതേജ് സെന്റ് മേരീസ് സീറോമലബാർ കമ്യൂണിറ്റിക്കുവേണ്ടി
ഫാ. വർഗ്ഗീസ് നടക്കൽ MST

Note: ദുക്റാന തിരുനാൾ കടമുള്ള ദിവസമാകയാൽ വി. കുർബ്ബാനയിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

**ഒരു സ്വപ്നത്തിന്റെ നേർക്കാഴ്ച്ച (01 01 2018)**

ഭാരതത്തിന്റെ ആത്മീയാചാര്യനെന്നു പേരെടുത്ത, പ്രസിദ്ധമായ ഭൂദാനപ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവായ വിനോബാഭാവെ ഒരിക്കലൊരു കഥ പറഞ്ഞു. ഒരിടത്ത് പണ്ഡിതന്മാരുടെ ഒരു ഗീതാസംവാദം നടക്കുകയായിരുന്നു. നിരവധി ധനാഢ്യരായ ബ്രാഹ്മണർ അവിടെയെത്തിയിരുന്നു. ഇവർ വന്നിറങ്ങിയ ആർഭാടരഥങ്ങൾ മൈദാനത്ത് നിരന്നിരുന്നു. സുദീർഘമായ പ്രഭാഷണങ്ങളും കേട്ട്, തുടർന്നു നടന്ന സംവാദത്തിലും പങ്കെടുത്തു മടങ്ങിയ ഒരു ബ്രാഹ്മണൻ അദ്ദേഹത്തിന്റെ രഥത്തിന്റെയടുത്തേക്കു മടങ്ങി. വളരെ വിചിത്രമായ ഒരു കാര്യം അയാൾ കണ്ടു; അയാളുടെ തേരാളി നിർന്നിമേഷനായി ഇരിപ്പിടത്തിൽത്തന്നെയുണ്ട്, പക്ഷെ, ഇരു കണ്ണുകളിലൂടെയും കണ്ണുനീർ ധാരധാരയായി ഒഴുകിക്കൊണ്ടിരുന്നു. മറ്റേതോ ലോകത്താണയാളെന്നു വ്യക്തമായിരുന്നു. ബ്രാഹ്മണൻ അയാളെ വിളിച്ചുണർത്തി കാര്യമന്വേഷിച്ചു. ഞെട്ടിയുണർന്നയയാൾ ചുറ്റും നോക്കിയിട്ടു പറഞ്ഞു,

"അവർ പോയി!"

"ആര്?" ബ്രാഹ്മണൻ ചോദിച്ചു. അയാൾ മടിച്ചു മടിച്ചു പറഞ്ഞു,

"ഒരു രാജാവിനെപ്പോലെ ശിരസ്സിൽ കിരീടം വെച്ചയൊരാൾ തേരാളിയായ ഒരു മനോഹരമായ രഥവും, ഒരു യോദ്ധാവിനെപ്പോലെ അമ്പും വില്ലുമണിഞ്ഞ ആരോഗ്യവാനായ ഒരു ചെറുപ്പക്കാരനും തമ്മിൽ ഒരു വലിയ തർക്കം നടക്കുകയായിരുന്നു. അതു മുഴുവൻ ഞാൻ കേൾക്കുകയായിരുന്നു.... ഇപ്പോൾ അവരെയും കാണാനില്ല...രഥവും കാണാനില്ല!"

ബ്രാഹ്മണന്റെ നാവ് അക്ഷരാർത്ഥത്തിൽ ഇറങ്ങിപ്പോയി. അകത്തു ഗീതയെപ്പറ്റി തീഷ്ണമായ സംവാദം നടക്കുന്നു, പുറത്ത് സാക്ഷാൽ കൃഷ്ണനും അർജ്ജുനനും സന്നിഹിതരുമായിരുന്നു.

ഈ കഥയോർക്കാൻ കാരണം അഹമ്മദാബാദിൽ സീറോമലബാറിന്റെ തോന്ന്യാസത്തിന് അഹമ്മദാബാദ് രൂപത വഴങ്ങിയില്ലെങ്കിൽ മലയാളം കുർബ്ബാനയിവിടെ നിർത്തും എന്ന ചില പ്രമുഖരുടെ ഒതുക്കത്തിലുള്ള പ്രഖ്യാപനം കേട്ടതാണ്. ഇന്ന് കുടുംബാംഗങ്ങളോടൊപ്പം ഞാൻ തൽത്തേജ് പള്ളിയിലെ എട്ടരക്കുള്ള ഗുജറാത്തി കുർബ്ബാനക്കുണ്ടായിരുന്നു. എനിക്കു ഗുജറാത്തി അറിയില്ല, പക്ഷെ ഒന്നും മിസ്സ് ചെയ്തതായി എനിക്കു തോന്നിയില്ല.

ഇതേ പ്രശ്നം ഇംഗ്ളണ്ടിലുമുണ്ടായി; സീറോമലബാർ 'മാസ്സ് സെന്ററു'കളിൽ ജോലിചെയ്യാൻ വേണ്ടി ഇറക്കുമതി ചെയ്യപ്പെട്ട വൈദികർക്ക് ലത്തീൻ പള്ളികളിലെ വികാരിമാരോടൊപ്പം താമസ സൗകര്യവും ഭക്ഷണവും ലത്തീൻസഭ സൗജന്യമായിക്കൊടുത്തു. ഇപ്പോൾ അഹമ്മദാബാദിൽ കണ്ടതൊക്കെ അവിടെയും നടന്നു, ലത്തീൻകാരെ അവർ ചീത്തവിളിച്ചുതുടങ്ങി; മനുഷ്യരെ മസ്തിഷ്ക പ്രക്ഷാളനം ചെയ്തു കഴുതകളാക്കുന്നത് അവർ കണ്ടു. അവരും മടുത്തു, ഒന്നൊന്നായി കൊച്ചച്ചൻമാരെ പള്ളിമുറികളിൽ നിന്നിറക്കിവിട്ടും തുടങ്ങി.

അഹമ്മദാബാദ് രൂപത ശക്തമായ നിലപാടെടുത്തു തുടങ്ങിയെന്നു മനസ്സിലാക്കുന്നു. ലയോളാഹാളിലെ വിവാദമായ 'പത്തു നാല്പതിനു തീർന്ന' മലയാളം കുർബ്ബാനയുടെ സമയം മാറ്റുന്നതിനുള്ള പ്രൊപ്പോസൽ ഇന്നു വികാരിയച്ചൻ പ്രഖ്യാപിച്ചു കഴിഞ്ഞു. ആ സമയം കുട്ടികളുടെ കുർബ്ബാനക്കുമാറ്റി, അതിനുശേഷമാണ് സീറോ മലബാർ കുർബ്ബാനക്കു സമയം കൊടുത്തിരുന്നത്. നാട്ടിൽ നടക്കുന്നതുപോലുള്ള ഉച്ചകുർബ്ബാന മാറ്റിവെച്ചാണ് അവർ സീറോ കുർബ്ബാനക്ക് സമയം കൊടുത്തിരുന്നത്. മാതൃവേദിയുടെ പേരിലും വാർഡ് മീറ്റിങ്ങുകളുടെ പേരിലും നടക്കുന്ന കോലാഹലങ്ങളും സ്വയം നിർത്തിയില്ലെങ്കിൽ

അവിടെയും നടപടിയുണ്ടാവുമെന്ന് തീർച്ചയായിട്ടുണ്ട്. അനധികൃത ചിട്ടി നടത്തി പിടിക്കപ്പെട്ടാൽ അഹമ്മദാബാദ് രൂപതയായിരിക്കുമല്ലോ അവഹേളിക്കപ്പെടുക.

വളരെ ലളിതമായി 'പെന്തക്കുസ്താ അനുഭവത്തോടെ' രമ്യമായി അവസാനിച്ച ഒരു പ്രശ്നമാണ് ഇത്രയും വഷളായിരിക്കുന്നത്. മെത്രാൻ കരണം മറിഞ്ഞതിനു ശേഷമാണ് ഇവിടെനിന്നു റോമിനു പരാതി പോയത്. അതാതു മാസം ഇവിടുത്തെ സംഭവികാസങ്ങൾ SMC4U ഇപ്പോൾ അപ്ഡേറ്റ് ചെയ്തുകൊണ്ടുമിരിക്കുന്നു.

'വേണ്ട, ഈ നഗരം പുല്ലുപോലെ നമുക്കു പിടിച്ചെടുക്കാ'മെന്ന് തട്ടിൽ പിതാവിനെ ഉപദേശിച്ച മഹാനുഭാവന് നമോവാകം!



അവൻ തന്നെയോ ഇവൻ?

വളരെ ദു:ഖത്തോടെയാണു ഞാനിന്നീ കുറിപ്പെഴുതുന്നത്. എങ്കിലും, എല്ലാം മംഗളമായി താൽക്കാലികമായി പര്യവസാനിക്കുന്നുവെന്നറിയുന്നതിന്റെ സന്തോഷവുമുണ്ട്. അഹമ്മദാബാദിനെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ ഓരോ സീറോ മലബാർ സഭാംഗവും ലജ്ജകൊണ്ടു തലതാഴ്ത്തിപ്പിടിക്കേണ്ട അവസ്ഥയാണിന്ന്. ഇവിടുത്തെ പ്രവാസീവിശ്വാസികൾക്ക് അവർ ആഗ്രഹിക്കുന്നുവെങ്കിൽ സീറോ മലബാർ പൈതൃകം നഷ്ടപ്പെടാതെതന്നെ അവർ പങ്കെടുത്തുകൊണ്ടിരുന്ന ലത്തീൻ റീത്തിൽ തുടരാമെന്നും, അവിടെനിന്നു കൂദാശകൾ സ്വീകരിക്കാമെന്നും, അതിന്മേലുള്ള നടപടികൾ അതാതു വികരിമാരാണു ചെയ്യേണ്ടതെന്നും കേരളത്തിൽ തിരിച്ചെത്തിയാൽ എവിടെയായിരുന്നോ അതേ പള്ളിയിൽ അവർക്കു തുടരാൻ യാതൊരു ബുദ്ധിമുട്ടുമില്ലെന്നും കാനോൻ നിയമത്തിലുണ്ടെന്നും, അതിൻ പ്രകാരം മാർപ്പാപ്പാ

ഉത്തരവിറക്കിയിട്ടുണ്ടെന്നും ആ അവകാശം തങ്ങൾക്കു വേണമെന്നുമേ അഹമ്മദാബാദിലെ വിശ്വാസികൾ ആവശ്യപ്പെട്ടുള്ളൂ. അതാർക്കും മനസ്സിലായില്ല - മനസ്സിലാകാഞ്ഞവരിൽ ഷംഷാബാദ് രൂപതയുടെ അഭിവന്ദ്യബിഷപ്പ്, കല്യാണ രൂപതയിൽ സ്തുത്യർഹമായി ജോലിചെയ്ത് പരിചയസമ്പന്നനായ എലവത്തിങ്കലച്ചൻ, അഭിഷിക്തരായും അഭിശപ്തരായും അവരുടെ കീഴെ വൈദികരായും അത്മായരായുമുള്ള കുറേപ്പേരുമുണ്ട്.

ദാ... ഇപ്പോളെല്ലാവർക്കും സംഗതി മനസ്സിലായിക്കഴിഞ്ഞു. കഴിഞ്ഞദിവസം ഉത്തരവാദിത്വപ്പെട്ട ഒരു വൈദികനിൽ നിന്ന് കേൾക്കാൻ കഴിഞ്ഞത് തത്സബന്ധമായ ഉത്തരവുകൾ ഉടൻ തന്നെ ഉണ്ടാവുമെന്നാണ്. അതിന്റെ ചെരിവാണ് പാരമ്പര്യവാദികളുടെ പോസ്റ്റുകളിൽ ഇപ്പോൾ കണ്ടുവരുന്നതും. ഒരു വൈദികൻ പറഞ്ഞത്, ലത്തീൻ റീത്തിൽ വിവാഹം കൂദാശ ചെയ്യപ്പെട്ട സീറോമലബാർ വിശ്വാസികൾക്കുണ്ടായ കുട്ടികൾ അവിഹിത സന്തതികളാണെന്നാണ്. മറ്റൊരു വിദ്വാൻ പറഞ്ഞത്, SMC4U അംഗങ്ങളെല്ലാം പാഷണ്ഡത പഠിപ്പിക്കുന്നുവെന്നാണ്. എന്തുകൊണ്ടാണ് തിയോളജിയിൽ ഗ്രിഗോറിയൻ യൂണിവാഴ്സിറ്റിയിൽ നിന്നും ഡോക്ടറേറ്റ് വാങ്ങി പുറത്തിറങ്ങിയവരെ വെറും ഡോക്ടറെന്നു വിളിക്കുന്നതെന്ന് ഇനി ഞാൻ പറയണോ? എലവുത്തിങ്കലച്ചൻ പഠിച്ച അതേ കോളേജിൽനിന്നാണ് തട്ടിൽപ്പിതാവും ഡോക്ടറേറ്റെടുത്തതെന്നാണ് ഇലവുത്തിങ്കലച്ചൻ തന്നെ പറയുന്നത്. അദ്ദേഹം പ്രോട്ടോസിഞ്ചെല്ലൂസും തട്ടിൽപ്പിതാവു മെത്രാനും! എന്തുമാത്രം തകർച്ചയിലേക്കായിരിക്കും ഷംഷാബാദ് രൂപത പോകുന്നതെന്നു ചിന്തിക്കാവുന്നതേയുള്ളൂ. തട്ടിൽപ്പിതാവ് അവസരം കിട്ടുമ്പോഴെല്ലാം, അതു കൽക്കട്ടായിലാണെങ്കിലും ഡൽഹിയിലാണെങ്കിലും ആവശ്യപ്പെടുന്നു, ഷംഷാബാദിനു വേണ്ടി പ്രാർത്ഥിക്കണമെന്ന് - ഒരിക്കലും കേൾക്കാത്തത്ര ദൈന്യതയോടെ. അവിടുള്ളടത്തോളം പൊട്ടന്മാർ വേറൊരിടത്തും ഇല്ലല്ലൊ! ഇവിടെ മലങ്കര റീത്തിലും കുർബ്ബാന നടക്കുന്നുണ്ട്; അവർ കുർബ്ബാന നടത്തുന്നു പിരിഞ്ഞു പോകുന്നു. നമ്മുടെ കാര്യം വരുമ്പോഴോ? മലപ്പുറം കത്തി, ജപ്പാൻ തോക്ക്, ഇരുമ്പ് ബോംബ്, കുന്തം, കുടച്ചക്രം.... അവസാനം പവനായി ശവമാകുന്നു!

അവരോടൊപ്പം അവർ പറഞ്ഞതു മുഴുവൻ വിശ്വസിച്ച് അവർ പറഞ്ഞതിനുവേണ്ടി പൊരുതിയ നിരവധി അത്മായരുണ്ട് - ഒക്കെ ഞാനറിയുന്നവരോ, സ്നേഹിതരോ ബന്ധുക്കളോ തന്നെ. അതിൽ വ്യക്തിപരമായി എന്നെ അവഹേളിക്കാൻ ശ്രമിച്ചവരുമുണ്ട്, വളരെ മാന്യമായി അഭിനന്ദിച്ചവരുമുണ്ട്. ഉത്തരവാദിത്ത്വപ്പെട്ട പ്രൊഫഷനുകളിൽ ഇരിക്കുന്ന അവരിൽ ചിലർക്കും കാനോനിൽ ഇംഗ്ളീഷിൽ എഴുതിയവയുടെ അർത്ഥം മനസ്സിലായില്ല. അവരുടെ ഔദ്യോഗിക ജീവിതത്തിൽ ഈ ഭാഷാദോഷം ഗുരുതരമായ ഭവിഷ്യത്തുകൾക്കു കാരണമാകുമെന്നു പ്രത്യേകം പറയേണ്ടതില്ലല്ലൊ. അത്തരക്കാർ സീറോമലബാർ അത്മായരുടെ പ്രതിനിധികളായി വന്നാലത്തെ സ്ഥിതിയും അഹമ്മദാബാദുകാരെ ഞാൻ പഠിപ്പിക്കേണ്ടതുണ്ടോ?

എല്ലാ അഭിവന്ദ്യരോടും വിനീതമായി അഭ്യർത്ഥിക്കുന്നു, കേരളസഭയെ സംബന്ധിച്ചിടത്തോളം ആകമാനാപമാനത്തിനു വിധേയരായി തലയിൽ മുണ്ടുമിട്ട് നടക്കുകയല്ല നമ്മുടെ ദൗത്യം. പകരം, എവിടെയാണു തെറ്റുപറ്റിയതെന്നു സസൂഷ്മം നിരീക്ഷിച്ചു തിരുത്തേണ്ടിടത്ത് തിരുത്തുകയാണു വേണ്ടത്. എന്റെ പാസ്സ്പോർട്ടിന്റെ കാലാവധി കഴിഞ്ഞു, പാസ്സ്പോർട്ട് കൃപാസനം പത്രത്തിൽ വെച്ച് പ്രാർത്ഥിച്ചു, ഫലമുണ്ടായി. അതിൽ വിസാ അടിച്ചു കിട്ടി! ഏതെങ്കിലും എയർപോർട്ടിന്റെ അരികിലൂടെയെങ്കിലും ഒരിക്കലെങ്കിലും പോയിട്ടുള്ളവരോടു ചോദിച്ചാൽ അവർ പറയും ഈ പാസ്സ്പോർട്ടുമായി ഒരാൾ അവിടെ ചെന്നാൽ എന്ത് സംഭവിക്കുമെന്ന്. നിരവധി പോരായ്മകൾ സഭയിലുണ്ടെങ്കിലും ക്ഷമിച്ചും സഹിച്ചുമൊക്കെ കഴിഞ്ഞു പോന്ന എന്റെ ഭാര്യയോട് വട്ടായിയച്ചന്റെ കാര്യം പറഞ്ഞാൽ, ഞാനില്ലായെന്നു പറയും. അതിരംപുഴയിൽ ഒരു സ്ത്രീയ്ക്ക് വട്ടായിയച്ചൻ ആശീർവ്വദിച്ചു കൊടുത്ത മണ്ണ് കായ്ക്കാത്ത തെങ്ങിൻചുവട്ടിൽ കൊണ്ടിട്ടപ്പോൾ സംഭവിച്ചതിന്റെ വിവരണം ഒരു ക്ലിപ്പിൽ കണ്ടതിനു ശേഷമാണ് ഇത് സംഭവിച്ചത്. എത്രയോ ആയിരങ്ങളെ ഇപ്പോഴും കഴുതകളായി ഈ അധികാര വർഗ്ഗം മേയിച്ചുകൊണ്ട് നടക്കുന്നു. ഞാനാവർത്തിക്കുന്നു, കേരളകത്തോലിക്കാ സഭ ഇപ്പോൾ അനുഭവിച്ചുകൊണ്ടിരിക്കുന്നത് ദൈവശിക്ഷയാണ് - ഒരു സംശയവും വേണ്ട! ഇതൊരവസരമാണ്, എവിടെയാണ് തെറ്റുപറ്റിയതെന്ന് കണ്ടുപിടിക്കാൻ.

തിരുത്തലുകൾ ആവശ്യപ്പെട്ടുകൊണ്ട് ഡൽഹിയും അമേരിക്കയും ഇംഗ്ളണ്ടും കല്യാണും ചെന്നൈയുമൊക്കെ .... പൊരുതി, ഇപ്പോഴും പൊരുതുന്നു. മുമ്പു ഞാൻ പറഞ്ഞിരുന്നു ഇത്രയും അഗ്നിയും ഉള്ളിൽത്തിരുകി നടക്കുന്ന മറ്റൊരു മതം ലോകത്തില്ലെന്ന്. ഇവരൊക്കെ പറയാതെ പറയുന്ന ഒരു കാര്യമുണ്ട് - അവരുടെ സങ്കൽപ്പത്തിലെ സഭ ഇതല്ല!